**പന്ത്രണ്ടാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2010-2011)

## നാൽപ്പതാമത് റിപ്പോർട്ട്

(2011 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002 മുതൽ 2005
വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള
ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2010-2011)

## നാൽപ്പതാമത് റിപ്പോർട്ട്

(2011 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

378/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 54 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010–2011)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. എം. ദിനേശ് മണി

<u>അംഗങ്ങൾ</u> :

ശ്രീ. എൻ. അനിരുദ്ധൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, കെ. കെ. ദിവാകരൻ

,, എം. ജെ. ജേക്കബ്

,, കെ. മുഹമ്മദുണ്ണി ഹാജി

,, എം. മുരളി

,, പി. റ്റി. എ. റഹീം

,, വി. ശിവൻകുട്ടി

,, വി. ജെ. തങ്കപ്പൻ

,, തോമസ് ചാഴികാടൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി

ശ്രീമതി കെ. എ. അച്ചാമ്മ, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ നാൽപ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2011 ഫെബ്രുവരി മാസം 21-ാം തീയതിയിൽ ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്. ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

സി. എം. ദിനേശ് മണി,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2011 ഫെബ്രുവരി 23.

# റിപ്പോർട്ട്

## പാലക്കാട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ

## വാണിയംകുളം ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുഴൽക്കിണർ നിർമ്മാണം—അധിക തുക നൽകിയത് നിരാകരിക്കുന്നു.**

1998-1999 വർഷം വിവിധ ഫണ്ടുകളുപയോഗിച്ച് വിവിധ കോളനികളിൽ 10 കുഴൽക്കിണറുകൾ കുഴിക്കുന്നതിനും I.S.I. മാർക്കുള്ള മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിനും ക്വട്ടേഷൻ ക്ഷണിച്ചതനുസരിച്ച് ആകെ അഞ്ച് ക്വട്ടേഷനുകൾ ലഭിച്ചു. ഓരോ ഇനത്തിനും പ്രത്യേകം നിരക്ക് കാണിക്കണം എന്നായിരുന്നു ക്വട്ടേഷൻ വ്യവസ്ഥ. പ്രസ്തുത ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത നാഷണൽ ബോർവെൽസ്, ആലത്തൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് പ്രവൃത്തി നടത്തിക്കുകയും ആകെ 3,33,827 രൂപ പ്രസ്തുത സ്ഥാപനത്തിനു നൽകുകയും ചെയ്തിട്ടുണ്ട്.

ക്വട്ടേഷൻ വ്യവസ്ഥ അനുസരിച്ച് മറ്റു സ്ഥാപനങ്ങൾ ഹാൻഡ് പമ്പിന്റെയും പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിന്റെയും നിരക്കുകൾ ക്വാട്ട് ചെയ്തിരിക്കുന്നത് 30 മീറ്റർ G.I. പൈപ്പിന്റെയും അനുബന്ധങ്ങളുടെയും വില ഉൾപ്പെടെയാണ്. എന്നാൽ നാഷണൽ ബോർവെൽസ് എന്ന സ്ഥാപനം, മറ്റു ചെലവുകൾ എന്ന ഇനത്തിൽ ഉൾപ്പെടുത്തി 195 രൂപ നിരക്കിൽ ഒരു മീറ്റർ G.I. പൈപ്പിന്റെ വില പ്രത്യേകമായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പൈപ്പിന്റെ വിലയും കൂടി ഉൾപ്പെടുത്തി പരിഗണിക്കുമ്പോൾ (195 x 30=5850) പ്രസ്തുത സ്ഥാപനത്തിന്റെ നിരക്ക് 31,540 രൂപ ആണ്. ഈ നിരക്ക് അടിസ്ഥാനപ്പെടുത്തി ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പരിഗണിച്ചിരുന്നുവെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്ക് ശ്രീ. ടി. കെ. സേതുമാധവൻ എന്ന വ്യക്തിയുടേതാകുമായിരുന്നു. (തുക 26,350 രൂപ), നാഷണൽ ബോർവെൽസിന്റെ യഥാർത്ഥ നിരക്ക് ബോധപൂർവ്വം തെറ്റായി കാണിച്ച് ടാബുലേഷൻ തയ്യാറാക്കി, കുറഞ്ഞ നിരക്ക് എന്നു കാണിച്ച് പ്രവൃത്തി ഏൽപ്പിക്കുകവഴി പഞ്ചായത്ത് ഫണ്ടിന് മൊത്തം 80,571 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. [നാഷണൽ ബോർവെൽസിന് നൽകിയ തുക 3,33,827—2,53,256 (കുറഞ്ഞ നിരക്കിൽ ചെലവാകുമായിരുന്ന തുക)=80,571 രൂപ] കൂടാതെ, ചെയ്ത പ്രവൃത്തിയുടെ അളവ്, ഗുണമേന്മ എന്നിവ സാങ്കേതിക വിദഗ്ദ്ധനെക്കൊണ്ട് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ നിരാകരിച്ചതൊഴികെയുള്ള 2,53,256 രൂപ തടസ്സപ്പെടുത്തുന്നു.

സ്ഥാപിത താൽപ്പര്യ സംരക്ഷണത്തിനുവേണ്ടി, ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ബോധപൂർവ്വം വരുത്തിയ തിരിമറിയാണ് ഈ നഷ്ടത്തിന് ഇടയാക്കിയത്. സ്വകാര്യ താൽപ്പര്യ സംരക്ഷണത്തിനുവേണ്ടി പൊതുപണം നഷ്ടപ്പെടുത്തുന്നതിന് യാതൊരു നീതീകരണവുമില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2002-03) ഖണ്ഡിക VII.1.9.1].

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:—

1. "പഞ്ചായത്തിനു നഷ്ടം വന്നിട്ടുള്ള 80,571 രൂപയുടെ ഉത്തരവാദിത്തം പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും തുല്യമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കുമാരനും, പഞ്ചായത്ത് സെക്രട്ടറി ശ്രീ. ശങ്കരനും, 26-6-2007-ൽ പഞ്ചായത്തിൽ നിന്നും കത്തു നൽകിയിട്ടുണ്ട്. എന്നാൽ ആയതിൽ നടപടിയൊന്നും ഇല്ലാത്തതു കൊണ്ട് മേൽപ്പറഞ്ഞ 2 പേർക്കും 11-10-2007-ലെ 748/02-ാം നമ്പർ പ്രകാരം സംഖ്യ വസൂലാക്കുന്നതിന് ആർ.ആർ. നോട്ടീസ് കൊടുത്തിട്ടുണ്ട്. നോട്ടീസിലെ സമയപരിധിക്കുശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്."

2. ജി.ഐ. പൈപ്പിന്റെ വില പ്രത്യേകം കാണിച്ച് ഹാൻഡ് പൈപ്പിന്റെയും പ്ളാറ്റ്ഫോം നിർമ്മിക്കുന്നതിന്റെയും നിരക്കുകൾ മാത്രം ക്വാട്ട് ചെയ്തുകൊണ്ടുള്ള ക്വട്ടേഷനാണ് നാഷണൽ ബോർവെൽസ്, ആലത്തൂർ നൽകിയത്. പൈപ്പിന്റെ വില കൂടി ഉൾപ്പെടുത്തിയ ടാബുലേഷൻ സ്റ്റേറ്റുമെന്റ് പരിഗണിക്കുമ്പോൾ നാഷണൽ ബോർവെൽസിന്റെ നിരക്ക് 31,540 രൂപയായി ഉയരും. ഇതേ സമയം 26,350 രൂപയുടെ കുറഞ്ഞ ക്വട്ടേഷൻ ശ്രീ. ടി. കെ.സേതുമാധവൻ എന്നൊരാൾ സമർപ്പിച്ചിരുന്നു. എന്നാൽ ഈ ക്വട്ടേഷൻ പരിഗണിക്കാതെ നാഷണൽ ബോർവെൽസ്, ആലത്തൂരിനു ക്വട്ടേഷൻ നൽകുകവഴി പഞ്ചായത്തിനു 80,571 രൂപയുടെ നഷ്ടം സംഭവിച്ചതായി സമിതി വിലയിരുത്തി. ഇതു സംബന്ധിച്ച് പ്രവൃത്തി നടന്നകാലത്തെ ഗ്രാമപഞ്ചായത്തു സെക്രട്ടറിക്ക് എന്ത് വിശദീകരണമാണു നൽകാനുള്ളത് എന്നു സമിതി ആരാഞ്ഞു. ക്വട്ടേഷൻ പഞ്ചായത്തു കമ്മിറ്റി അപ്രൂവ് ചെയ്തതിന് ശേഷമാണ് അതിന്റെ സാങ്കേതികത്വം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചർച്ച ചെയ്തതെന്നും വാട്ടർ അതോറിറ്റിയുടെ ഉപദേശമനുസരിച്ച് ക്വട്ടേഷനിൽ ഹാൻഡ് പൈപ്പിന്റെ സ്പെസിഫിക്കേഷനിൽ ഭേദഗതി വരുത്തി മാർക്ക്-2 ഹാൻഡ് പൈപ്പ് വാങ്ങാൻ തീരുമാനമെടുക്കുകയാണുണ്ടായതെന്നും വാണിയംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി. സി. ശങ്കരൻ സമിതിയിൽ വിശദീകരിച്ചു. എന്നാൽ മുൻ സെക്രട്ടറിയുടെ ഈ വാദം തെളിയിക്കുന്നതരത്തിൽ ഏതെങ്കിലും രേഖ ഹാജരാക്കുവാൻ കഴിയുമോ എന്ന സമിതിയുടെ ചോദ്യത്തിന് മുൻ സെക്രട്ടറി ശ്രീ. പി. സി. ശങ്കരൻ മറുപടി നൽകുകയുണ്ടായില്ല.

3. ക്വട്ടേഷനിലെ സ്പെസിഫിക്കേഷനിലുണ്ടായ മാറ്റമനുസരിച്ച് മാർക്ക്-2-ഹാൻഡ് പമ്പ് സപ്ലൈ ചെയ്യുവാനുള്ള സന്നദ്ധത അറിയിക്കണമെന്നു കാണിച്ച് രണ്ടാമതും കത്ത് കൊടുത്തപ്പോൾ മാർച്ച് മാസം കഴിയാറായതിനാൽ തങ്ങൾക്ക് സപ്ലൈ ചെയ്യാൻ കഴിയില്ല എന്ന് കാണിച്ച് കുറഞ്ഞ റേറ്റ് ക്വാട്ടു ചെയ്ത ശ്രീ. ടി. കെ. സേതുമാധവൻ കത്ത് നൽകുകയുണ്ടായി എന്നും നാഷണൽ ബോർവെൽസ്, ആലത്തൂർ മാത്രമാണ് അപ്പോൾ ക്വട്ടേഷൻ തന്നതെന്നും, പ്രസ്തുത ക്വട്ടേഷന്റെ കാലാവധി മാർച്ച് 31-ന് അവസാനിക്കുമെന്നതിനാൽ പഞ്ചായത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനു വേണ്ടിയാണ് നാഷണൽ ബോർവെൽസിന് ക്വട്ടേഷൻ നൽകിയതെന്നും വാണിയംകുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

4. ശ്രീ. ടി. കെ. സേതുമാധവനുമായി നെഗോഷ്യേറ്റ് ചെയ്തതായി ഫയലിൽ രേഖയുണ്ടോയെന്നു സമിതി ആരാഞ്ഞതിന് കുറേ വൗച്ചറുകൾ കാൺമാനില്ലെന്നും ഇതു സംബന്ധിച്ച രേഖകൾ പലയിടത്തായി ചിതറിക്കിടക്കുകയാണെന്നും അവ കണ്ടെത്താനുള്ള പരിശ്രമത്തിലാണെന്നും വാണിയംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. 80,571 രൂപയുടെ നഷ്ടം പഞ്ചായത്തിനു ഉണ്ടായതായുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ എന്തു തുടർനടപടിയാണ് പഞ്ചായത്ത് കൈക്കൊണ്ടതെന്ന സമിതിയുടെ ചോദ്യത്തിന് ഈ നഷ്ടത്തിനുത്തരവാദികളായ പഞ്ചായത്തു പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് 11-7-2007-ന് ആർ.ആർ. ഡിമാന്റ് നോട്ടീസും അതിനുശേഷം റവന്യൂ റിക്കവറിക്കായി 8-4-2008-ൽ ജില്ലാ കളക്ടർക്ക് അപേക്ഷയും നൽകിയിട്ടുണ്ടെന്ന് വാണിയംകുളം ഗ്രാമപഞ്ചായത്തു സെക്രട്ടറി സമിതിയെ അറിയിച്ചു.

5. ക്വട്ടേഷനുകളുടെ വിശദമായ പരിശോധന പഞ്ചായത്തു സെക്രട്ടറി തലത്തിലാണ് നടത്തേണ്ടിയിരുന്നതെന്നും നാഷണൽ ബോർവെൽസ് പൈപ്പിന്റെ വില ഉൾപ്പെടുത്താതെ മറ്റിനങ്ങൾക്ക് മാത്രമുള്ള റേറ്റാണ് ക്വട്ടേഷനിൽ കാണിച്ചിരുന്നതെന്നും പൈപ്പിന്റെ വില കൂടി ഉൾപ്പെടുത്തുമ്പോൾ അന്തിമ തുക കൂടുതലായിരിക്കുമെന്ന് കമ്മിറ്റിയുടെ എക്സ് ഒഫീഷ്യോ മെമ്പറായ സെക്രട്ടറി തന്നെയായിരുന്നു ക്വട്ടേഷൻ പരിഗണിച്ച പഞ്ചായത്തു സമിതി യോഗത്തിൽ ചൂണ്ടിക്കാട്ടേണ്ടിയിരുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി. അപ്രകാരം ചെയ്യാതിരുന്നതിനാലും പഞ്ചായത്തു കമ്മിറ്റി തീരുമാനത്തിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്താതിരുന്നതിനാലും ഇക്കാര്യത്തിൽ സെക്രട്ടറി മാത്രമാണ് ഉത്തരവാദിയെന്ന് സമിതി വ്യക്തമാക്കി.

6. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിലുള്ള ക്രമക്കേടിന് പഞ്ചായത്ത് പ്രസിഡന്റ് എങ്ങനെയാണ് ഉത്തരവാദിയാകുന്നത് എന്ന് സമിതി ഓഡിറ്റ് വകുപ്പിനോട് ആരാഞ്ഞതിന് പഞ്ചായത്ത് രാജ് ചട്ടപ്രകാരം പ്രസിഡന്റാണ് ടാബുലേഷൻ സ്റ്റേറ്റ്മെന്റ് അംഗീകരിക്കേണ്ടതെന്നും മുൻ സെക്രട്ടറി തയ്യാറാക്കിയ ടാബുലേഷൻ സ്റ്റേറ്റുമെന്റിനകത്ത് കുഴൽ കിണറിന്റെ കാര്യത്തിൽ റേറ്റിൽ കോംപ്ലിക്കേഷനുണ്ടായിരുന്നെങ്കിൽ ഒരു എഞ്ചിനീയറുടെ അഭിപ്രായം ആരായേണ്ടതായിരുന്നുവെന്നും ഇവിടെ അപ്രകാരം ചെയ്തിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വ്യക്തമാക്കി.

7. ഒരു പ്രവൃത്തിയോടനുബന്ധിച്ച് ലഭിക്കുന്ന വിവിധ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതും പ്രോസസ് ചെയ്ത് പഞ്ചായത്തു കമ്മിറ്റിയിൽ വയ്ക്കുന്നതും പഞ്ചായത്തു സെക്രട്ടറിയാണെന്നിരിക്കെ അതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് ചൂണ്ടിക്കാട്ടേണ്ട ചുമതലയും ടിയാനു തന്നെയാണെന്നും അപ്രകാരം ചെയ്തില്ലെങ്കിൽ അതിനുത്തരവാദി സെക്രട്ടറി മാത്രമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

8. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ തെളിവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് രേഖാമൂലം ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് വാണിയംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും മുൻ സെക്രട്ടറി ശ്രീ. പി. സി. ശങ്കരനോടും സമിതി 13-8-2008-ൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതു സംബന്ധിച്ച യാതൊരു രേഖയും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

9. **ക്വട്ടേഷനുകളിൽ നൽകിയിരുന്ന റേറ്റുകളിൽ ഉള്ള വ്യത്യാസം ചൂണ്ടിക്കാണിക്കേണ്ടിയിരുന്നതും, പഞ്ചായത്തു കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തേണ്ടിയിരുന്നതും പഞ്ചായത്തു സമിതി തെറ്റായ തീരുമാനം കൈക്കൊണ്ടപ്പോൾ അതിനെതിരെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തേണ്ടിയിരുന്നതും, പഞ്ചായത്തുസെക്രട്ടറിയുടെ ഉത്തരവാദിത്വമായിരുന്നതിനാൽ കുഴൽ കിണർ നിർമ്മാണത്തിന് അധിക തുക നൽകുകവഴി പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് പൂർണ്ണ ഉത്തരവാദി സെക്രട്ടറിയാണെന്നും നഷ്ടം ഉണ്ടായിട്ടില്ലെന്ന് തെളിയിക്കുന്നതരത്തിൽ രേഖകൾ ഒന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പാക്കിയ കാലഘട്ടത്തിലെ പഞ്ചായത്തു സെക്രട്ടറി ശ്രീ. പി. സി. ശങ്കരനിൽ നിന്നും നഷ്ടത്തുകയായ 80,571 രൂപ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പഞ്ചായത്തു പ്രസിഡന്റിന്റെമേൽ ചുമത്തിയിരിക്കുന്ന നഷ്ടോത്തരവാദിത്വത്തിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.**

## ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ടെണ്ടർ വിളിച്ചു നൽകിയ പ്രവൃത്തികൾക്ക് സി. പി. നൽകിയത് നിരാകരിക്കുന്നു.**

1999-2000 വർഷത്തിൽ ജനകീയാസൂത്രണത്തിൽപെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ വിളിച്ച് കോൺട്രാക്ടർമാരെ ഏൽപ്പിച്ച വിവിധ പ്രവൃത്തികൾക്ക് 10% വീതം സി.പി. നൽകുകവഴി പഞ്ചായത്ത് ഫണ്ടിന് മൊത്തം 45,413 രൂപ നഷ്ടമുണ്ടായി. പഞ്ചായത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് കോൺട്രാക്ടർമാർ ടെണ്ടർ നൽകിയത്. അവയിലൊന്നും തന്നെ സി.പി. ഉൾപ്പെടുത്തിയിരുന്നില്ല. കോൺട്രാക്ടർമാർ ആവശ്യപ്പെടുകയോ ടെണ്ടർ അംഗീകരിക്കപ്പെടുമ്പോൾ പഞ്ചായത്ത് കമ്മിറ്റി സി.പി. കൊടുക്കുമെന്ന് വ്യക്തമാക്കുകയോ ചെയ്യാതെ ചെലവു ചെയ്ത ടി തുക ആഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2002-03) ഖണ്ഡിക VII.1.9.2].

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

10. "10-6-2002-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ആഡിറ്റ് റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി ബന്ധപ്പെട്ട സെക്രട്ടറിയായ ശ്രീ. ടി. ശ്രീധരൻ 1-6-2002-ന് നേരിട്ട് കൈപ്പറ്റിയിട്ടുണ്ട്. ശ്രീ. ശ്രീധരൻ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിരിക്കുന്നു. തുക ഈടാക്കുന്നതിന് 25-9-2007-ന് ശ്രീധരന് രജിസ്റ്റേർഡ് കത്ത് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട കോൺട്രാക്ടർമാർക്കും രജിസ്റ്റേർഡ് കത്തുകൾ 25-9-2007-ന് നൽകിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു."

11. ടെണ്ടർ വിളിച്ചു നൽകിയ പ്രവൃത്തികൾക്ക് 10 ശതമാനം സി.പി. നൽകുകവഴി പഞ്ചായത്തിനു നഷ്ടം സംഭവിച്ച തുകയായ 45,413 രൂപ മുൻ സെക്രട്ടറി

ശ്രീ. ടി. ശ്രീധരന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും ഈടാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന സമിതിയുടെ ചോദ്യത്തിന് 16-1-2008-ന് നിയമപ്രകാരം ടിയാന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടെന്നും ശ്രീ. ശ്രീധരനും വിവരമറിയിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

12. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 5-9-2008-ന് 1159/2000 നമ്പർ കത്തു പ്രകാരം ശ്രീ. ടി. ശ്രീധരന്റെ ബാദ്ധ്യത തുക ഡി.സി.ആർ.ജി.യിൽ നിന്നു പിടിച്ച് ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ അക്കൗണ്ടന്റ് ജനറലിനും പാലക്കാട് സബ് ട്രഷറി ഓഫീസർക്കും കത്തു നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 6-2-2009-ലെ കത്തുപ്രകാരം സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

13. **പഞ്ചായത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റിലോ കോൺട്രാക്ടർമാർ നൽകിയ ടെണ്ടറിലോ സി. പി. ഉൾപ്പെടുത്താതിരിക്കെ ടെണ്ടർ വിളിച്ചു നൽകിയ പ്രവൃത്തികൾക്ക് 10 ശതമാനം സി. പി. നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് സമിതിക്ക് വ്യക്തമാകുന്നില്ല. ടെണ്ടറുകൾ അംഗീകരിച്ചപ്പോൾ പഞ്ചായത്തു കമ്മിറ്റി സി.പി. നൽകുമെന്ന് വ്യക്തമാക്കിയിട്ടുമില്ല. ഈ സാഹചര്യത്തിൽ സി.പി. നൽകിയത് അനധികൃതമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ അനധികൃതമായി സി. പി. നൽകുകവഴി പഞ്ചായത്തിനുണ്ടായ നഷ്ടമായ 45,413 രൂപ അന്നത്തെ പഞ്ചായത്തു സെക്രട്ടറി ശ്രീ. ടി. ശ്രീധരനിൽ നിന്നും ഈടാക്കുന്ന നടപടി ത്വരിതപ്പെടുത്തി അന്തിമ മറുപടി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## കോട്ടായി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**D & O ലൈസൻസ് ഫീ—പിരിച്ചതിൽ കുറവ്**

എൽ.ജി. ടയർ ആന്റ് ട്രെഡ്, കോട്ടായി എന്ന സ്ഥാപനത്തിന്റെ D & O ലൈസൻസ് ഫീ 1997-1998 മുതൽ 2000-2001 വരെയുള്ള കാലയളവിലേക്ക് പ്രതിവർഷം 18,000 രൂപ പ്രകാരം മുൻകൂർ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ, യഥാർത്ഥത്തിൽ ടി സ്ഥാപനത്തിൽ നിന്ന് പ്രതിവർഷം 24,040 രൂപ പ്രകാരമായിരുന്നു ഈടാക്കേണ്ടിയിരുന്നത്. പ്രതിവർഷം 6,040 രൂപ നിരക്കിൽ ടി കാലയളവിൽ മൊത്തം 24,160 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിന് സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2002-03) ഖണ്ഡിക VII.1.9.3].

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

14. എൽ.ജി. ടയർ ആന്റ് ട്രെഡ് കമ്പനിക്ക് 14-5-2002, 24-7-2002 എന്നീ തീയതികളിൽ എ.3-295/2000 നമ്പർ കത്ത് നൽകിയത് പ്രകാരം 21-3-2003 തീയതിയിൽ

54/63285 നമ്പർ രശീതി പ്രകാരം 18,120 രൂപയും ഇതേ തീയതിയിൽ 55/63285 നമ്പർ രശീതി പ്രകാരം 6,040 രൂപയും കൂടി ആകെ 24,160 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്.

### നിഗമനങ്ങൾ/ശുപാർശകൾ

**15. ഓഡിറ്റ് ഖണ്ഡിക പ്രകാരം, പഞ്ചായത്ത് ഫണ്ടിനുണ്ടായ 24,160 രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

### പരതൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ നികുതി പിരിച്ചതിൽ കുറവ്**

1997-1998-ലെ രണ്ടാം അർദ്ധവർഷത്തെയും 1998-1999-ലെ ഒന്നാം അർദ്ധ വർഷത്തെയും തൊഴിൽ നികുതി പിരിച്ചെടുത്തതിൽ മൊത്തം 9,870 രൂപയുടെ കുറവു വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാന മാർഗ്ഗമായ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ വരുത്തുന്ന വീഴ്ച സാമ്പത്തികനിലയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ (എൽ) വകുപ്പിന്റെ 24-8-2000-ലെ സർക്കുലർ 51457 പ്രകാരം 2% പിഴപ്പലിശ കൂടി ഈടാക്കി പ്രസ്തുത തുക പിരിച്ചെടുക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2002-03) ഖണ്ഡിക VII.1.9.4(i)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

16. "പരതൂർ ഗ്രാമപഞ്ചായത്തിലെ 1998-99 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുക്കേണ്ട 9,870 രൂപയിൽ 1,680 രൂപ പഞ്ചായത്തിന്റെ 31685, 31698, 31697, 18621 എന്നീ നമ്പർ രശീതി ബുക്ക് പ്രകാരം ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടച്ചിട്ടുണ്ട്. ബാക്കി പിരിച്ചെടുക്കുവാനുള്ള 8,190 രൂപ പിരിച്ചെടുക്കുന്നതിന് അതാതു സ്ഥാപനങ്ങളുടെ മേലധികാരികളായ താലൂക്ക് തഹസിൽദാർ ഒറ്റപ്പാലം, ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ, പാലക്കാട്, ഡിസ്ട്രിക്ട് എഡ്യുക്കേഷൻ ഓഫീസർ, പാലക്കാട്, ഡിസ്ട്രിക്ട് വെറ്ററിനറി സർജൻ, പാലക്കാട്, പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്, ജോയിന്റ് രജിസ്ട്രാർ, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പാലക്കാട്, ഡിവിഷണൽ ഓഫീസർ, സതേൺ റയിൽവേ, പാലക്കാട് എന്നിവർക്ക് അവരുടെ അധികാരപരിധിയിൽപ്പെടുന്ന ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും പിരിച്ചെടുക്കുന്നതിനുവേണ്ടി A 305/07 11-10-2007 പ്രകാരം കത്ത് അയച്ചിട്ടുണ്ട്. കൂടാതെ ഈ ജീവനക്കാരിൽ പലരുടേയും ശമ്പള ബില്ലുകൾ കാഷ് ചെയ്യുന്ന പട്ടാമ്പി സബ് ട്രഷറി ഓഫീസറോടും തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു."

17. തൊഴിൽ നികുതിയിനത്തിൽ 9,870 രൂപ കുറവു വന്നതിൽ 2,310 രൂപ തൊഴിൽ നികുതിയായും 2,294 രൂപ പിഴപ്പലിശയായും ഈടാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ഇനി 7,560 രൂപയും പിഴപ്പലിശയുമാണ് ഈടാക്കാനുള്ള തെന്നും ഓഡിറ്റ് വകുപ്പ് സമിതിയെ അറിയിച്ചു.

18. ഇത് 10 വർഷം മുമ്പുള്ള കേസ്സാണെന്നും തൊഴിൽ നികുതി ഈടാക്കേ ണ്ടിയിരുന്നത് ഭൂരിപക്ഷവും റെയിൽവെ ഉദ്യോഗസ്ഥരിൽ നിന്നായിരുന്നുവെന്നും അവർ പലയിടത്തേക്ക് സ്ഥലമാറ്റം കിട്ടി പോയെന്നും പഞ്ചായത്ത് ഓഫീസിൽ നിന്നും കത്ത് അയച്ചതിന് മറുപടി ലഭിച്ചിട്ടില്ലെന്നും പരതൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. മായാണ്ടി സമിതിയിൽ വ്യക്തമാക്കി. തൊഴിൽ നികുതി ഈടാക്കിയതിന്റെ രസീത് അയച്ചു തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഫീസ് അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## നിഗമനങ്ങൾ/ശുപാർശകൾ

19. **തൊഴിൽ നികുതി ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 7,560 രൂപയും പലിശയും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ അന്നത്തെ സെക്രട്ടറിയായ ശ്രീമതി കെ. മാലിനിയുടെ ബാധ്യതയായി നിശ്ചയിച്ച് പ്രസ്തുത തുക ഈടാക്കി സമിതിയെ അടിയന്തിരമായി വിവരം അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കമ്മാള/കുശവ വിഭാഗത്തിന് തൊഴിൽ ഉപകരണം—ക്രമരഹിതമായ ചെലവ്—അനുവദിക്കുന്നില്ല**

15,000 രൂപ പദ്ധതി വിഹിതവും 15,000 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി വിഭാവനം ചെയ്ത പ്രസ്തുത പദ്ധതിയിൽ 30,000 രൂപയും ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ, ഗുണഭോക്തൃ വിഹിതമായി ഉൾപ്പെടുത്തിയിരുന്ന 15,000 രൂപ പിരിച്ചെടുക്കാതെ മൊത്തം തുകയും പദ്ധതി വിഹിതത്തിൽ നിന്നും ചെലവു ചെയ്യുക യായിരുന്നു. ഇത് തികച്ചും ക്രമരഹിതമായ നടപടിയാണ്. ആയതിനാൽ ഈയിനത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും അധികമായി ചെലവു ചെയ്ത 15,000 രൂപ ആഡിറ്റിൽ അനുവദിക്കുന്നില്ല. പ്രസ്തുത തുക ഗുണഭോക്തൃ വിഹിതമായതിനാൽ ബന്ധപ്പെട്ടവ രിൽ നിന്ന് ഈടാക്കി പ്ലാൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2002-03) ഖണ്ഡിക VII.1.9.4(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

20. "പരതൂർ ഗ്രാമപഞ്ചായത്തിലെ തീരെ അവശത അനുഭവിക്കുന്ന ദരിദ്ര വിഭാഗമാണ് കമ്മാള/കുശവ. ഇക്കാരണത്താൽ തന്നെ ഇവരിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുവാൻ നിർവ്വാഹമില്ലെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യം വന്നിട്ടുള്ളതിനാൽ 25-6-2007-ലെ 209(2) നമ്പർ തീരുമാനപ്രകാരം പ്രസ്തുത തുക ഒഴിവാക്കി തരുന്നതിനുവേണ്ടി A 305/07 11-10-2007 പ്രകാരം കത്ത് അയച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു."

21. 15,000 രൂപ പദ്ധതി വിഹിതവും 15,000 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി വിഭാവനം ചെയ്ത പദ്ധതിയിൽ മുപ്പതിനായിരം രൂപ നൽകിയതിലെ സാംഗത്യമെന്തെന്ന സമിതിയുടെ ചോദ്യത്തിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതിനുശേഷം പഞ്ചായത്ത് സമിതിയുടെ തീരുമാനപ്രകാരമാണ് അത്രയും തുക കുശവ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ആളുകളുടെ ഉന്നമനത്തിനായി വിനിയോഗിച്ചതെന്നും പഞ്ചായത്ത് ഫണ്ടിൽനിന്നും തുക എടുക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടെന്നും പരതൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി കെ. മാലിനി സമിതിയിൽ വ്യക്തമാക്കി.

22. ഗുണഭോക്തൃ വിഹിതം ഈടാക്കുന്നത് ഒഴിവാക്കാൻ എടുത്ത തീരുമാനത്തിന് സർക്കാർ സാധൂകരണം തേടുന്നതിന് 25-6-2007-ലെ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ 250 (2) നമ്പരായി തീരുമാനം എടുത്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ വിഷയം സമിതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ സമിതിയുടെ തീരുമാനത്തിന് വിധേയമായി മാത്രമേ തടസ്സം ഒഴിവാക്കാൻ സാധിക്കുകയുള്ളുവെന്ന് ഗവൺമെന്റ് പഞ്ചായത്തിനെ അറിയിച്ചിരിക്കുന്നു.

23. കുശവ വിഭാഗം പട്ടികവർഗ്ഗത്തിൽ ഉൾപ്പെടില്ലെന്നും അവർ ഒ.ഇ.സി. വിഭാഗത്തിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും 30,000 രൂപ നൽകുന്ന സമയത്ത് ഒരു ആതറൈസേഷനും ഇല്ലായിരുന്നെന്നും സമിതി ചൂണ്ടിക്കാട്ടി.

## നിഗമനങ്ങൾ/ശുപാർശകൾ

**24. കമ്മാള/കുശവവിഭാഗം ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്നവരാണെങ്കിലും സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗമായതിനാൽ അവരിൽനിന്നും ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതില്ലെന്ന പഞ്ചായത്ത് തീരുമാനം അംഗീകരിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കക്കൂസ് നിർമ്മാണം—പണി പൂർത്തീകരിച്ചിട്ടില്ല**

1998-1999 വർഷത്തിൽ കക്കൂസ് നിർമ്മാണത്തിനുള്ള ആനുകൂല്യത്തിനായി തെരഞ്ഞെടുക്കപ്പെട്ട S.C.P. വിഭാഗത്തിലെ 12 പേരും ജനറൽ വിഭാഗത്തിലെ 5 പേരും 1,250 രൂപ വീതം മുൻകൂർ കൈപ്പറ്റി മൂന്നുവർഷത്തിനുശേഷവും പണി പൂർത്തീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ആകെ ചെലവു ചെയ്ത 21,250 രൂപ (S.C.P. 1250 x 12 + General 1250 x 5) ആഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2002-03) ഖണ്ഡിക VII.1.9.4 (iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

25. "പരതൂർ ഗ്രാമപഞ്ചായത്തിൽ 1998-99 വർഷത്തിൽ കക്കൂസ് നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയ ജനറൽ വിഭാഗത്തിൽപ്പെട്ട 5 പേരും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12 പേരും കക്കൂസ് നിർമ്മാണം പൂർത്തിയാക്കിയതായി പഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യംവന്നിട്ടുള്ളതാണ് എന്ന വിവരം ബോധിപ്പിക്കുന്നു."

## നിഗമനങ്ങൾ/ശുപാർശകൾ

**26. ഗവൺമെന്റ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പള്ളിപ്പുറം കൈതക്കുന്ന്—തെക്കേക്കുന്ന് റോഡ്—അഭിവൃദ്ധിപ്പെടുത്തൽ അധിക നിരക്ക് നൽകിയത്—അനുവദിക്കുന്നില്ല**

പള്ളിപ്പുറം കൈതക്കുന്ന്-തെക്കേക്കുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ, കരുവാൻ പുരജാൻപടി റെയിൽവേ റോഡ് എന്നീ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലെ വാല്യൂവേഷനിലും അധികരിച്ച നിരക്കിൽ തുക ചെലവഴിച്ച തിനാൽ മൊത്തം 30,903 രൂപ (14,720 + 16,183) പഞ്ചായത്ത് ഫണ്ടിന് നഷ്ട പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2002-03) ഖണ്ഡിക VII.1.9.4(iv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

27. "പഞ്ചായത്ത് ഫണ്ടിൽ നിന്നും പ്രസ്തുത റോഡ് പ്രവർത്തികൾക്ക് വേണ്ടി വാല്യുവേഷനിലും അധികരിച്ച തുക ചിലവഴിച്ച മുൻ സെക്രട്ടറി ശ്രീമതി മാലിനിക്ക് 11-10-2007-ന് റവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ടുണ്ട്. ആയതിന്റെ സമയപരിധി കഴിയുന്ന മുറയ്ക്ക് നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോധിപ്പിക്കുന്നു."

28. പ്രസ്തുത പ്രവൃത്തിവഴി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം (30,903 രൂപ) മുൻ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനായി 27-7-2008-ന് കളക്ടർക്ക് ആർ. ആർ. നടപടിക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് പരതൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി യോഗത്തിൽ വ്യക്തമാക്കി.

## നിഗമനങ്ങൾ/ശുപാർശകൾ

**29. ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി മാലിനിക്കെതിരെയുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തി അധിക നിരക്കിൽ ചെലവഴിച്ച തുകയായ 30,903 രൂപ ഈടാക്കി പഞ്ചായത്തുഫണ്ടിൽ ഒടുക്കണമെന്നും പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പള്ളിപ്പുറം—കരിയന്നൂർ റോഡ് ടാറിംഗ്—ബിനാമി കരാറുകാരന് അഡ്വാൻസ്—അനുവദിക്കുന്നില്ല**

പ്രസ്തുത പ്രവൃത്തിക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള അഡ്വാൻസ് 50,000 രൂപ കെ. ഉസ്മാൻ, കക്കാട്ടിൽ എന്ന വ്യക്തിക്ക് കൊടുത്തിട്ടുണ്ട്. പ്രസ്തുത വ്യക്തി യുടെ 13-10-1998-ലെ അപേക്ഷപ്രകാരം അന്നുതന്നെ തുക നൽകിയിരിക്കുകയാണ്. ഈ വ്യക്തി തുക കൈപ്പറ്റി എന്നതല്ലാതെ എന്തെങ്കിലും സാധനങ്ങൾ വാങ്ങി

സപ്ലൈ ചെയ്തതായി യാതൊരു രേഖപ്പെടുത്തലുകളുമില്ല. തന്നെയുമല്ല, എന്തിന ത്തിൽ എന്നു ചേർക്കാതെ, സാധനവില എന്നുകാണിച്ച് മരാമത്ത് ചെലവ് രജിസ്റ്ററിലും പ്രസ്തുത ചെലവ് ചേർത്തിട്ടുണ്ട്. ടി പ്രവൃത്തി അൺടൈഡ് നോംസ് എന്ന് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതിനാൽ ഇതിന് ഭരണാനുമതിയോ സാങ്കേതികാനു മതിയോ ഉണ്ടായിരുന്നില്ല എന്നും മനസ്സിലാക്കുന്നു. മതിയായ അനുമതികളും നടപടി കളും ഇല്ലാതെ നടത്തിയ ഒരു മരാമത്ത് പ്രവൃത്തിയുടെ ബിനാമി കരാറുകാരന് യാതൊരുവിധ മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കാതെ പൊതു പണം 'മുൻകൂർ' എന്ന പേരിൽ നൽകിയത് ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2002-03) ഖണ്ഡിക VII.1.9.4(v)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

30. "പ്രസ്തുത പ്രവർത്തിയുടെ കരാറുകാരനായ കെ. ഉസ്മാൻ കക്കാട്ടിൽ എന്ന വ്യക്തിക്ക് 11-10-2007-ന് റവന്യൂ റിക്കവറി നോട്ടീസ് നല്കിയിട്ടുണ്ട്. സമയ പരിധി കഴിയുന്ന മുറയ്ക്ക് മറ്റ് നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോധിപ്പി ക്കുന്നു."

31. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബന്ധപ്പെട്ട കരാറുകാരൻ ശ്രീ. കെ. ഉസ്മാൻ കക്കാട്ടിലിന്റെ പേരിൽ ആർ. ആർ. നടപടിക്ക് 27-7-2008-ൽ കത്ത് അയച്ചിട്ടുണ്ടെന്ന് പരതൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ മൊഴി നൽകി. സാധനങ്ങൾ വാങ്ങുന്നതിനാണ് പണം മുൻകൂറായി നൽകിയതെന്നും പഞ്ചായത്ത് ഫണ്ട് അൺടൈഡ് നോംസ് പ്രകാരമാണ് അപ്രകാരം ചെയ്തതെന്നും പരതൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർന്ന് വ്യക്തമാക്കി.

## നിഗമനങ്ങൾ/ശുപാർശകൾ

**32. കരാറുകാരൻ ശ്രീ. കെ. ഉസ്മാൻ കക്കാട്ടിലിന്റെ പേരിൽ സ്വീകരിച്ചിട്ടുള്ള ആർ. ആർ. നടപടി ത്വരിതപ്പെടുത്തി അഡ്വാൻസ് നൽകിയ 50,000 രൂപ പലിശ സഹിതം ഈടാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## കാരാക്കുറിശ്ശി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ബിറ്റുമിൻ വാങ്ങിയതിലെ ക്രമക്കേട്**

1997-98 സാമ്പത്തികവർഷം വിവിധ മരാമത്ത് വേലകൾക്കായി രണ്ടു പ്രാവശ്യമായി മൊത്തം 47230 കിലോഗ്രാം (28080 + 19150) ബിറ്റുമെൻ വാങ്ങുക യുണ്ടായി. രണ്ടു പ്രാവശ്യമായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഒരേ പ്രവൃത്തി (കിണറുംപടി-കുളപ്പാറൽ റോഡും വലിയട പൊന്നിയപുറം റോഡും) ആവർത്തിക്കപ്പെട്ടതിനാൽ ആകെ 2793.60 കിലോഗ്രാം ബിറ്റുമെൻ 8.93 രൂപ നിരക്കിൽ അധികം വാങ്ങി യിട്ടുണ്ട്. അനാവശ്യമായി അധികം ബിറ്റുമെൻ വാങ്ങിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് 24,946 രൂപ നഷ്ടപ്പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2002-03) ഖണ്ഡിക VII.1.9.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

33. "ബിറ്റുമെൻ വാങ്ങിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന 24,946 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് അടയ്ക്കുന്നതിനുവേണ്ടി അന്നത്തെ സെക്രട്ടറിയായ ശ്രീ. പി. രാജന് 12-10-2007-ന് രജിസ്റ്റേർഡായി റവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസിന്റെ കാലാവധിക്കുശേഷം മറ്റു നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു."

## നിഗമനങ്ങൾ/ശുപാർശകൾ

**34. ബിറ്റുമിൻ വാങ്ങിയതിലെ ക്രമക്കേടിനുത്തരവാദിയായ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. രാജൻ, പഞ്ചായത്തിനുണ്ടായ നഷ്ടമായ 24,946 രൂപ 15-11-2008-ലെ രസീത് നമ്പർ 85/4516 പ്രകാരം പഞ്ചായത്തുഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 27-3-2009-ലെ എൽ.എഫ്. 1886/സ്പെ.സെൽ ജി2/09 കത്തുപ്രകാരം അറിയിച്ച സാഹചര്യത്തിൽ ഓഡിറ്റ് ഖണ്ഡികയിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികളിൽ 24,28,014 രൂപയുടെ ക്രമക്കേട്**

കുടിവെള്ള പദ്ധതികൾ, ചന്ദ്രമല റോഡ് കോൺക്രീറ്റിംഗ്, ടൂറിസ്റ്റ് കോട്ടേജ് എന്നിവയുടെ പണികളിലാണ് ക്രമക്കേട് കണ്ടെത്തിയത്.

1998-99-ൽ ടെണ്ടർ ചെയ്ത അഞ്ച് കുടിവെള്ള പദ്ധതികൾക്ക് സാധനങ്ങൾ വാങ്ങിയതിൽ 18,16,510 രൂപയുടെ അനധികൃത ചെലവുണ്ട്. പദ്ധതികൾക്ക് പഞ്ചായത്ത് കരാറുകാരന് ആകെ 22,68,550 രൂപ നല്കിയിരുന്നു. പണികളുടെ ആകെ മൂല്യം സാധനവിലയടക്കം അളവ് പുസ്തകങ്ങൾ പ്രകാരം 4,52,040 രൂപ മാത്രമാണ്. ബാക്കി 18,16,510 രൂപ സാധനവിലയായി ചെലവ് കാണിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്ക് വിനിയോഗ രേഖകൾ ലഭ്യമല്ല. രേഖകൾ ലഭ്യമല്ലെന്നും വിശദീകരണം ഇല്ലെന്നും ക്രമക്കേടിന് മുൻ സെക്രട്ടറി ഉത്തരവാദിയാണെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. ധനാപഹരണം വ്യക്തമായതിനാൽ 18,16,510 രൂപ ഈടാക്കേണ്ടതും ഉത്തരവാദിക്ക് എതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

ചന്ദ്രമല ആശുപത്രി റോഡ് കോൺക്രീറ്റിംഗിന് പദ്ധതി വിഹിതത്തിൽ നിന്നും 2,04,389 രൂപ ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ ചെലവ് രേഖകൾ വ്യാജമാണ്. മാത്രമല്ല 1997-98-ൽ ജെ.ആർ.വൈ. ഫണ്ട് ഉപയോഗിച്ച് ഇതേ പണി നടത്തിയതാണ്. ധനദുർവിനിയോഗമായതിനാൽ 2,04,389 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഇതേപോലെ ടൂറിസ്റ്റ് കോട്ടേജ് പണിക്ക് കരാറുകാരന് സാധന വിലയായി 12/99-ൽ 4,07,115 രൂപ നൽകി. സാധനങ്ങളുടെ ഇനം, അളവ്, നിരക്ക് എന്നിവ

രേഖപ്പെടുത്തിയിട്ടില്ല. പണി നടന്നതിന് യാതൊരുവിധ തെളിവും ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 4,07,115 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2003-04) ഖണ്ഡിക 3.9.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

35. "ഈ ഖണ്ഡികകളിൽ പറയുന്ന പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പാലക്കാട് വിജിലൻസ് വിഭാഗത്തിന്റെ കസ്റ്റഡിയിലാണ്. വിജിലൻസ് 1/2007 പി.കെ.ഡി. 3-1-2007 നമ്പർ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്. ടി പ്രവർത്തികളിൽ സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ 6-6-2007, 7-6-2007 തീയതികളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നുകൂടി ബോധിപ്പിക്കുന്നു."

36. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദാംശങ്ങൾ ആരാഞ്ഞതിന് പദ്ധതി സംബന്ധിച്ച ഫയലുകൾ പാലക്കാട് വിജിലൻസ് വിഭാഗത്തിന്റെ കയ്യിലാണെന്നും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ടെന്നും പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പരിശോധന നടത്തിയിട്ടുണ്ടെന്നും 1999 കാലഘട്ടത്തിലെ സെക്രട്ടറിമാരിൽ ഒരാൾ സമിതി മുമ്പാകെ ഹാജരായിട്ടുണ്ടെന്നും നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

37. ഈ വിഷയം സംബന്ധിച്ച രേഖകളെല്ലാം അന്നത്തെ ഹെഡ്ക്ളാർക്കിനെ ഏൽപ്പിച്ചിട്ടുണ്ടെന്നും രേഖകളെല്ലാം അദ്ദേഹം ഓഡിറ്റിനു നൽകിയിട്ടുണ്ടെന്നും മുൻ സെക്രട്ടറി ശ്രീ. പി. പരമശിവൻ സമിതിയെ അറിയിച്ചു.

38. അവിടെ വാട്ടർ സപ്ലൈ നടപ്പാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അത് സംബന്ധിച്ച വിശദാംശങ്ങൾ അറിയില്ലെന്നും, അംഗീകരിച്ച പ്രോജക്ട് പ്രകാരമുള്ള സാധനങ്ങൾ മാത്രമേ വാങ്ങിയിട്ടുള്ളുവെന്നും ഇപ്പോൾ ബോർവെല്ലുകളിൽ/കുഴൽക്കിണറുകളിൽ നിന്നും വെള്ളം പമ്പ് ചെയ്ത് എടുക്കുന്നതിനോടൊപ്പം പ്രകൃതിദത്തമായ ജലസ്രോതസ്സുകളിലെ വെള്ളവും ഉപയോഗിച്ചുവരുന്നുണ്ടെന്നും മുൻ സെക്രട്ടറി വിശദീകരിച്ചു.

39. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് രേഖകൾ/തെളിവുകൾ സഹിതം മറുപടി നൽകുന്നതിന് മുൻസെക്രട്ടറിക്ക് രണ്ടുമാസം സമയം അനുവദിക്കുകയും ഇതു സംബന്ധിക്കുന്ന ഫയലുകൾ വിജിലൻസിന്റെ പക്കൽ നിന്നും തിരികെ വാങ്ങുന്നതിന് നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

40. കേസിന്റെ രേഖകളും ഫയലുകളും വിജിലൻസ് കേസിൽ ഉൾപ്പെട്ടതിനാൽ സീഷൻ മഹസ്സർപ്രകാരം ബന്തവസിൽ എടുത്തതുപ്രകാരം ആയവ തിരികെ നൽകുവാൻ കഴിയുകയില്ലെന്ന് ഡെപ്യൂട്ടി പോലീസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 1-11-2008-ലെ വി.സി. 01/07 കത്തുപ്രകാരം അറിയിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് 6-2-2009-ലെ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

41. **1998-99-ൽ ടെണ്ടർ ചെയ്ത 5 കുടിവെള്ള പദ്ധതികളെ സംബന്ധിച്ചുള്ള 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള വിഷയമാകയാൽ അടിയന്തര മായി ഈ പദ്ധതികളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയാക്കണമെന്നും കുറ്റക്കാരെ കണ്ടെത്തി ശിക്ഷി ക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## അലനല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നടീൽ വസ്തുക്കളുടെ വില ഈടാക്കണം**

അലനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ പുരയിട കൃഷി പ്രോത്സാഹന പദ്ധതി (പട്ടികജാതി) ഗുണഭോക്താക്കൾക്ക് വാങ്ങിയ നടീൽവസ്തുക്കളും ജൈവ വളവും 81 പേർക്ക് വിതരണം ചെയ്തില്ല. ഇവ സ്റ്റോക്കിൽ അവശേഷിക്കുന്നില്ല. ഇവയുടെ വില 28,350 രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2003-04) ഖണ്ഡിക III. 9.2.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി താഴെ പറയും പ്രകാരമാണ് :—

42. "ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് 1997-98 വർഷത്തെ ആഡിറ്റ് പാര 19-ന്റെ പകർപ്പ് 14-2-2007-ന് എ1.119/07 പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്. മറുപടി ലഭിക്കാത്തതുകൊണ്ട് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും കൃഷി ഡയറക്ടർക്കും ടി സംഖ്യ വസൂലാക്കി തരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കു വാൻ 3-8-2007-ലെ എ1.119/2007-ാം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു."

43. നടീൽവസ്തുക്കളും ജൈവവളവും പ്രോജക്ട് പ്രകാരമുള്ള 81 വ്യക്തി കൾക്ക് വിതരണം ചെയ്തിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീ കരണം ആവശ്യപ്പെട്ടതിന് സാധനങ്ങൾ എല്ലാവർക്കും വിതരണം ചെയ്തതിന്റെ ലിസ്റ്റ് കൈവശമുണ്ടെന്ന് മുൻ കൃഷി ഓഫീസർ ശ്രീ. ജോർജ്ജ്. ടി. എബ്രഹാം വ്യക്തമാക്കി.

44. പ്രസ്തുത രേഖകൾ വിശദീകരണത്തോടുകൂടി 15 ദിവസത്തിനുള്ളിൽ പാലക്കാട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കാൻ അലനല്ലൂർ ഗ്രാമപഞ്ചായത്ത് മുൻ കൃഷി ഓഫീസറോട് സമിതി നിർദ്ദേശിച്ചു. ഇതനുസരിച്ച് ഹാജരാക്കിയ 81 ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 17-2-2009-ലെ കത്ത് പ്രകാരം സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

**45. രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നതിനാൽ നടീൽവസ്തുക്കളുടെ വില ഈടാക്കണ മെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോഴി വിതരണത്തിൽ ക്രമക്കേടുകൾ**

അലനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ മുട്ടകോഴി വളർത്തൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യേണ്ട കോഴികളെ പഞ്ചായത്ത് അംഗ ങ്ങൾ വഴി വിതരണം ചെയ്തു. ഇത് ക്രമപ്രകാരമല്ല. 1200 കോഴികളെ വാങ്ങിയെ ങ്കിലും അംഗങ്ങളുടെ രസീത് പ്രകാരം 747 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. ബാക്കി 453 എണ്ണം അവശേഷിക്കുന്നതായോ വിതരണം ചെയ്തതായോ രേഖയില്ല. ഇതിന്റെ വില 15,098 രൂപ ഉത്തരവാദിയായ വെറ്ററിനറി സർജനിൽനിന്ന് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2003-04) ഖണ്ഡിക III.9.2.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

46. "വെറ്ററിനറി സർജന് ആഡിറ്റ് പാര 22-ന്റെ പകർപ്പ് 14-2-2007-ന് അയച്ചുകൊടുത്തിട്ടുണ്ട്. മറുപടി ലഭിക്കാത്തതുകൊണ്ട് മേൽ നടപടികൾ സ്വീകരിക്കു ന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ് എന്നിവർക്ക് 3-8-2007-ന് എ1.119/07 നമ്പർ പ്രകാരം കത്ത് സമർപ്പിച്ചിട്ടുണ്ട്."

47. ആകെ 1200 കോഴികളെ വാങ്ങിയതിൽ 453 എണ്ണം വിതരണം ചെയ്ത തിന് രേഖയില്ലാത്തതിന് സമിതി വിശദീകരണം ആരാഞ്ഞതിന് ബന്ധപ്പെട്ട വെറ്ററിനറി സർജൻ സ്ഥലത്തില്ലെന്നും ലീവെടുത്ത് കുടുംബത്തോടൊപ്പം കാനഡയിൽ പോയിരി ക്കുകയാണെന്നും അലനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

48. ഉത്തരവാദിയായ വെറ്ററിനറി സർജൻ അവധിയിൽ വിദേശത്തായതിനാൽ ടിയാനിൽ നിന്നും തുക ഈടാക്കുന്നതിന് ആർ. ആർ. നടപടി സ്വീകരിച്ച് കാനഡ യിലെ അഡ്രസ്സിൽ രജിസ്റ്റേർഡായി നോട്ടീസ് അയച്ചുകൊടുക്കാൻ സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു. സമിതിയുടെ നിർദ്ദേശാനുസരണം വെറ്ററിനറി സർജൻ ശ്രീ. കെ. പി. ജോർജ്ജിന് വിദേശത്തേയ്ക്കയച്ച കത്ത് (എ1-119/07 തീയതി 14-8-2008) കൈപ്പറ്റാതെ മടങ്ങിവന്നതായി ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടു ണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 6-2-2009-ലെ കത്തുപ്രകാരം സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

**49. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട വെറ്ററിനറി സർജൻ ശ്രീ. കെ. പി. ജോർജ്ജ് അവധിയിലാണെങ്കിലും സർവ്വീസിൽനിന്നും രാജിവച്ചിട്ടില്ലാത്തതിനാൽ മൃഗസംരക്ഷണവകുപ്പ് ഡയറക്ടർക്ക് അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാവുന്നതാണെന്നും കോഴിവിതരണവുമായി ബന്ധപ്പെട്ട രേഖകൾ ശ്രീ. കെ. പി. ജോർജ്ജിനുശേഷം അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ജോലി ചെയ്ത വെറ്ററിനറി സർജന് കൈമാറിയിട്ടുണ്ടോ എന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അന്വേഷണം നടത്താവുന്നതാണെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. രേഖകൾ ലഭ്യമല്ലെങ്കിൽ ശ്രീ. കെ. പി. ജോർജ്ജിന്റെ ബാദ്ധ്യത തുക തിട്ടപ്പെടുത്തി ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ തിരിച്ച് ഈടാക്കണം**

അലനല്ലൂർ ഗ്രാമ പഞ്ചായത്ത് 1998-99-ൽ മൂന്ന് കുളങ്ങൾ നന്നാക്കുന്നതിന് 49,450 രൂപ മുൻകൂർ നൽകിയിരുന്നു. പണി പൂർത്തിയായതായി രേഖയില്ല. അതിനാൽ മുൻകൂർ തുക 18 ശതമാനം പലിശചുമത്തി ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2003-04) ഖണ്ഡിക III.9.2.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

50. "കൃഷി ഓഫീസർമുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് ഓഡിറ്റ് പാര 24-ന്റെ പകർപ്പ് 14-2-2007-ന് അയച്ചുകൊടുത്തിട്ടുണ്ട്. കൺവീനർമാർ വാങ്ങിയ അഡ്വാൻസ് തുകകൾ തിരികെ അടയ്ക്കുന്നതിന് കൃഷി ഓഫീസർക്ക് രജിസ്റ്റേർഡ് തപാലിൽ അറിയിപ്പ് നൽകിയിട്ടുണ്ട്. അതുപ്രകാരം തുക തിരികെ വസൂലാക്കുന്നതിന് പാലക്കാട് ഡെപ്യൂട്ടി കളക്ടർക്ക് റവന്യൂ റിക്കവറിക്കായി അയച്ചുകൊടുക്കുകയും എന്നാൽ ടി ഫയൽ റവന്യൂ റിക്കവറി ആക്ടിലെ സെക്ഷൻ 71-ൽ ഉൾപ്പെടാത്തതിനാൽ നടപടി എടുക്കാൻ നിർവ്വാഹം ഇല്ലെന്ന് കാണിച്ച് 29-10-2003-ന് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൽപ്പെട്ട റിക്കവറികൾ റവന്യൂ റിക്കവറി ആക്ടിൽ ഇപ്പോൾ ഉൾപ്പെടുത്തിയതായി അറിവായതിനാൽ ടി റിക്കവറിക്കായി വീണ്ടും 3-8-2007-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്."

51. മൂന്ന് കുളങ്ങൾ നന്നാക്കുന്നതിന് മുൻകൂർ തുക നൽകിയെങ്കിലും പണി പൂർത്തിയായതിന് രേഖയില്ലാത്തതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് വിപുലീകരണ പദ്ധതിയുടെ ഭാഗമായിട്ടാണ് തുക നൽകിയതെങ്കിലും കളക്ടർ ഇതു സംബന്ധിച്ച് വിളിച്ചുചേർത്ത യോഗത്തിൽ അതാത് മേഖലയിലുള്ളവർതന്നെ പണി ചെയ്യണമെന്ന് നിർബന്ധിച്ചതിന്റെ അടിസ്ഥാനത്തിലാണ് മൂന്ന് കുളങ്ങളുടെ പണിക്കായി തുക മുൻകൂറായി മൂന്ന് കൺവീനർമാർക്ക് നൽകിയതെന്നും ചെക്ക് സ്വീകരിച്ചതിന്റെ രസീത് നൽകിയെങ്കിലും അവർ പണി ചെയ്തിട്ടില്ലെന്നും റിക്കവറിക്കുവേണ്ടി

രജിസ്റ്റേർഡ് കത്ത് അയച്ചെങ്കിലും അവ കൈപ്പറ്റാതെ തിരിച്ചുവന്നുവെന്നും മുൻ കൃഷി ഓഫീസർ ശ്രീമതി എം. പത്മകുമാരി സമിതിയെ അറിയിച്ചു.

52. മുൻകൂർ നൽകിയ തുക (49,450 രൂപ) മൂന്ന് കൺവീനർമാരിൽനിന്ന് ഈടാക്കുന്നതിന് 3-8-2007-ന് റവന്യൂ റിക്കവറിക്കുവേണ്ടി അപേക്ഷ നൽകുകയും അതിനുശേഷം 19-7-2008-ന് ഓർമ്മക്കുറിപ്പ് അയയ്ക്കുകയും ചെയ്തിട്ടുമുണ്ടെന്ന് അലനല്ലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

53. മുൻകൂർ നൽകിയ തുകയായ 49,450 രൂപയിൽ യഥാക്രമം 12,500 രൂപ, 25,000 രൂപ, 2,000 രൂപ എന്നീ തുകകൾ രസീത് നമ്പർ 4798/12 തീയതി 15-10-2008, 4805/69 തീയതി 25-11-2008, 4505/68 തീയതി 25-11-2008-നും പലിശ 1,950 രൂപ രസീത് നമ്പർ 4798/53 തീയതി 29-1-2008 പ്രകാരവും പഞ്ചായത്തുഫണ്ടിൽ ഒടുക്കിയതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് 17-3-2009-ലെ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

**54. മുൻകൂർ നൽകിയ 49,450 രൂപയിൽ 9,950 രൂപയും മൊത്തം തുകയ്ക്കുള്ള പലിശയും ഇനി ഈടാക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മേൽപറഞ്ഞ തുക പൂർണ്ണമായും ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## പരതൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുടിവെള്ള പൈപ്പ് ലൈൻ പദ്ധതിയിൽ അപാകതകൾ**

ഗ്രാമപഞ്ചായത്ത് നേരിട്ട് നിർവഹിച്ച കുടിവെള്ള പൈപ്പ് ലൈൻ പദ്ധതിയിൽ അപാകതകൾ.

പഞ്ചായത്തിലെ 8 സ്ഥലങ്ങളിൽ പൈപ്പ് നീട്ടുന്നതിന് 1999-2000-ലാണ് 2,55,829 രൂപ അടങ്കലിൽ പദ്ധതി നടപ്പാക്കിയത്. 1800 മീറ്റർ പൈപ്പാണ് ഇതിന് എസ്റ്റിമേറ്റിൽ നിർണയിച്ചത്. മാത്രമല്ല, പൈപ്പ് നീട്ടാൻ ഉദ്ദേശിച്ച സ്ഥലങ്ങളിൽ നാലിടത്ത് ജല ലഭ്യത കുറവായതിനാൽ പദ്ധതിക്ക് സാധ്യതയില്ലെന്ന് സാങ്കേതിക പരിശോധനാ റിപ്പോർട്ട് വ്യക്തമാക്കിയിരുന്നു.

റിപ്പോർട്ടും എസ്റ്റിമേറ്റും അവഗണിച്ച് 4910 മീറ്റർ 40 എം.എം.പി.വി.സി. പൈപ്പും 550 മീറ്റർ ജി.ഐ. പൈപ്പും 1,95,705 രൂപയ്ക്ക് പഞ്ചായത്ത് വാങ്ങി. അധികം വാങ്ങിയ പൈപ്പുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയവ അളവ് പുസ്തകം, സ്റ്റോക്ക് രജിസ്റ്റർ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല.

മാത്രമല്ല, പദ്ധതിയിൽ കെ. ടി. ഹമീദ് എന്നയാൾക്ക് മൂന്ന് തവണയായി 50,000 രൂപ നൽകിയതായി കാണുന്നു. ലഭ്യമായ രേഖകളിൽ നിന്ന് തുക എന്ത് അടിസ്ഥാനത്തിൽ നൽകിയെന്ന് വ്യക്തമല്ല. നിയമപ്രകാരമുള്ള കരാർ ഇയാളുമായി

പഞ്ചായത്ത് ചമച്ചതായും കാണുന്നില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 8/2000 വരെ പദ്ധതിക്ക് ആകെ ചെലവഴിച്ച 2,45,705 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2003-04) ഖണ്ഡിക III.9.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

55. "നാല് സ്ഥലങ്ങളിലെ ജലസ്രോതസ്സ് കുറവായതിനാൽ ഫിസിബിലിറ്റി ഇല്ലെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും എല്ലാ പണിയും പൂർത്തിയായ ഓട്ടുപാറ പദ്ധതിയിൽ നിന്ന് പമ്പിംഗ് തുടങ്ങിയപ്പോൾ ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുള്ളതാണ്. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പൈപ്പുകൾ വാങ്ങി സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ, പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട അളവുപുസ്തകവും സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ അന്വേഷണത്തിനായി പാലക്കാട് വിജിലൻസ് കസ്റ്റഡിയിലെടുത്തിരിക്കുകയാണ്. ആയത് ലഭിക്കുന്നതിന് 31-7-2007-ന് വിജിലൻസ് ഡിപ്പാർട്ട്മെന്റിലേക്ക് അപേക്ഷ കൊടുത്തിട്ടുണ്ട്.

75% മേല്പ്പറഞ്ഞ പ്രവർത്തി പൂർത്തീകരിച്ചുവെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൺവീനർക്ക് 50,000 രൂപ കൊടുത്തിട്ടുള്ളതെങ്കിലും ഈ പണിയുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസിന്റെ കൈവശമായതുകൊണ്ട് നിജസ്ഥിതി പരിശോധിക്കാൻ കഴിയാതിരുന്നതിനാൽ പ്രസ്തുത പ്രവൃത്തി കൺവീനറായ കെ. ടി. ഹമീദിന് മുൻകൂർ നൽകിയ തുക തിരിച്ചടയ്ക്കുന്നതിനായി 31-7-2007-ന് രജിസ്റ്റേർഡ് തപാലിൽ കത്ത് അയയ്ക്കുകയും വിജിലൻസ് രേഖകൾ തിരികെ ലഭിച്ച് പരിശോധിച്ചതിനുശേഷം എന്തെങ്കിലും സംഖ്യ പഞ്ചായത്തിന് ലഭിക്കുവാനുണ്ടെങ്കിൽ ആയത് വസൂലാക്കുന്നതിന് രജിസ്റ്റർ കത്തിലെ നിയമാനുസൃത സമയപരിധി കഴിഞ്ഞശേഷം പ്രോസിക്യൂഷൻമുഖേന ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് ബോധിപ്പിക്കുന്നു."

56. ഓഡിറ്റ് ഖണ്ഡികയെ സംബന്ധിച്ചുള്ള വിജിലൻസ് കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഓഡിറ്റിൽ പരാമർശിക്കുന്ന വർക്ക് സംബന്ധിച്ച ഫയൽ ഇപ്പോഴും വിജിലൻസിന്റെ കൈവശമാണെന്നും ഫയൽ തിരികെ ലഭിക്കുന്നതിനായി വിജിലൻസിന് കത്ത് നൽകിയിട്ടുണ്ടെന്നും പരതൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

57. പ്രവൃത്തിയോടനുബന്ധിച്ച് തുക മുൻകൂറായി നൽകിയതെന്തുകൊണ്ടെന്നും പ്രസ്തുത തുക തിരിച്ചടയ്ക്കാൻ ആർ.ആർ. നോട്ടീസ് നൽകിയിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ആർ.ആർ. നടപടി എടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ലെന്നും തുക തിരിച്ചടയ്ക്കണമെന്ന് കാണിച്ച് അറിയിപ്പ് നോട്ടീസാണ് നൽകിയിരിക്കുന്നതെന്നും എം.ബുക്കും സ്റ്റോക്ക് രജിസ്റ്ററുമുൾപ്പെടെ ഫയൽ വിജിലൻസിന്റെ പക്കലാണെന്നും സെക്രട്ടറി മറുപടി നൽകി.

58. അധികം വാങ്ങിയ പൈപ്പുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയ അളവ് പുസ്തകം, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കി

യിട്ടില്ലെന്നും പദ്ധതി അടങ്കലായ 2,55,829 രൂപയിൽ 50,000 രൂപ ശ്രീ. കെ. ടി. ഹമീദ് എന്നയാൾക്ക് 3 തവണയായി നൽകിയതായും സമിതി ചൂണ്ടിക്കാട്ടി. അതിൽ എത്ര തുകയാണ് തിരികെ പിടിക്കാൻ ഓഡിറ്റുകാർ നിർദ്ദേശിച്ചിട്ടുള്ളത് എന്ന് സമിതി ആരാഞ്ഞതിന് ബന്ധപ്പെട്ട മറ്റു രേഖകളും ഫയലും വിജിലൻസിന്റെ കൈവശമായതിനാൽ തുക തിട്ടപ്പെടുത്താനായിട്ടില്ലെന്നും സാധനങ്ങൾ പർച്ചേസ് ചെയ്തതിന് രേഖയുണ്ടെങ്കിലും അത് ഉപയോഗിച്ചോ ഇല്ലയോയെന്നതിന് രേഖകളൊന്നും പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഓഡിറ്റ് തടസ്സം ഉന്നയിച്ചിരിക്കുന്ന തുക തന്നെ ബാധ്യതയായി നിശ്ചയിക്കേണ്ടി വരുമെന്ന് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

59. കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണോയെന്ന് സമിതി ആരാഞ്ഞതിന് പൈപ്പ് കൃത്യമായി സ്ഥാപിച്ചിട്ടുണ്ടെന്നും വെള്ളം ലഭിക്കുന്നുണ്ടെന്നും ഈ സ്കീം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും അത് വിജിലൻസുകാർ കൃത്യമായി അളന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും മുൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. മൂന്ന് തവണയായി 50,000 രൂപ പൈപ്പ് ഫിറ്റ് ചെയ്ത ഇനത്തിൽ ശ്രീ. കെ. ടി. ഹമീദിന് ഫിറ്റിംഗ് ചാർജ്ജായി നൽകിയതാണെന്നും സ്റ്റാമ്പ് പേപ്പറിൽ കരാർ ഉണ്ടായിരുന്നുവെന്നും മുൻ സെക്രട്ടറി തുടർന്ന് വ്യക്തമാക്കി.

## നിഗമനങ്ങൾ/ശുപാർശകൾ

60. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വിജിലൻസ് വകുപ്പിൽനിന്നും അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്നും ഓഡിറ്റ് വകുപ്പ് രേഖകൾ പരിശോധിച്ച് പദ്ധതിയുടെ ഭൗതിക പരിശോധനയും നടത്തി ആയതിന്റെ റിപ്പോർട്ട് നൽകണമെന്ന് സമിതി പരതൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോടും ഓഡിറ്റ് വകുപ്പിനോടും നിർദ്ദേശിക്കുന്നു.**

## പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നികുതികളും വിഹിതവും ഈടാക്കിയില്ല**

നികുതികളും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും ഈടാക്കാതെ 14,861 രൂപ അധികം നൽകി മരാമത്ത് ബില്ല് തീർപ്പാക്കി.

പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ ചിറവട്ടം-കണ്ണാരംകുളം റോഡ് നിർമ്മാണ വേലയുടെ അളവ് മൂല്യം 1,40,268.80 രൂപ കണക്കാക്കിയെങ്കിലും സാങ്കേതികാനുമതി തുക 1,31,522 രൂപയിൽ പരിമിതപ്പെടുത്തി. വാങ്ങൽ നികുതി, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, മേൽനോട്ടക്കൂലി എന്നീ ഇനങ്ങളിൽ 14,861 രൂപ ഈടാക്കേണ്ടിയിരുന്നു. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന നികുതിയും വിഹിതവും പിടിക്കാതെ കരാറുകാരന് തുക മുഴുവൻ നൽകി. നിയമ വിരുദ്ധമായി അധികം നൽകിയ 14,861 രൂപ തിരിച്ച് ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-2005) ഓഡിറ്റ് ഖണ്ഡിക 3.9.I.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

61. "14,861 രൂപ 26-5-2006-ലെ 61/41546-ാം നമ്പർ രസീതി പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കിയിട്ടുണ്ട്."

## നിഗമനങ്ങളും ശുപാർശകളും

62. **അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

## തൃക്കടീരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നടപടിക്രമങ്ങൾ പാലിക്കാതെ വാഹന വാടക നൽകി**

നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെ ഗ്രാമപഞ്ചായത്ത് 28,200 രൂപ വാഹന വാടക നൽകി.

1998-99-ലെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിൽ എസ്റ്റിമേറ്റ് എടുക്കുവാനും നിർവ്വഹണ പുരോഗതി വിലയിരുത്തുവാനും വാടകയ്ക്ക് എടുത്തതാണ് വാഹനം. 26.58 കി.മീ. വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിൽ നടത്തിയതാണ് യാത്രകൾ.

വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ പാലിക്കേണ്ട നിയമ നടപടികൾ പാലിച്ചിട്ടില്ല. വാഹനം ഓടിച്ച തീയതി, ദൂരം, നിരക്ക് എന്നിവ വ്യക്തമാക്കിയിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-2005) ഓഡിറ്റ് ഖണ്ഡിക 3.9.I.2.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

63. "1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ശ്രീമതി റ്റി.പി. ശാന്ത സെക്രട്ടറിക്ക് 16-1-2006-ന് എ1-150/05 നമ്പർ കത്ത് പ്രകാരം നൽകിയിട്ടുണ്ട്. മാത്രമല്ല, 22-8-2006-ന് എ1-150/05 നമ്പർ കത്ത് പ്രകാരം തുക തിരിച്ചടയ്ക്കുവാൻ വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെ ശ്രീമതി റ്റി. പി. ശാന്ത, സെക്രട്ടറി തുക തിരിച്ചടയ്ക്കുകയോ നൽകിയ കത്തിന് മറുപടി നൽകുകയോ ചെയ്തിട്ടില്ല. 1-8-2007-ന് എ1-150/05 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവർകൾക്ക് ശ്രീമതി റ്റി. പി. ശാന്ത സെക്രട്ടറിയുടെ ശമ്പള ബില്ലിൽ നിന്നും ഈ തുക ഈടാക്കുന്നതിന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. പകർപ്പ് ശ്രീമതി റ്റി. പി. ശാന്ത സെക്രട്ടറിക്കും നൽകിയിട്ടുണ്ടെന്ന് ബോധിപ്പിച്ചുകൊള്ളുന്നു."

64. നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെ നൽകിയ വാഹന വാടക തിരിച്ചടയ്ക്കണമെന്നു കാണിച്ച് മുൻ സെക്രട്ടറി ശ്രീമതി ടി. പി. ശാന്തയ്ക്ക് രേഖാമൂലം കത്ത് നൽകിയിട്ടും തുക തിരിച്ചടച്ചിട്ടില്ലെന്നും അവർ റിട്ടയർ ചെയ്തു വെന്നും തൃക്കടീരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

65. വാഹന വാടക നൽകിയതുമായി ബന്ധപ്പെട്ട വൗച്ചറുകൾ/രേഖകൾ ലഭ്യ മാണെങ്കിൽ അവ വിശദീകരണം സഹിതം പാലക്കാട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കി ബോധ്യപ്പെടുത്തണമെന്നും അല്ലാത്തപക്ഷം തുക ഈടാക്കുന്ന തിലേക്കായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് ഒരു മാസത്തിനകം ഇതു സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു. അതനുസരിച്ച് വാഹനവാടക ഇനത്തിൽ നൽകിയ 28,200 രൂപ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി ടി.പി. ശാന്തയിൽ നിന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടിക്ക് പാലക്കാട് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയതായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് 17-3-2009-ലെ കത്തുപ്രകാരം സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

66. **അനധികൃതമായി ചെലവഴിച്ച 28,200 രൂപ ഈടാക്കുന്നതിന് സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുളം പുനരുദ്ധാരണത്തിന് അധിക ചെലവ്**

എരേച്ചൻ കുളം പുനരുദ്ധാരണ വേലയിൽ അധിക ചെലവ്

വേലയിലെ വിവിധയിനം പ്രവൃത്തികൾക്ക് പൊതുമരാമത്ത് നിരക്കിൽ അധിക രിച്ച് തുക നൽകിയതിനാൽ 31,659 രൂപയുടെ അധിക ചെലവ്. ഇതിന്റെ വിശദാംശ ങ്ങൾ താഴെ :

| *ക്രമ നം.* | *പ്രവൃത്തിയിനം* | *അനുവദനീയ മായ നിരക്ക്* | *അനുവദിച്ച നിരക്ക്* | *അധിക നിരക്കിൽ നൽകിയ തുക* |
|---|---|---|---|---|
| 1 | വാനം തോണ്ടി ദ്രവരൂപ ത്തിലുള്ള ചെളി തീരത്ത ടുക്കൽ(ഡേറ്റ 56/ഡേറ്റ 60) | 203.46/ 10 എം.3 | 278/10എം.3 | 7244 |
| 2 | ഡി .ആർ. മേസണറി (ഡേറ്റ 277) | 321.19/ എം.3 | 383/എം.3 | 16492 |
| 3 | ആർ.ആർ. മേസണറി (ഡേറ്റ 274) | 568/എം.3 | 676/എം.3 | 7923 |
| | ആകെ | | | 31,659 |

അധികം നൽകിയ 31,659 രൂപ ഉത്തരവാദിയായ, ബിൽ തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-2005) ഓഡിറ്റ് ഖണ്ഡിക 3.9.I.2.(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

67. "1999-2000 ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അസിസ്റ്റന്റ് എൻജിനീയർ ശ്രീ. ഒ. രാമൻകുട്ടിക്ക് 16-1-2006 എ1-150/05 നമ്പർ കത്ത് പ്രകാരം നൽകിയിട്ടുണ്ട്. ആയതിനുള്ള മറുപടിയിൽ ശ്രീ. ഒ. രാമൻകുട്ടി അസിസ്റ്റന്റ് എൻജിനീയർ ഇങ്ങനെ പറയുന്നു.

1997-98 മുതൽ ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ റേറ്റ് ഗവ. ഉത്തരവ് ജി.ഒ.(പി) 216/97/എൽ.എ.ഡി. തീയതി 23-9-1997, ജി.ഒ.(പി) 246/97/എൽ.എ.ഡി. തീയതി 6-11-1997 എന്നിവ പ്രകാരം കളക്ടറുടെ അദ്ധ്യക്ഷതയിൽ ഉള്ള കമ്മിറ്റി അംഗീകരിക്കേണ്ടതാണ്. ഈ ഉത്തരവുകളുടെ വെളിച്ചത്തിൽ പാലക്കാട് ജില്ലാ കളക്ടർ ഉത്തരവ് നമ്പർ 1569/97/ഡി.പി.ഒ/ പി.കെ.ഡി. തീയതി 28-11-1997 പ്രകാരം ജില്ലയിൽ പണികൾക്ക് സ്വീകരിക്കേണ്ട സാധനങ്ങളുടേയും കൂലിയുടേയും നിരക്ക് അംഗീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് അതനുസരിച്ചാണ് റേറ്റ് അംഗീകരിച്ചിട്ടുള്ളത്. ശ്രീ. ഒ. രാമൻകുട്ടി അസിസ്റ്റന്റ് എൻജിനീയർ നൽകിയ മറുപടിയുടെ പകർപ്പ് 14-7-2006-ൽ എ1-150/05 നമ്പർ കത്തു പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, പാലക്കാട് എന്നിവർക്ക് സ്പഷ്ടീകരണത്തിനുവേണ്ടി നൽകിയിട്ടുള്ളതാണ്.

എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 17-10-2006-ലെ എൽ.എഫ്. പി. 8-655/06 നമ്പർ കത്തു പ്രകാരം ശ്രീ. ഒ. രാമൻകുട്ടിയുടെ ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ (ഖണ്ഡിക 3.11) സർച്ചാർജ്ജ് പ്രൊപ്പോസൽ തിരുവനന്തപുരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അയച്ചിട്ടുള്ളതിനാൽ ടിയാന്റെ മറുപടി ഇപ്പോൾ പരിഗണിക്കാവുന്നതല്ല എന്ന് അറിയിച്ചിട്ടുള്ളതായി ബോധിപ്പിച്ചുകൊള്ളുന്നു".

68. എരേച്ചൻകുളം പുനരുദ്ധാരണ വേലയിൽ അധിക ചെലവ് വന്നത് തെളിയിക്കുന്ന എന്തെങ്കിലും രേഖകൾ ഹാജരാക്കാനുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് കളക്ടർ റേറ്റ് ഫിക്സ് ചെയ്തതനുസരിച്ചാണ് അപ്രകാരം ചെയ്തതെന്നും അത് ഇപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ എഴുതി നൽകിയിട്ടുണ്ടെന്നും തൃക്കടീരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

69. ജില്ലാ കളക്ടറുടെ ഉത്തരവു പ്രകാരം അംഗീകരിച്ച പ്രാദേശിക നിരക്ക് പ്രകാരമാണ് പദ്ധതിക്കുള്ള റേറ്റ് നൽകിയത് എന്നാണ് പഞ്ചായത്തിന്റെ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത് എന്ന് സമിതി ചൂണ്ടിക്കാട്ടി.

70. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിക്കുന്ന വിശദീകരണം രേഖകൾ സഹിതം രണ്ട് ആഴ്ചയ്ക്കുള്ളിൽ പാലക്കാട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കി ബോധ്യപ്പെടുത്തണമെന്ന് സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

ഇതനുസരിച്ച് സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ 2,585 രൂപ മൺപണിക്ക് അധികം നൽകിയതായി കാണുന്നുവെന്നും അധികം നൽകിയ തുക തിരികെ ഈടാക്കുവാൻ നിർദ്ദേശിക്കാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 17-2-2009-ലെ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

71. **കുളം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മൺപണിക്ക് അധികം നൽകിയതായ 2,585 രൂപ കരാറുകാരനിൽനിന്നും ഈടാക്കി സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## കൊടുവായൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം ഉത്തരവിന് വിരുദ്ധം**

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സഹകരണ സംഘങ്ങൾക്ക് 1,66,400 രൂപ പ്രവർത്തന മൂലധനം നൽകി.

കൊടുവായൂർ പട്ടികജാതി ജനറൽ എഞ്ചിനീയറിംഗ് അഗ്രോ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 63,500 രൂപയും കാക്കയൂർ വനിതാ റെഡിമെയ്ഡ് ഗാർമെന്റ് സ്വാശ്രയ സംഘത്തിന് 1,02,900 രൂപയുമാണ് ഗ്രാമ പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും 1998-99 തുടർ പദ്ധതിയിൽ നൽകിയത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 49905/ബി3/23-11-1998 സർക്കുലർ സ്വാശ്രയ/സഹകരണ സംഘങ്ങൾക്ക് പദ്ധതിവിഹിതം പ്രവർത്തന മൂലധനമായി നൽകുന്നത് വിലക്കുന്നുണ്ട്.

ചെലവ് നിയമവിരുദ്ധമായതിനാൽ 1,66,400 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-2005) ഓഡിറ്റ് ഖണ്ഡിക 3.9.I.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

72. "കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ കൊടുവായൂർ പട്ടികജാതി ജനറൽ എഞ്ചിനീയറിംഗ് അഗ്രോ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വളരെ നല്ല നിലയിൽ ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. പ്രവർത്തന മൂലധനമായി നൽകിയ തുക മൂലധനാടിസ്ഥാനത്തിൽ ചെലവായ തുക പാഴ്ചെലവല്ല. ഏകദേശം പത്ത് പട്ടികജാതി പുരുഷൻമാർക്കും പതിനഞ്ച് സ്ത്രീകൾക്കും പരോക്ഷമായി ജോലി ലഭിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും പൊതു വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും വളരെയധികം പ്രയോജനപ്രദമാണ്. ആയതിനാൽ ടി സ്ഥാപനങ്ങൾ കാലങ്ങളോളം നിലനിർത്തണമെന്നാണ് പഞ്ചായത്ത് ഭരണസമിതിയുടെ ആഗ്രഹം. ഈ രണ്ട് സ്ഥാപനങ്ങൾക്കും പ്രവർത്തനമൂലധനം നൽകിയതിന് അംഗീകാരം ലഭിക്കു

വാൻ ബഹു. കേരള സർക്കാറിനോടും തദ്ദേശ സ്വയംഭരണ വകുപ്പിനോടും അപേക്ഷിച്ചുകൊണ്ട് 11-7-2007-ലെ പഞ്ചായത്ത് കമ്മിറ്റി VII (1) ആയി തീരുമാനം എടുത്തിട്ടുണ്ട്. അംഗീകാരത്തിനായി ടി തീരുമാനം 27-7-2007 തീയതിക്ക് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്."

73. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 49905/B3/23-11-1998 സർക്കുലർ പ്രകാരം സ്വാശ്രയ/സഹകരണ സംഘങ്ങൾക്ക് പദ്ധതി വിഹിതം പ്രവർത്തനമൂലധനമായി നൽകുന്നത് വിലക്കിയിട്ടുള്ള സാഹചര്യത്തിൽ 1999-ൽ സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതിന്റെ സാംഗത്യമെന്തെന്ന സമിതിയുടെ ചോദ്യത്തിന്, കൊടുവായൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. ജയന്തകുമാർ വ്യക്തമായ മറുപടി നൽകുകയുണ്ടായില്ല.

74. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണോ അപ്രകാരം തുക നൽകിയതെന്നും അതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കാനായി അപേക്ഷ നൽകിയിട്ടുണ്ടോ എന്നുമുള്ള ചോദ്യങ്ങൾക്ക് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും സാധൂകരണം ലഭിച്ചിട്ടില്ലെന്നും 11-7-2007-ൽ വകുപ്പ് മന്ത്രിക്കും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

75. ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിച്ചു കാണുന്ന 3,51,486 രൂപയുടെ വിനിയോഗം എങ്ങനെയാണെന്നും ടി സൊസൈറ്റി പഞ്ചായത്ത് രൂപീകരിച്ചതാണോയെന്നും സമിതി ആരാഞ്ഞതിന് 25 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ടിയാണ് പ്രോജക്ട് വിഭാവനം ചെയ്തതെന്നും പ്രസ്തുത സൊസൈറ്റി പഞ്ചായത്ത് രൂപീകരിച്ചതല്ലെന്നും 1997-98, 1998-99 വർഷങ്ങളിലെ ജനകീയാസൂത്രണ പ്രോജക്ട് പ്രകാരം സഹകരണ സംഘങ്ങൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് പണം നൽകാൻ നിയമതടസ്സമുണ്ടായിരുന്നില്ലെന്നും, 1999-2000-ലാണ് അങ്ങനെ പണം നൽകുന്നത് തടസ്സപ്പെടുത്തിക്കൊണ്ടുള്ള ഒരു സർക്കുലർ വന്നതെന്നും മുൻ സെക്രട്ടറി, ശ്രീ. എ. എ. മുഹമ്മദ് ഇക്ബാൽ സമിതിയെ അറിയിച്ചു. സ്പിൽ ഓവറായി ഈ പ്രോജക്ട് ഡി.പി.സി ക്കും, ബി.എൽ.ഇ.സി ക്കും വേരിഫിക്കേഷന് നൽകിയപ്പോഴും പ്രവർത്തന മൂലധനം എടുത്തുമാറ്റണമെന്ന് രേഖാമൂലം ആവശ്യപ്പെടാതിരുന്നതിനാലാണ് അപ്രകാരം പ്രവർത്തന മൂലധനം സംഘത്തിന് നൽകിയതെന്നും, ഒന്ന് എസ്.സി/എസ്.റ്റി പ്രോജക്ടും ഒന്ന് വനിതാ ശാക്തീകരണത്തിന്റെ പ്രോജക്ടുമാണെന്നും രണ്ട് പ്രോജക്ടുകളും വ്യവസായ വകുപ്പ് തയ്യാറാക്കി റാറ്റിഫൈ ചെയ്ത് അംഗീകരിച്ചവയാണെന്നും അഗ്രോ ഇൻഡസ്ട്രീസ് സൊസൈറ്റി 5,000 രൂപ വീതം അവരുടെ ഷെയറായി പിരിച്ചെടുത്ത് ട്രെയിനിംഗ് നൽകിയിരുന്നെന്നും, ഇൻഫ്രാസ്ട്രക്ച്ചർ സ്ഥാപിച്ച ശേഷം പ്രവർത്തന മൂലധനം നൽകിയില്ലെങ്കിൽ അതൊക്കെ പാഴായി പോകുമെന്നുള്ളതുകൊണ്ടുമാണ് അപ്രകാരം ചെയ്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

76. പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും സൊസൈറ്റികൾക്ക് പ്രവർത്തന മൂലധനം നൽകുന്നതു നിരോധിച്ചുകൊണ്ട് 21-11-1998-ൽ തന്നെ സർക്കുലർ നിലവിലുള്ളപ്പോൾ അതിനു വിരുദ്ധമായി പ്രവർത്തിച്ച സെക്രട്ടറിയെ സമിതി നിശിതമായി വിമർശിച്ചു.

77. പഞ്ചായത്ത് സമിതിയുടെ തീരുമാനത്തിനോട് താൻ വിയോജിക്കുന്നു എന്ന് വ്യക്തമാക്കിയിട്ടുള്ളതായ എന്തെങ്കിലും രേഖയുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് മുൻ സെക്രട്ടറി മറുപടി നൽകുകയുണ്ടായില്ല.

പ്രസ്തുത പ്രവൃത്തിക്ക് ഒരു മാസത്തിനകം സർക്കാരിന്റെ സാധൂകരണം വാങ്ങി ആയത് സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുകയോ അല്ലെങ്കിൽ മുൻ സെക്രട്ടറി ശ്രീ. എ. എ. മുഹമ്മദ് ഇക്ബാലിൽ നിന്നും ടി തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുകയോ വേണമെന്നും സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു. പഞ്ചായത്ത് ഫണ്ടിൽ നിന്നും സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം അനുവദിച്ച പ്രവർത്തിക്ക് സാധൂകരണം ലഭ്യമാക്കുന്നതിനായി 18-9-2008-ന് അപേക്ഷിച്ചിട്ടുള്ളതായി ഗ്രാമ പഞ്ചായത്തു സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് 17-3-2009-ലെ കത്തുപ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

78. **സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയ നടപടി സാധൂകരിക്കുന്നതിനായി 18-9-2008-ന് ഗ്രാമ പഞ്ചായത്തു സെക്രട്ടറി അപേക്ഷിച്ച സാഹചര്യത്തിൽ മേൽ പ്രവർത്തി സാധൂകരണം നൽകാവുന്നതാണെങ്കിൽ ആയത് നൽകുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

**സാധൂകരണം നൽകുവാൻ സാധിക്കുകയില്ലെങ്കിൽ പ്രവർത്തന മൂലധനമായി നൽകിയ തുക എപ്രകാരം ഈടാക്കാമെന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ട് മേൽ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് സമിതി ശുപാർശ ചെയ്യുന്നു.**

## അഗളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നിർവ്വഹണ ചെലവ് : പരിധി പാലിച്ചില്ല**

പദ്ധതി നിർവ്വഹണ ചെലവിൽ സർക്കാർ പരിധി പാലിച്ചില്ല.

1999-2000-ലെ വിവിധ ജനകീയാസൂത്രണ പദ്ധതികളുടെ നിർവ്വഹണത്തിന് ഗ്രാമ പഞ്ചായത്ത് 30,761 രൂപയാണ് അധികം ചെലവിട്ടത്.

ജി.ഒ.എം.എസ്. 20/99/ആസൂത്രണം; 5-4-1999 അനുസരിച്ച് 1999-2000-ൽ പദ്ധതി നിർവ്വഹണ ചെലവ് പരമാവധി 1 ലക്ഷം രൂപയായിരിക്കണം. സർക്കാർ ഉത്തരവ് ലംഘിച്ച് അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം വാങ്ങുകയോ ഉത്തരവാദിയിൽ നിന്ന് ഈടാക്കുകയോ വേണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-2005) ഓഡിറ്റ് ഖണ്ഡിക 3.9.I.4.(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

79. "1998-99 വർഷത്തിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളുടെ ആസൂത്രണ ചെലവിനായി നീക്കിവെച്ച തുകയിൽ ബാക്കി വന്ന തുക 1999-2000 വർഷത്തിൽ സ്പിൽ ഓവറിൽ ഉൾപ്പെടുത്തുകയും ആയതിന് ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം സ്പിൽ ഓവർ ഇനത്തിൽ ചെലവഴിച്ച 30,761 രൂപയ്ക്ക് അഗളി ഗ്രാമപഞ്ചായത്തിന്റെ 10-7-2007-ന് നടന്ന പഞ്ചായത്ത് കമ്മിറ്റി 5(9) നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതിന്റെ വെളിച്ചത്തിൽ മേപ്പടി ചെലവിന്റെ സർക്കാർ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി അഗളി ഗ്രാമപഞ്ചായത്തിന്റെ 2-8-2007 തീയതിയിലെ പി/1269/2007 കത്ത് പ്രകാരം ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറി മുൻപാകെ ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു."

80. 5-4-1999-ലെ ജി.ഒ.എം.എസ്. 20/99 ആസൂത്രണം അനുസരിച്ച് 1999-2000-ൽ പദ്ധതി നിർവ്വഹണച്ചെലവ് പരമാവധി ഒരു ലക്ഷം രൂപയേ ആകാവൂ എന്നിരിക്കെ ജനകീയാസൂത്രണ പദ്ധതിയുടെ നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്ത് 30,761 രൂപ അധികം ചെലവാക്കിയതിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും, പിന്നീട് ഡി.പി.സി. മുഖാന്തിരം ഡയറക്ടറേറ്റിൽ അംഗീകാരത്തിനായി അയച്ചിട്ടുണ്ടെന്നും അഗളി ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. വി. ജയരാജൻ സമിതിയെ അറിയിച്ചു.

81. സർക്കാരിന്റെ സാധൂകരണത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും സാധൂകരണം ലഭിച്ചിട്ടില്ല എന്ന് അഗളി ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് മറുപടി നൽകി. പ്രസ്തുത വിഷയത്തിന്മേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായം സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഗളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് 7-6-2008-ന് എം4-39560/07 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിൽ റിപ്പോർട്ട് നൽകിയിട്ടില്ലെന്ന വിവരം 13-7-2009-ലെ കത്തുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

82. **അധികം ചെലവാക്കിയ തുകയ്ക്ക് ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടു ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്തു ഡയറക്ടറുടെ കത്തിന് അടിയന്തിരമായി മറുപടി ലഭ്യമാക്കി ചെലവിന് സാധൂകരണം വാങ്ങുകയോ സർക്കാർ സാധൂകരണം ലഭ്യമായില്ലെങ്കിൽ പ്രസ്തുത തുക ഉത്തരവാദിയായ അന്നത്തെ പഞ്ചായത്തു സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ ചെയ്യണമെന്നും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**1 കോടി 86 ലക്ഷത്തിന് ചെലവ് രേഖയില്ല**

ജനകീയാസൂത്രണ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 1,86,51,466 രൂപയ്ക്ക് രേഖകളില്ല. പദ്ധതി വിഹിതത്തിൽ നിന്നാണ് തുക അധികവും പിൻവലി ച്ചിരിക്കുന്നത്.

1999-2000, 2000-2001, 2001-2002 എന്നീ വർഷങ്ങളിൽ വിവിധ പദ്ധതി കൾക്ക് ചെലവഴിച്ചതാണ് തുക, എന്നാൽ നിർവ്വഹണ/ചെലവ് രേഖകളാൽ ചെലവ് സാധൂകരിച്ചിട്ടില്ല. ആവശ്യപ്പെട്ടിട്ടും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ മൂടിവെയ്ക്കാൻ രേഖകൾ ബോധപൂർവ്വം ഹാജരാ ക്കാത്തതാണെന്നും സംശയിക്കുന്നു. ലോക്കൽ ഫണ്ട്, പഞ്ചായത്ത് രാജ് നിയമങ്ങളു ടേയും സർക്കാർ ഉത്തരവുകളുടേയും വെളിച്ചത്തിൽ രേഖയില്ലാത്ത ചെലവ് ധനാപഹരണത്തിന് തുല്യമാണ്.

വിവിധ വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം താഴെ;

| പദ്ധതിവിഹിതം | പദ്ധതികളുടെ എണ്ണം | ചെലവഴിച്ച ആകെ തുക |
|---|---|---|
| 1. 1999-2000 | 83 | 74,51,806 |
| 2. 2000-2001 | 70 | 70,01,208 |
| 3. 2001-2002 | 44 | 41,98,452 |
| | ആകെ | 1,86,51,466 |

പദ്ധതികളിൽ അധികവും കൃഷി, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, നിർമ്മാണം എന്നീ മേഖലകളിൽപെടുന്നതാണ്. അധികവും മരാമത്ത് പദ്ധതികളാണ്. നിക്ഷേപപദ്ധതികളുടെപോലും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണങ്ങളിൽ വ്യാപകമായ ക്രമക്കേട് നടന്നിട്ടുള്ളതായി രേഖകൾ ഹാജരാക്കാ ത്തതിനാൽ സംശയിക്കാവുന്നതാണ്.

രേഖയില്ലാത്തതിനാൽ 3 വർഷത്തെ ചെലവ് 1,86,51,466 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിഷയത്തിന്റെ ഗൗരവമുൾക്കൊണ്ട് സമഗ്രമായ അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-2005) ഓഡിറ്റ് ഖണ്ഡിക 3.9.I.4.(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

83. "ഓഡിറ്റ് പരാമർശത്തിൽ പറയുന്ന 1999-2000 വർഷത്തെ 83 പദ്ധതി കളിൽ 65,70,007 രൂപയുടെ 67 വൗച്ചറുകളും ഫയലുകളും ലഭ്യമായിട്ടുണ്ട്. കൂടാതെ 2000-2001-ലെ 70 പദ്ധതികളിൽ 46,22,761 രൂപയുടെ 57 വൗച്ചറുകളും ഫയലു

കളും, 2001-2002 വർഷത്തെ 44 പദ്ധതികളിൽ 25,09,069 രൂപയുടെ 20 വൗച്ചറുകളും ഫയലുകളും ലഭ്യമായിട്ടുണ്ടെന്നും ആയത് ഓഡിറ്റ് പരിശോധനയ്ക്കായി തയ്യാറാക്കി വച്ചിട്ടുണ്ടെന്നുമുള്ള വിവരം ബോധിപ്പിക്കുന്നു. 1999-2000 വർഷത്തിൽ ലഭ്യമാകാത്ത 8,81,799 രൂപയുടെ 16 വൗച്ചറുകളും ഫയലുകളും 2000-2001 വർഷത്തിൽ ലഭ്യമാകാത്ത 23,78,447 രൂപയുടെ 13 വൗച്ചറുകളും ഫയലുകളും 2001-2002 വർഷത്തിൽ ലഭ്യമാകാത്ത 16,89,383 രൂപയുടെ 24 വൗച്ചറുകളും ഫയലുകളും അതാത് നിർവ്വഹണ ഉദ്യോഗസ്ഥൻമാർ 20-8-2007 തീയതിക്കകം ഹാജരാക്കണമെന്ന് ഈ ഓഫീസിൽ നിന്ന് 6-8-2007 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. സമയപരിധി കഴിഞ്ഞിട്ടും ഫയലുകൾ ഹാജരാക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥൻമാർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുന്നതാണെന്നുള്ള വിവരവും ബോധിപ്പിക്കുന്നു."

84. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന്, രേഖകളെല്ലാം കൈവശമുണ്ടെന്ന് അഗളി ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയിൽ വ്യക്തമാക്കി.

85. വൗച്ചറുകളടക്കം എല്ലാ രേഖകളും ഒരു മാസത്തിനുള്ളിൽ പാലക്കാട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി അഗളി ഗ്രാമ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ടിനോട് നിർദ്ദേശിച്ചു. അതനുസരിച്ച് പരിശോധനയ്ക്കായി ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

86. 30-7-2008, 31-7-2008 തീയതികളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ലഭ്യമായ വൗച്ചറുകളിൽ വിശദ പരിശോധന ആവശ്യമാണെന്ന് കണ്ടെത്തിയവ ഓഡിറ്റിന് സമർപ്പിക്കുവാൻ നിയമസഭാ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും എല്ലാ വൗച്ചറുകളും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ഹാജരാക്കേണ്ടിയിരുന്ന വൗച്ചറുകൾ | ഹാജരാക്കിയത് | ബാക്കി | ഉൾപ്പെടുന്ന തുക |
|---|---|---|---|---|
| 1999-2000 | 31 | 14 | 17 | 18,85,195.00 |
| 2000-2001 | 17 | 17 | .. | .. |
| 2001-2002 | 5 | 5 | .. | .. |
| | 53 | 36 | 17 | 18,85,195.00 |

പ്രാദേശിക പരിശോധനാവേളയിൽ ലഭ്യമാക്കാതിരുന്ന 56,77,898 രൂപയുടെ മൂല്യം വരുന്ന 77 വൗച്ചറുകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

87. എ. നെല്ലിപ്പതി കനാൽ നിർമ്മാണം (1999-2000) പദ്ധതി പൂർത്തീകരിച്ചില്ല.

| | | |
|---|---|---|
| അടങ്കൽ | | 1,25,000 |
| കൺവീനർ | | മശണൻ, S/o. മുത്തു നെല്ലിപ്പതി ഊര്, അഗളി |
| എം.ബുക്ക് | | 1/99-00 |
| പ്രവൃത്തി മൂല്യം | | 1,26,216 (1,14,742 +11,474 നികുതി) |
| | | 28,700 1,74,481/13-3-2000 |
| | | 30,000 3,06,496/19-3-2000 |
| | | 47,000 8,65,258/28-7-2000 |
| | ആകെ | 1,05,700 |
| (-) നികുതികൾ | | 12,622 |
| ഫൈനൽ തുക 7,894 നൽകിയിട്ടില്ല | | |

ഫൈനൽ ബിൽ നൽകാത്തതിന് പ്രത്യേക കാരണം വ്യക്തമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ ഫൈനൽ ബിൽ അളവുപുസ്തകം സഹിതം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള നോട്ടിൽ എ.ഇ. ചെക്ക്മെഷർ ചെയ്യാത്തതിനാൽ തുക അനുവദിക്കുന്നില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

21-01-2009-ന് പദ്ധതി പ്രദേശത്ത് നടത്തിയ പ്രാദേശിക പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

പദ്ധതി പ്രദേശത്ത് നിലവിൽ വെള്ളം ഒഴുകുന്ന ഒരു കനാൽ കാണുകയുണ്ടായി. എന്നാൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ ചെലവുകൾ ഇതേ പ്രവൃത്തിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. അളവുപുസ്തകം 1/99-00 പരിശോധനയ്ക്കു ലഭ്യമല്ലാത്തതിനാൽ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല. തുടർ നടപടി നിർദ്ദേശിക്കാവുന്നതാണ്.

88. ബി. മൂലക്കട ലിഫ്റ്റ് ഇറിഗേഷൻ

| | | |
|---|---|---|
| അടങ്കൽ | | 2,50,000 |
| കൺവീനർ | | രങ്കസ്വാമി, S/o.മരുതൻ, മൂലക്കട, അഗളി |
| എം.ബുക്ക് | | 8/2002-2003 |
| എഗ്രിമെന്റ് | | 50/01-02/20-3-2002 |
| തുക നൽകിയത് | | 55,000 |
| | | 95,000 910455/25-5-2002 |
| | | 40,000 910459/27-5-2002 |
| | ആകെ | 1,90,000 |

പ്രവൃത്തി മൂല്യം 2,18,257 (വിശദവിവരം ലഭ്യമല്ല)

89. കൽക്കി ഇലക്ട്രോസ്, മണ്ണാർക്കാടിൽനിന്നും വാങ്ങിയ സാധനങ്ങളുടെ വിശദവിവരങ്ങൾ :

| | | | | |
|---|---|---|---|---|
| | | | | രൂപ |
| 1. | ഇൻവോയ്സ് | 15/02-03/ 10-5-2003 | ആകെ | 1,49,562 |
| 2. | ,, | 16/02-03/ 16-5-2003 | ,, | 12,640 |
| 3. | ,, | 139/02-03/ 30-1-2003 | ,, | 9,798 |
| | | | | 1,72,000 |

ഇതു ഫൈനൽ ബില്ലിൽ ഉൾപ്പെടും. എന്നാൽ ഇതുപ്രകാരം വാങ്ങിയ സാധനങ്ങൾ ഈ പ്രവൃത്തിക്ക് ഉപയോഗിച്ചതായി രേഖപ്പെടുത്തലുകൾ ഇല്ല.

90. 21-1-2009-ന് പദ്ധതി പ്രദേശത്ത് നടത്തിയ പ്രാദേശിക പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

ശിരുവാണി പുഴയുടെ തീരത്ത് മൂലക്കടയിൽ 4 പമ്പ് ഹൗസുകളുള്ളതിൽ മേൽ പദ്ധതിപ്രകാരം നിർമ്മിച്ചുവെന്നു പറയുന്ന പമ്പ് ഹൗസും, മോട്ടോറും അനുബന്ധ സാമഗ്രികളും പരിശോധിക്കുകയുണ്ടായി. പമ്പ് ഹൗസിൽ സൂക്ഷിച്ചിരുന്ന വൈദ്യുതി ബോർഡിന്റെ കാർഡിലെ രേഖപ്പെടുത്തലുകൾ പ്രകാരം കൺസ്യൂമർ നമ്പർ 8965 പ്രകാരമുള്ള ടി വൈദ്യുതി കണക്ഷൻ 27-12-2003-ന് ലഭിച്ചു. ഈ കണക്ഷൻ കൺവീനറായ ശ്രീ. രങ്കസ്വാമിയുടെ പേരിലുള്ളതാണ്.

മോട്ടോറും അനുബന്ധ സാമഗ്രികളുടെയും വിവരം : 12.5 എച്ച്.പി.

മോട്ടോർ TEXMO നമ്പർ ക്രമനമ്പർ 47101021516

സ്റ്റാർട്ടർ RANGAA TEX ക്രമനമ്പർ 2677/03

കപ്പാസിറ്റർ- ജോതി പറവർ- ജെ-302-എ

മെയിൻ സ്വിച്ച്-എസ്.എസ്.കെ-63എ, 415 ബി

(പ്രവൃത്തിയുടെ രേഖകളിൽ മേൽ വിവരങ്ങൾ ലഭ്യമല്ല)

പമ്പ് ഹൗസിന്റെ ഉടമസ്ഥത സംബന്ധിച്ചും പ്രവർത്തനം സംബന്ധിച്ചുമുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽനിന്നും രേഖാമൂലം ഉറപ്പാക്കപ്പെട്ടിട്ടില്ല. പമ്പ് ഹൗസിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടുമില്ല. എങ്കിലും പ്രാഥമിക നിരീക്ഷണത്തിൽ പ്രവൃത്തി പൂർത്തിയാക്കി പ്രവർത്തിക്കുന്നുവെന്നു കാണുന്നതിനാൽ ഖണ്ഡികകളിലെ നടപടി തീർപ്പാക്കാവുന്നതാണ്.

91. സി. നക്കുപതി തോട്ടിൽ വി.സി.ബി നിർമ്മാണം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| കൺവീനർ | വെങ്കിടാചലം, S/o. കാളിയപ്പ ചെട്ടിയാർ, നക്കുപതി |
| അടങ്കൽ | 1,00,000 |
| എം. ബുക്ക് | 4/01-02 |
| രൂപ നൽകിയത് | 21,000—910428/30-3-2002<br>23,000—910458/27-5-2002 |
| ആകെ | 44,000 |

പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

92. 21-1-2009-ന് പദ്ധതി പ്രദേശത്ത് നടത്തിയ പ്രാദേശിക പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

പദ്ധതി പ്രദേശം സന്ദർശിച്ചതിൽ നക്കുപതി തോട്ടിൽ മുഖ്യ സ്ലാബിന്റെ നിരപ്പിൽ പണിതു നിർത്തിയ 4 തൂണുകൾ കാണുകയുണ്ടായി. ലഭ്യമായ രേഖകൾ പ്രകാരം 1,00,000 രൂപയുടെ അടങ്കലുള്ള പദ്ധതിക്ക് 44,000 രൂപ കൺവീനർക്ക് നൽകിയിട്ടുള്ളതായി കാണുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചോ എന്നു വ്യക്തമല്ല. തുടർനടപടി നിർദ്ദേശിക്കാവുന്നതാണ്.

## നിഗമനങ്ങൾ/ശുപാർശകൾ

93. **1.86 കോടി രൂപയുടെ ഓഡിറ്റ് ഒബ്ജക്ഷൻ 1999-2000 മുതൽ 2000-01 വരെയുള്ള ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടും 1999, 2000, 2001 എന്നീ വർഷങ്ങളിലെ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടും, സമഗ്രമായ അന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്തിട്ടും, അഗളി ഗ്രാമ പഞ്ചായത്ത് അധികൃതരോ പഞ്ചായത്തുഡയറക്ടറേറ്റോ ചെലവുകളെക്കുറിച്ച് അന്വേഷണം നടത്തുകയോ ഓഡിറ്റ് തടസ്സം നീക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുകയോ ചെയ്തില്ല എന്ന വസ്തുത എത്രമാത്രം ലാഘവത്തോടെയാണ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും സർക്കാരും കാണുന്നതെന്ന് വെളിവാക്കുന്നു. ഓഡിറ്റ് ഖണ്ഡിക സമിതി പരിശോധനയ്ക്കെടുത്തപ്പോൾപോലും, വൗച്ചറുകൾ ഓഡിറ്റിനായി തയ്യാറാക്കി വെച്ചിട്ടുണ്ടെന്നും ഇനിയും ലഭ്യമാകാത്തവ ഹാജരാക്കുന്നതിന് അതാതു നിർവ്വഹണോദ്യോഗസ്ഥന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുമല്ലാതെ അവ ഓഡിറ്റിനു ഹാജരാക്കി തടസ്സം നീക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഗ്രാമ പഞ്ചായത്തിനു ബോധിപ്പിക്കുവാൻ സാധിച്ചില്ല. ഓഡിറ്റിനെക്കൊണ്ട് ഭൗതിക പരിശോധന നടത്തുവാൻ സമിതി മുൻകൈ എടുത്തതുകൊണ്ടു മാത്രമാണ് പല പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും അവ ജനങ്ങൾക്ക് പ്രയോജനകരമായി പ്രവർത്തിക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരിൽ നിന്നും, വിവിധ പദ്ധതികൾ നടപ്പാക്കുവാൻ ചുമതലപ്പെട്ട**

**നിർവ്വഹണോദ്യോഗസ്ഥന്മാരിൽ നിന്നും ഇത്തരത്തിലുള്ള നിരുത്തരവാദപരമായ സമീപനം ഒട്ടും ആശാസ്യമല്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. രേഖകൾ ഓഡിറ്റിനു ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഓഡിറ്റ് ഖണ്ഡികകളിലുൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിൽ അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

**ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്കുള്ള എല്ലാ വൗച്ചറുകളും ഓഡിറ്റിനു ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും വൗച്ചറുകൾ എല്ലാം പൂർണ്ണമായി സമർപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ വൗച്ചറുകൾ, അളവ് പുസ്തകങ്ങൾ, മറ്റ് അനുബന്ധ രേഖകൾ ഇവ ഹാജരാക്കുന്നതിനു വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് അതാതു പദ്ധതികൾക്കായി നൽകിയ തുകകൾ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജലവിതരണ പദ്ധതി : കിണർ ചവറ് നിക്ഷേപ കുഴിയായി**

ജലവിതരണ പദ്ധതിക്ക് 77,005 രൂപ ചെലവഴിച്ച് കുഴിച്ച കിണർ ചവർ നിക്ഷേപിക്കുന്നതിനുള്ള കുഴിയായി രൂപപ്പെട്ടു.

6 മീറ്റർ താഴ്ചയിലും 4 മീറ്റർ വ്യാസത്തിലും കുഴിച്ച് 8 സെ.മീ. ഘനത്തിൽ കോൺക്രീറ്റിംഗിനും ശേഷമാണ് വെള്ളം കാണാതെ പദ്ധതി ഉപേക്ഷിച്ചത്. 1998-99-ലെ പദ്ധതിയിൽ അനുവദിച്ച മോട്ടറും പമ്പ് സെറ്റും ഉപയോഗപ്പെടുത്തി പഞ്ചായത്ത് ഓഫീസ് പരിസരത്ത് വെള്ളമെത്തിക്കുകയായിരുന്നു 1.2 ലക്ഷം അടങ്കലുള്ള പദ്ധതി ലക്ഷ്യം. ആസൂത്രണ രാഹിത്യത്താൽ പദ്ധതി പാഴ്ചെലവായി. പദ്ധതി സ്ഥലത്തെ ജലസാന്നിദ്ധ്യം ഭൂഗർഭജല വകുപ്പിനെകൊണ്ട് പരിശോധിപ്പിച്ചില്ല. വെള്ളം കിട്ടാത്തതിനാൽ കിണർ വീണ്ടും കുഴിക്കണമെന്ന കൺവീനറുടെ നിർദ്ദേശവും പരിഗണിച്ചില്ല.

പദ്ധതി ലക്ഷ്യം കാണാതെ പാഴ്ചെലവായതിനാൽ 77,005 രൂപ ഉത്തരവാദികളായ ഭരണ സമിതി, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-2005) ഖണ്ഡിക 3.9.I.4.(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

94. "1999-2000 വർഷത്തിൽ അഗളി ഗ്രാമപഞ്ചായത്താഫീസ് ശുദ്ധജല വിതരണ പദ്ധതിക്ക് 1,20,000 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി 77,005 രൂപ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കണ്ടില്ല.

2000-2001 വർഷത്തിൽ ടി പദ്ധതി സ്പിൽ ഓവറായി കൊണ്ടുവന്നതായി കാണുന്നില്ല. എന്നാൽ 2004-2005 വർഷത്തിൽ മേൽപ്പറഞ്ഞ പദ്ധതിയിൽ 2,10,000 രൂപ എസ്റ്റിമേറ്റ് തുകയും കൂടി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്താഫീസ് ശുദ്ധജല

വിതരണ പദ്ധതിയിൽ കല്യാണ മണ്ഡപത്തിലും വെള്ളം എത്തിക്കുന്നതിനായി പുതുക്കിയ പദ്ധതി തയ്യാറാക്കുകയും, ആയത് പ്രകാരം 1999-2000 വർഷത്തിലെ ഗ്രാമപഞ്ചായത്താഫീസ് ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഈ പദ്ധതിയിൽ കൂടി ഗ്രാമപഞ്ചായത്താഫീസിലും ക്വാർട്ടേഴ്സുകളിലും കല്യാണ മണ്ഡപത്തിലും കൂടാതെ പഞ്ചായത്ത് പരിസരത്തുള്ള പൊതു ജനങ്ങൾക്കായി പൊതുടാപ്പുകളും സ്ഥാപിച്ച് ഇപ്പോഴും ശുദ്ധജലവിതരണം നടത്തി വരുന്നുണ്ടെന്നു മുള്ള വിവരം ബോധിപ്പിക്കുന്നു. ആയതിനാൽ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച പോലെ പ്രസ്തുത പദ്ധതി പാഴ്ചെലവാകാതെ ഇപ്പോഴും സുഗമമായി പ്രവർത്തിക്കു ന്നുണ്ടെന്നുമുള്ള വിവരം കൂടി ബോധിപ്പിക്കുന്നു.

95. പ്രസ്തുത ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കിണർ ഇപ്പോൾ ഉപയോഗ യോഗ്യമാണെന്നും, പഞ്ചായത്ത് ഹൗസിലേക്കും, ക്വാർട്ടേഴ്സിലേക്കും വെള്ളം എത്തിക്കുന്നത് ഈ കിണറിൽ നിന്നുമാണെന്നും അഗളി ഗ്രാമ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു.

96. ഒരു മാസത്തിനകം എല്ലാ രേഖകളും പാലക്കാട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കി ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. എന്നാൽ 2004-05 വർഷത്തിൽ പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകളാണ് ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നതെന്നും അവ ലഭ്യമാക്കിയിട്ടില്ലെന്നും രേഖകളുടെ അഭാവത്തിൽ പരിശോധന സാധ്യമായിട്ടില്ലെന്നും ആയതിനാൽ തുടർ നടപടി നിർദ്ദേശിക്കാവുന്നതാ ണെന്നും ഓഡിറ്റ് സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

97. **ജലവിതരണ പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ അടിയന്തരമായി ഓഡിറ്റിനു സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. രേഖകൾ പരിശോധിച്ച് വിശദവിവരം സമിതിക്കു നല്കണമെന്ന് സമിതി ഓഡിറ്റ് വകുപ്പി നോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിർവ്വഹണ രേഖയില്ല : 1.8 ലക്ഷം കൺവീനർമാരിൽ**

1,83,165 രൂപ മുൻകൂർ നൽകിയ ജനകീയാസൂത്രണ പദ്ധതികൾ തുടങ്ങിയ തായോ പൂർത്തീകരിച്ചതായോ രേഖയില്ല. വർഷങ്ങളായി പണം ഗുണഭോക്തൃ സമിതി കൺവീനർമാരിലാണ്.

1999-2000-ൽ നൽകിയ 1,18,118 രൂപയും 2000-2001-ൽ നൽകിയ 65,047 രൂപയും ക്രമീകരിക്കാനുള്ള തുകയിൽ ഉൾപ്പെടുന്നു.

പദ്ധതികളുടെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ലഭ്യമല്ല. ചെലവഴിച്ച പണത്തിന്റെ വിനിയോഗരേഖയുമില്ല.

അന്വേഷണം നടത്തി മുൻകൂർ തുക പിഴപ്പലിശ സഹിതം തിരിച്ച് ഈടാക്കേണ്ട താണ്.

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

98. "1999-2000, 2000-2001 വർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി മുൻകൂർ തുക കൈപ്പറ്റുകയും പണി പൂർത്തിയാക്കാതിരിക്കുകയും ചെയ്ത കൺവീനർമാർക്ക് കൈപ്പറ്റിയ തുകകൾ തിരിച്ചടക്കുന്നതിനായി എ2/31/01 നമ്പരായി 4-5-2002 തീയതിയിൽ രജിസ്ട്രേഡ് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയിട്ടും തുകകൾ തിരിച്ചടയ്ക്കാതിരുന്ന കൺവീനർമാരിൽ നിന്ന് തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾക്കുവേണ്ടി 4-8-2007-ന് എ3-1270/07 നമ്പരായി ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ കളക്ടർക്ക് കത്ത് അയച്ചിട്ടുണ്ട്."

99. കൺവീനർമാർക്ക് തുക മുൻകൂർ നൽകിയത് ഏത് പ്രവൃത്തിക്കായിരുന്നുവെന്നും അവ പൂർത്തീകരിച്ചോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും തുക തിരികെ ഈടാക്കുന്നതിനായി ആർ. ആർ നടപടിക്ക് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അഗളി ഗ്രാമ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് വ്യക്തമാക്കി.

100. കൺവീനർമാർക്കെതിരെയുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തി ഒരു മാസത്തിനകം ഫൈനലൈസ് ചെയ്ത് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി അഗളി ജൂനിയർ സൂപ്രണ്ടിനോട് നിർദ്ദേശിച്ചു.

101. സമിതിയുടെ നിർദ്ദേശാനുസരണം അഗളി ഗ്രാമ പഞ്ചായത്തു സ്വീകരിച്ച നടപടികൾ 17-3-2009-ലെ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചത് താഴെ പറയും പ്രകാരമാണ് :—

"കൺവീനർമാർക്ക് നൽകിയ മുൻകൂറുകൾ തിരിച്ചു പിടിക്കുന്നതിനുവേണ്ടി റവന്യു റിക്കവറി നടപടികൾക്കായി 4-8-2007-ന് എ3- 1270/07 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് അപേക്ഷിച്ചതായും അപേക്ഷയിൽ ആർ.ആർ നടപടി സ്വീകരിക്കേണ്ട കൺവീനർമാരുടെ പേര് വിവരം ഇല്ലാത്തതിനാൽ ആയവ ഹാജരാക്കുവാൻ ജില്ലാ കളക്ടർ 19-8-2008-ന് ആവശ്യപ്പെട്ടതനുസരിച്ച് 31-10-2008-ന് കൺവീനർമാരുടെ വിലാസം അറിയിച്ചതായും സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുണ്ട്".

## നിഗമനങ്ങൾ/ശുപാർശകൾ

102. **അടിയന്തരമായി കൺവീനർമാരിൽ നിന്നും പഞ്ചായത്തിനു ലഭിക്കേണ്ട തുക ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## വാണിയംകുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**6.34 ലക്ഷത്തിന്റെ ചെലവിന് രേഖകൾ ഹാജരാക്കിയില്ല**

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച 6,36,511 രൂപയ്ക്ക് സാധൂകരണ രേഖയില്ല.

വ്യക്തമായ ചെലവ് വൗച്ചറുകളില്ലാതെയുള്ള പണം പിൻവലിക്കൽ ധനാപഹരണത്തിന് തുല്യമാണ്. 1999-2000-ത്തിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട 4/99 മുതൽ 3/2000 വരെയുള്ള കാലത്തെ വൗച്ചറുകളാണ് ഹാജരാക്കുവാനുള്ളത്. രേഖയില്ലാത്തതിനാൽ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-2005) ഓഡിറ്റ് ഖണ്ഡിക 3. 9.1.5.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

103. "6,36,511 രൂപയിൽ 3,75,707 രൂപയുടെ വൗച്ചറുകൾ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ഹാജരാക്കാവുന്നതാണ്. ബാക്കിയുള്ള 2,60,804 രൂപയുടെ വൗച്ചറുകൾ പഞ്ചായത്തിൽ ലഭ്യമല്ല. ആയതുകൊണ്ട് ടി സംഖ്യ ബന്ധപ്പെട്ട സെക്രട്ടറിമാരിൽ നിന്നും ഈടാക്കുന്നതിനുവേണ്ടി സെക്രട്ടറിമാർക്ക് പഞ്ചായത്തിലെ 1-8-2007-ലെ എ1/221/2007 നമ്പർ കത്ത് പ്രകാരം നടപടി എടുത്തിട്ടുണ്ട്. കൂടാതെ ഇവരുടെ കയ്യിൽ നിന്നും സംഖ്യ ഈടാക്കി തരുന്നതിനുവേണ്ടി പഞ്ചായത്ത് ഡയറക്ടർ മേൽനടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ശുപാർശ ചെയ്തിട്ടുണ്ട്."

104. 6.36 ലക്ഷം രൂപയുടെ ചെലവിൽ 4,36,313 രൂപ ചെലവഴിച്ചതിന്റെ വൗച്ചറുകൾ ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും ബാക്കിയുള്ള 2,00,198 രൂപയുടെ 12 വൗച്ചറുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് റോഡ് പണിക്കുവേണ്ടിയാണ് പ്രസ്തുത തുക ഉപയോഗിച്ചതെന്നും അതിന് എം.ബുക്ക് ഉണ്ടെന്നും വാണിയംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

105. ബാക്കി 12 വൗച്ചറുകൾ അവയ്ക്കുള്ള ഉപോത്ബലക രേഖകകൾ എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ പഞ്ചായത്തിനോടും ആയത് പരിശോധിച്ച് കൃത്യമായ ബാധ്യത/തുക നിശ്ചയിച്ച് അറിയിക്കുവാൻ ഓഡിറ്റ് വകുപ്പിനോടും സമിതി തെളിവെടുപ്പു യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് ക്രമീകരിക്കുവാൻ ബാക്കി നിന്നതായ 1,39,100 രൂപയിൽ 89,636 രൂപയുടെ രേഖകളും വൗച്ചറുകളും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ഇനി 49,464 രൂപയുടെ ചെലവിന്റെ രേഖകൾ ലഭ്യമാക്കാനുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

106. **6.36 ലക്ഷം രൂപയുടെ ചെലവിൽ ഇനി ക്രമീകരിക്കാനുള്ള 49,464 രൂപയുടെ കണക്കുകൂടി അടിയന്തരമായി വൗച്ചറുകളും രേഖകളും ഹാജരാക്കി ക്രമീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സൂപ്പർ വിഷൻ ചാർജ്ജ് അനുവദനീയമല്ല**

അപ്രന്റീസ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ സൂപ്പർവിഷന് പ്രത്യേകം ചെലവ്

1999-2000-ലെ വിവിധ മരാമത്ത് വേലകൾക്കാണ് സൂപ്പർവിഷൻ ചാർജ്ജായി ഗ്രാമപഞ്ചായത്ത് 26,248 രൂപ അധികം ചെലവിട്ടത്. ഓണറേറിയം നൽകി അപ്രന്റീസ് എഞ്ചിനീയറെ നിയമിച്ചിരിക്കെ ഇത്തരം ചെലവ് അംഗീകരിക്കാനാവില്ല. ഉത്തരവാദികളിൽ നിന്ന് തിരികെ ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-2005) ഓഡിറ്റ് ഖണ്ഡിക 3.9.1.6.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

107. "17-6-2005-ലും 12-3-2007-ലും എ2-36/05 നമ്പർ കത്തുപ്രകാരം ബന്ധപ്പെട്ട ഖണ്ഡിക സഹിതം ടി കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എസ്. ബാലകൃഷ്ണനെ അറിയിച്ചിട്ടുള്ളതും ആയതിന് 19-3-2007-ന് ടിയാൻ നൽകിയ മറുപടിയിൽ, ബഹു. സർക്കാരിന്റെ 23-10-1998-ലെ ജി.ഒ.(പി) 218/98/എൽ.എ.ഡി. നമ്പർ ഉത്തരവിലെ IX-ാം ഖണ്ഡികയിൽ പഞ്ചായത്തിലെ പൊതുമരാമത്തു പണികളുടെ മേൽനോട്ടത്തിനായി യോഗ്യതയുള്ള എഞ്ചിനീയർമാരെ (ഗ്രാജ്വേറ്റ്/ഡിപ്ലോമ ഹോൾഡർ/സർട്ടിഫിക്കറ്റ് ഹോൾഡർ) നിയമിക്കാമെന്ന് പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത് എന്ന് അറിയിച്ചിട്ടുള്ളതാകുന്നു. ആയതിൻപ്രകാരം ടി തടസ്സം ഒഴിവാക്കിത്തരുന്നതിനുവേണ്ടി ശ്രീ. കെ. എസ്. ബാലകൃഷ്ണന്റെ മറുപടിയുടെ പകർപ്പ സഹിതം സാധൂകരണത്തിനായി ബഹു. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്ക് 14-8-2007-ലെ എ2-36/05 നമ്പർ കത്തുപ്രകാരം അപേക്ഷിച്ചിട്ടുള്ളതാകുന്നു. ആയതിന് മറുപടി ലഭിക്കുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു."

### നിഗമനങ്ങൾ/ശുപാർശകൾ

108. **ഗവൺമെന്റ് നല്കിയ മറുപടിയുടെ വെളിച്ചത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സബ്സിഡി : 62,923 രൂപ അധികം നൽകി**

കൃഷി, മൃഗസംരക്ഷണ പദ്ധതികൾക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിൽ സബ്സിഡി.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ കറവപശുവിതരണം, സമഗ്ര തെങ്ങ് കൃഷി എന്നീ പദ്ധതികളിലാണ് 62,923 രൂപ സബ്സിഡി അധികം നൽകിയത്.

1999-2000-ലെ പദ്ധതി നിർവ്വഹണ മാർഗ്ഗ നിർദ്ദേശം [ജി.ഒ.(എംഎസ്.) 20/99/ ആസൂത്രണം 5-4-1999] അനുസരിച്ച് പട്ടിക വിഭാഗങ്ങൾക്ക് പശുവിനെ വാങ്ങുന്നതിന് സബ്സിഡി പരമാവധി 7,500 രൂപ എന്ന നിലയിൽ പശുവിലയുടെ 75 ശതമാനമാണ്. ഇതിന് വിരുദ്ധമായി 1999-2000-ലെ കറവപശുവിതരണ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് പശുവിന്റെ മുഴുവൻ വിലയും നൽകിയതിനാൽ 33,649 രൂപ സബ്സിഡി അധികം നൽകിയതായി കാണുന്നു.

2001-2002-ലെ സമഗ്ര തെങ്ങ് കൃഷി വികസന പദ്ധതിയിൽ വളം വാങ്ങുന്നതിന് 29,274 രൂപ സബ്സിഡി അധികം നൽകിയിട്ടുണ്ട്. 2001-2002-ലെ പദ്ധതി നിർവ്വഹണ മാർഗനിർദ്ദേശം [ജി.ഒ.(എംഎസ്.) 17/2001/ആസൂത്രണം തീയതി 18-6-2001] അനുസരിച്ച് വളംവിലയുടെ 50 ശതമാനമാണ് പദ്ധതി വിഹിതത്തിൽ നിന്ന് സബ്സിഡി നൽകാവുന്നതാണ്. ഉത്തരവിന് വിരുദ്ധമായിരുന്നു പദ്ധതി നിർവ്വഹണം.

അധികം നൽകിയ സബ്സിഡി സാധൂകരണം വാങ്ങി ക്രമപ്പെടുത്തുകയോ ഉത്തരവാദികളിൽ നിന്ന് ഈടാക്കുകയോ വേണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-2005) ഓഡിറ്റ് ഖണ്ഡിക 3.9.1.6.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

109. "മൃഗസംരക്ഷണ പദ്ധതി സംബന്ധിച്ച ആഡിറ്റ് പരമാർശത്തിൽ സൂചിപ്പിക്കുന്ന വെറ്ററിനറി സർജനായ ഡോ. ലോബോ ഫെബിയാനയ്ക്ക് 17-6-2005-ലും 12-3-2007-ലും എ2-36/05 നമ്പർ കത്തുപ്രകാരം ബന്ധപ്പെട്ട ഖണ്ഡിക സഹിതം അറിയിപ്പു നൽകിയിട്ടുള്ളതാകുന്നു. ആയതിന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടിയാളുടെ മേലാഫീസറായ മൃഗസംരക്ഷണ ഡയറക്ടർക്ക് 2-8-2007-ലും 14-8-2007-ലും ആയതു സംബന്ധിച്ച് കത്ത് നൽകിയിട്ടുള്ളതാകുന്നു.

110. കൃഷി പദ്ധതി സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൽ കൃഷി ആഫീസർ ശ്രീ. എ.ആർ. സുരേഷ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതുപ്രകാരം ആലത്തൂർ അസി.കൃഷി ഡയറക്ടർക്ക് കത്ത് നൽകുകയും ടി ആഫീസിലെ എ.ഡി. എ-എ.എൽ.റ്റി.ആർ/125/06 തീയതി 18-9-2006 കത്തുപ്രകാരം ടി കാലയളവിലെ കൃഷി ആഫീസർ ശ്രീമതി അനു മൈക്കിൾ ആയിരുന്നുവെന്ന് അറിയിച്ചിരുന്നു. (ആയതു സംബന്ധിച്ച് ഈ കാര്യാലയത്തിന്റെ 21-6-2007-ലെ എ3-370/07 നമ്പർ കത്തുപ്രകാരം ബഹു. പാലക്കാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിരുന്നതാകുന്നു). ആയതിന്റെ അടിസ്ഥാനത്തിൽ ടി കൃഷി ആഫീസർക്കും ബഹു. കൃഷി വകുപ്പു ഡയറക്ടർക്കും 2-8-2007-ലെ എ2-36/05 നമ്പർ കത്ത് പ്രകാരം ആഡിറ്റ് പരാമർശം സംബന്ധിച്ച് അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു."

സർക്കാരിന്റെ അനുവാദമില്ലാതെ ഉയർന്ന നിരക്കിൽ സബ്സിഡി നൽകിയതു സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടു.

111. പ്രസ്തുത പ്രോജക്ടിന് ഡി.പി.സി അംഗീകാരം ഉണ്ടെന്നും സബ്സിഡി പരമാവധി 7,500 രൂപ വരെ നൽകാൻ അനുമതിയുണ്ടായിരുന്നുവെന്നും നബാർഡ് തുക കണക്കാക്കുന്നത് പശുവിന്റെ കറവയുടെ അടിസ്ഥാനത്തിലാണെന്നും വിതരണം ചെയ്ത പശുവിന് 8 ലിറ്റർ പാൽ കറവയുണ്ടെന്നാണ് ഫയലിൽ ഉണ്ടായിരുന്നതെന്നും ദാരിദ്ര്യ രേഖക്കു താഴെയുള്ള എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെടുന്നവർക്ക് പരമാവധി 7,500 രൂപയും മറ്റുള്ള വിഭാഗത്തിലെ ബി.പി.എൽ-ന് 5000 രൂപയുമാണ് പരമാവധി സബ്സിഡി നൽകാവുന്നത് എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

112. 5-4-1999-ലെ ജി.ഒ. (എംഎസ്.) 20/99/ആസൂത്രണം അനുസരിച്ച് പട്ടിക വിഭാഗങ്ങൾക്ക് പശുവിനെ വാങ്ങുന്നതിന് പരമാവധി സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 75% ആണെന്നിരിക്കെ 100% നൽകിയതിന്റെ കാരണം സമിതി ആരാഞ്ഞതിന് ടോട്ടൽ പ്രോജക്ട് കോസ്റ്റ് 10,000 രൂപയാണെന്നും അതിൽ 7,500 രൂപയാണ് നൽകിയതെന്നും മുൻ വെറ്റിനറി സർജൻ സമിതിയിൽ വിശദീകരിച്ചു.

113. ആസൂത്രണ വകുപ്പിന്റെ 18-6-2001-ലെ പദ്ധതി നിർവ്വഹണ മാർഗ നിർദ്ദേശം [G.O.(Ms.) 17/01] അനുസരിച്ച് 50% മാത്രമേ സബ്സിഡി നൽകാവൂയെന്ന് നിർദ്ദേശം നിലനിൽക്കേ കൃഷി ഓഫീസർ 29,274 രൂപ സബ്സിഡിയായി അധികം നൽകിയതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അന്ന് പ്രോജക്ടിൽ ഒരു തെങ്ങിന് 10 രൂപ സബ്സിഡി നൽകാമെന്ന് നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചാണ് തുക നൽകിയ തെന്ന് മുൻ കൃഷി ഓഫീസർ ശ്രീമതി അനു മൈക്കിൾ സമിതിയിൽ വ്യക്തമാക്കി.

114. 26-7-2008-ന് പഞ്ചായത്ത് തീരുമാനമെടുക്കുകയും 31-7-2008-ന് സർക്കാരിലേക്ക് സാധൂകരണത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് ടിയാൾ കൂട്ടിച്ചേർത്തു.

## നിഗമനങ്ങൾ/ശുപാർശകൾ

115. **അംഗീകാരം ലഭിക്കുന്ന പ്രോജക്ടിന് ചട്ട വിധേയമായിട്ടാണ് പണം നൽകേണ്ടതെന്ന് സമിതി ഉദ്യോഗസ്ഥരെ ഓർമ്മപ്പെടുത്തുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

## ഷോളയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി മുൻകൂറിൽ : ആദിവാസികൾക്ക് കുടിവെള്ളമില്ല.**

ആദിവാസികൾക്ക് കുടിവെള്ളമെത്തിക്കാൻ തയ്യാറാക്കിയ പദ്ധതി പൂർത്തിയായില്ല.

വയലൂർ മുതൽ വെട്ടിക്കൽപ്പേട്ട ആദിവാസി ഊരിലേക്കുവരെ പൈപ്പ് നീട്ടി കുടിവെള്ളമെത്തിക്കാൻ 4 ലക്ഷം രൂപ അടങ്കലിൽ 1998-99-ൽ അംഗീകരിച്ച പദ്ധതിയാണ് മുൻകൂർ നൽകി അവസാനിപ്പിച്ചത്. ഗുണഭോക്തൃ സമിതി കൺവീനർക്ക് രണ്ട് തവണയായി 66,900 രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാതെ ആദിവാസികൾക്ക് കുടിവെള്ളം നിഷേധിച്ചത് ഗ്രാമപഞ്ചായത്തിന്റെ അനാസ്ഥയാണ്. പദ്ധതി പൂർത്തീകരിക്കാൻ സാധ്യതയില്ലാത്തതിനാൽ മുൻകൂർ നൽകിയ 66900 രൂപ ക്രമീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-05) ഓഡിറ്റ് ഖണ്ഡിക നമ്പർ: 3.9. 1.7.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

116. "പ്രവർത്തിയുടെ രേഖകൾ പരിശോധിച്ചതിൽ M.Book.No. 2/98/99-ൽ പേജ് നമ്പർ 79 മുതൽ 81 വരെ 4,21,251 രൂപയുടെ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ പെറ്റി കോൺട്രാക്ടർ ബില്ല് 4,21,251 രൂപയ്ക്ക് തയ്യാറാക്കിയിട്ടുള്ളതും ചെക്ക് കൗണ്ടർഫോയിൽ പരിശോധിച്ചതിനാൽ 7 പ്രാവശ്യമായി ആകെ 4,22,151 രൂപ കൺവീനർക്ക് നൽകിയിട്ടുള്ളതുമാണ്. ബിൽ തുകയേക്കാൾ 900 രൂപമാത്രമാണ് കൺവീനർക്ക് അധികം നൽകിയിട്ടുള്ളത്.

117. ആയത് പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി 11-7-2007-ലെ X(1) നമ്പർ തീരുമാനപ്രകാരം കൺവീനർക്ക് രജിസ്ട്രേഷൻ നോട്ടീസ് അയച്ചിട്ടുള്ളതും നോട്ടീസ് സമയപരിധി കഴിയുന്ന മുറയ്ക്ക് സംഖ്യ തിരിച്ചുപിടിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. "

## നിഗമനങ്ങൾ/ശുപാർശകൾ

118. **പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വേലമൂല്യം ഉയർത്തി സബ്സിഡി വേലമൂല്യം 25 ശതമാനം ഉയർത്തി സബ്സിഡി നല്കി.**

50 ശതമാനം സബ്സിഡി വകയിരുത്തിയ കിണർ നിർമ്മാണ പദ്ധതി (1999-2000)യിലാണ് ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ വഴിവിട്ട് സഹായിച്ചത്.

കിണർ കുഴിക്കുന്നതിന് ആവശ്യമായ വേലമൂല്യം കണക്കാക്കിയശേഷം ഇതോടൊപ്പം ഇതിന്റെ 25 ശതമാനം കൂടി കൂട്ടിയാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയത്.

ഗുണഭോക്തൃ സമിതികൾ നിർവ്വഹിക്കുന്ന മരാമത്ത് പണികൾക്കാണ് സർക്കാർ ഉത്തരവ് പ്രകാരം അധിക നിരക്കിന് അർഹത. സാധൂകരണമില്ലാത്തതിനാൽ അധികം ചെലവ് 25271 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-05) ഓഡിറ്റ് ഖണ്ഡിക നമ്പർ: 3.9. I. 7(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

119. "ആഡിറ്റ് പരാമർശവിഷയത്തിന്മേൽ അടിയന്തിരമായി അധികം നൽകിയിട്ടുള്ള 25,271 രൂപ 11-7-2007-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ X(2)-ാം നമ്പർ തീരുമാനത്തിനു വിധേയമായി അതാതു ഗുണഭോക്താക്കളിൽ നിന്നും പലിശ സഹിതം തിരിച്ചുപിടിക്കുന്നതിന് ഗുണഭോക്താക്കൾക്ക് Registered Notice അയച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്."

120. 25,271 രൂപയാണ് അധികം നൽകിയിട്ടുള്ളതെന്നും അതിൽ 12,202 രൂപ 6 ഗുണഭോക്താക്കളിൽ നിന്നും പലിശ ഉൾപ്പെടെ ലഭ്യമായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി. ബാക്കി 8 കൺവീനർമാരിൽ നിന്നും തുക എങ്ങനെ ഈടാക്കും എന്ന് സമിതി ആരാഞ്ഞതിന്, അതിൽ കൂടുതലും എസ്.റ്റി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളാണ് ഈ 8 പേരിൽ ഭൂരിപക്ഷവുമെന്നും അവർക്ക് നോട്ടീസ് നൽകിയാലും തുക ഈടാക്കാൻ പ്രയാസമാണെന്നും മേൽവിലാസക്കാർ സ്ഥലത്തില്ലെന്ന കാരണത്താൽ നോട്ടീസ് തിരിച്ചു വരികയാണെന്നും ഷോളയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

## നിഗമനങ്ങൾ/ശുപാർശകൾ

121. **അടിയന്തരമായി തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണിക്ക് രണ്ട് തവണ ചെലവ്**

ഒരേ മരാമത്ത് പണിക്ക് രണ്ട് തവണ ചെലവ്: രണ്ട് പ്രാവശ്യവും പണിനടത്തിയോയെന്നത് സംശയാസ്പദവും.

ശിരുവാണി-കുറവൻപാടി റോഡ് 1998-99-ൽ 96,643 രൂപയും 1999-2000-ൽ 1,37,346 രൂപയും വീതം രണ്ട് പ്രാവശ്യം പദ്ധതി വിഹിതത്തിൽ ചെലവ് കാണിച്ചിട്ടുള്ളത്.

1998-99-ൽ നൽകിയ തുകയ്ക്ക് 85,800 രൂപയുടെ വൗച്ചറുകൾ കൺവീനർ ഹാജരാക്കിയിട്ടുണ്ട്. ഇതിന്റെ കൃത്യത സംശയാസ്പദമാണ്. മാത്രമല്ല മുൻകൂർ തുകയിൽ വൗച്ചറുകൾ പ്രകാരം അധികം നൽകിയ 10,843 രൂപ ഈടാക്കിയില്ല.

പണിയുടെ 1998-99-ലെ എസ്റ്റിമേറ്റ് 1,06,940 രൂപ എന്നത് 1,50,000 രൂപ എന്ന് തിരുത്തിയാണ് 1999-2000-ൽ പണം നൽകിയത്. പണിയുടെ അംഗീകരിച്ച എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവ ഹാജരാക്കിയില്ല.

പണി നടത്തിയത് സംശയാസ്പദമായതിനാൽ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-05) ഓഡിറ്റ് ഖണ്ഡിക നമ്പർ: 3.9. 1.7(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

122. "ശിരുവാണി-കുറവൻപാടി റോഡ് 1998-99 വർഷത്തിലെ പ്രവൃത്തി M.Book.No. 2/98/99, 19 മുതൽ 24 വരെയുള്ള പേജുകളിലെ രേഖപ്പെടുത്തലുകൾ പ്രകാരം 1,13,270 രൂപയുടെ പ്രവൃത്തി നടന്നിട്ടുള്ളതും ആയതിനുപുറമേ എസ്റ്റിമേറ്റ് തുകയായ 1,06,500 രൂപയായി ലിമിറ്റ് ചെയ്തിട്ടുള്ളതുമാണ്. കൺവീനർക്ക് 96,643 രൂപ നൽകിയിട്ടുള്ള വൗച്ചറുകളുടെ ആകെ തുകയായ 85,800 രൂപയിൽ അധികരിച്ച 10,843 രൂപ പലിശ സഹിതം തിരിച്ച് പിടിക്കാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 11-7-2007-ലെ X(3) നമ്പർ തീരുമാനം കൺവീനറായ പരമൻ, s/o അയ്യക്കുട്ടി എന്നിവർക്ക് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്. ആയതിന്റെ സമയപരിധിക്ക് ശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

ശിരുവാണി-കുറവൻപാടി റോഡ് 1998/1999 വർഷങ്ങളിലെ പ്രവൃത്തി M.Book.No. 20/99-2000 Page 19 മുതൽ 25 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം 1,37,340 രൂപയുടെ പ്രവൃത്തി രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത രണ്ടു പ്രവൃത്തികളുടെയും രേഖപ്പെടുത്തലുകളിൽ റീച്ചുകൾ രേഖപ്പെടുത്താത്തതിനാലും പദ്ധതിരേഖയും, പ്രോജക്ട് എസ്റ്റിമേറ്റും റോഡു രജിസ്റ്ററും ലഭ്യമല്ലാത്തതിനാലും വളരെക്കാലം മുമ്പ് നടന്ന പ്രവൃത്തിയായതിനാൽ സ്ഥല പരിശോധനയിലും പ്രവർത്തികൾ രണ്ടും പ്രത്യേകമായി മനസ്സിലാക്കാൻ കഴിയുന്നില്ല. രേഖകൾ ഇല്ലാതെ ചെലവു നടത്തിയതിനാൽ ആ കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. പി. വി. ചെല്ലപ്പൻ, റിട്ടേർഡ് പഞ്ചായത്ത് സെക്രട്ടറി, ആശാഭവൻ, മൂട്ടം, മറിയപ്പിള്ളി, കോട്ടയം ജില്ല ടിയാനിൽ നിന്നും തുക തിരിച്ചുപിടിക്കുന്നതിന് 14-8-2007 പഞ്ചായത്തിൽ നിന്നും 15 ദിവസം സമയപരിധി കാണിച്ച് നോട്ടീസ് കൊടുത്തിട്ടുണ്ട്. സമയപരിധി കഴിഞ്ഞാൽ തുടർനടപടി സ്വീകരിക്കുന്നതാണ്."

123. ഒരേ മരാമത്ത് പണിക്ക് രണ്ടുതവണ പണം ചെലവാക്കിയതിന്റെ വിശദാംശം സമിതി ആരാഞ്ഞതിന്, അത് രണ്ടും ഒരേ റോഡിൽ തന്നെയുള്ള 2 പ്രവൃത്തികളായിരുന്നുവെന്നും ഓരോ വർഷമായിട്ടാണ് ചെയ്തതെന്നും, ഓഡിറ്റ് സമയത്ത് യഥാസമയം എം. ബുക്ക് ഹാജരാക്കാത്തതുകൊണ്ടുണ്ടായ സംശയമാണ് ഇതെന്നും ഈ വിഷയം സംബന്ധിക്കുന്ന രേഖകളൊക്കെ ഹാജരാക്കി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നും ഷോളയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

124. 10,843 രൂപ മുൻകൂറായി നൽകിയതിൽ തിരികെ ലഭിച്ച 500 രൂപ കിഴിച്ച് 10,343 രൂപ കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ഷോളയാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു. സമിതിയുടെ നിർദ്ദേശാനുസരണം തുക ഈടാക്കുന്നതിന് 2-12-2008-ന് എ1/817/08 പ്രകാരം കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി 17-3-2009-ലെ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചിട്ടുണ്ട്.

നിഗമനങ്ങൾ/ശുപാർശകൾ

**125. കൺവീനർമാരിൽ നിന്നും തുക ഈടാക്കി സമിതിക്ക് റിപ്പോർട്ടു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

പുതൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സാങ്കേതികമായി പ്രായോഗികമല്ലാത്ത പദ്ധതിക്ക് ചെലവ്**

സാങ്കേതിക വിദഗ്ധൻ പ്രായോഗികമല്ലെന്ന് സാക്ഷ്യപ്പെടുത്തിയ ജലസേചന പദ്ധതിക്ക് പഞ്ചായത്ത് 95,009 രൂപ ദുരുപയോഗം ചെയ്തു.

1997-98-ലെ ഭവാനിപ്പുഴ-ഇലച്ചിവഴി ജലസേചന പദ്ധതിയാണ് വർഷങ്ങൾക്ക് ശേഷം ഭൗതികലക്ഷ്യം നേടാതെ പാഴ്ചെലവായത്.

എസ്റ്റിമേറ്റ് പ്രായോഗികമല്ലെന്ന് പദ്ധതി ഫയലിൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരുന്നു. എസ്റ്റിമേറ്റ് പ്രായോഗികമാക്കി അംഗീകാരം വാങ്ങാതെ സമാഹരണ മുൻകൂറായി 21,250 രൂപയും 10 കുതിരശക്തി മോട്ടോർ, പൈപ്പ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ 73,759 രൂപയ്ക്ക് വാങ്ങിയും ഗുണഭോക്തൃ സമിതി കൺവീനർക്ക് 5/98-ൽ തന്നെ നൽകി. ഗുണഭോക്തൃ സമിതി യാതൊരു പണിയും നടത്തിയിട്ടില്ല. പഞ്ചായത്ത് യഥാസമയം മോണിട്ടറിംഗ് നടത്തിയില്ല.

മാത്രമല്ല, കിണർ കുഴിച്ച് ജലലഭ്യത ഉറപ്പാക്കി പമ്പ് ഹൗസ് നിർമ്മിക്കാതെ മോട്ടോറും പൈപ്പും മറ്റ് ഉപകരണങ്ങളും ഗുണഭോക്തൃ സമിതിക്ക് നൽകിയത് ക്രമവിരുദ്ധവും ദുരുദ്ദേശപരവുമാണ്.

പദ്ധതിയുടെ ആകെ ചെലവ് 95,009 രൂപ 18% പിഴപ്പലിശ ചുമത്തി ഈടാക്കാനുള്ള പഞ്ചായത്തിന്റെ ശ്രമം ഫലിച്ചില്ല. പദ്ധതിയിൽ നാളിതുവരെ വെള്ളം ഒഴുകാത്തതിനാൽ ചെലവ് 95,009 രൂപ അടിയന്തിരമായി തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-05) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.9. I.8.(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

126. “1997-98 സാമ്പത്തിക വർഷത്തിൽ പുതൂർ പഞ്ചായത്തിലെ ഭവാനിപ്പുഴ ഇലച്ചിവഴി ജലസേചന പദ്ധതിയുടെ കൺവീനറായ ഇലച്ചിവഴി മൂല മകൻ ശശിധരൻ എന്നവർക്ക് ഇലച്ചിവഴി ജലസേചന പദ്ധതി പണിയുടെ അഡ്വാൻസ് സംഖ്യ ഉൾപ്പെടെ 10 എച്ച്.പി. മോട്ടോർ, പൈപ്പ്, അനുബന്ധ ഉപകരണങ്ങൾ സഹിതം പഞ്ചായത്തിൽ നിന്നും കൊടുത്തിട്ടുള്ള 95,009 രൂപ കൺവീനറിൽ നിന്നും പലിശ സഹിതം തിരിച്ചുപിടിക്കുന്നതിന് 1-8-2007 തീയതിയിലെ എ387/97 നമ്പർപ്രകാരം നോട്ടീസ് അയച്ചിട്ടുണ്ട്. ആയതിന്റെ സമയപരിധി കഴിയുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ”

127. ശശിധരൻ എന്ന കൺവീനർക്ക് ജലസേചന പദ്ധതിക്ക് 95,009 രൂപ നൽകിയത് തിരികെ ഈടാക്കിയോ എന്ന സമിതിയുടെ ചോദ്യത്തിന് എം.ബുക്കും, ബില്ലും ഇല്ലെന്ന മറുപടിയാണ് ടിയാൻ നൽകിയതെന്നും 28-7-2008-ൽ വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ടെന്നും എന്നാൽ കൈപ്പറ്റിയതായ രേഖകളൊന്നും കിട്ടിയിട്ടില്ല എന്നും പുതൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

128. കൺവീനർ ആദിവാസിയായതിനാലും വരുമാനം ഇല്ലാത്തയാളാണെന്നതിനാലും ആർ.ആർ. നടപടി സ്വീകരിച്ചില്ലെന്നും കരാർ കൺവീനറുടെ പേരിലാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

129. പഞ്ചായത്തിനുവേണ്ടി വാങ്ങിയ സാധനങ്ങൾ എവിടെയാണ് സ്ഥാപിച്ചതെന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് സാധനങ്ങൾ എവിടെ സ്ഥാപിച്ചു എന്ന് അറിയില്ലെന്നും 1997-98-ലെ സ്റ്റോക്ക് രജിസ്റ്റർ കണ്ടു കിട്ടിയിട്ടില്ലായെന്നും സെക്രട്ടറി അറിയിച്ചു. സാധനം നൽകിയതിന്റെ രേഖകൾ ഫയലിലുണ്ടെന്ന് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

130. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള എഞ്ചിനീയർ പ്രസ്തുത പ്രോജക്ട് പ്രായോഗികമല്ലെന്ന് റിപ്പോർട്ട് നൽകിയിട്ടും, അതിലേക്കായി സാധനങ്ങൾ വാങ്ങാൻ പണം നൽകിയത് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് വന്ന ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി. പദ്ധതിക്കായി വാങ്ങിയ സാധന സാമഗ്രികൾ പഞ്ചായത്തിലുണ്ടോയെന്ന് ഭൗതിക പരിശോധന നടത്തണമെന്നും സ്റ്റോക്ക് രജിസ്റ്റർ പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു. പ്രായോഗികമല്ലാത്ത പ്രോജക്ടിനായി സാധന സാമഗ്രികൾ വാങ്ങാൻ പണം നൽകിയ ബന്ധപ്പെട്ട സെക്രട്ടറി, പഞ്ചായത്തിനുണ്ടായ നഷ്ടത്തിനുത്തരവാദിയാണോയെന്ന് പരിശോധിച്ച് ഉത്തരവാദിയെങ്കിൽ ബാദ്ധ്യത നിർണ്ണയിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകുവാൻ ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചു. പ്രസ്തുത തുക, ഉത്തരവാദികളായവരുടെ കൈയ്യിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി പുതൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

131. സമിതിയുടെ നിർദ്ദേശാനുസരണം ഓഡിറ്റ്, പദ്ധതിയുടെ ഭൗതിക പരിശോധന നടത്തുകയും റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുകയും ചെയ്തു. ഓഡിറ്റിന്റെ റിപ്പോർട്ട് താഴെ പറയുംപ്രകാരമാണ് :

132. ഗ്രാമ പഞ്ചായത്തിന്റെ ഫയലിലെ രേഖകൾപ്രകാരം പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലെന്നും കൺവീനർക്കെതിരെ നടപടികൾ സ്വീകരിച്ചതായും കണ്ടു. പദ്ധതി പ്രദേശം സന്ദർശിച്ചപ്പോൾ ഓഡിറ്റിന് താഴെ പറയുന്ന വസ്തുതകൾ ബോദ്ധ്യപ്പെട്ടു.

പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണ്. 10 എച്ച്.പി. ടെക്സ്മോ കമ്പനിയുടെ മോട്ടോർ (സീരിയൽ നമ്പർ 48618) ഒരു മോട്ടോർ പുരയിൽ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരായ പ്രദേശത്തെ ഓരോ ഗുണഭോക്താവും തങ്ങളുടെ കൃഷിയുടെ ആവശ്യാനുസരണം മോട്ടോർ പ്രവർത്തിപ്പിക്കുന്നു. വൈദ്യുതി

ചാർജ്ജ് മീറ്റർ റീഡിംഗ് അടിസ്ഥാനമാക്കി കണക്കാക്കി ഒടുക്കിവരുന്നു. വൈദ്യുതി ബിൽ പരിശോധിച്ചപ്പോൾ വൈദ്യുതി കണക്ഷൻ (കൺസ്യൂമർ നമ്പർ 7427) സെക്രട്ടറിയുടെ പേരിലുള്ളതാണെന്ന് കണ്ടു. കൺവീനർ ശ്രീ. ശശിധരനെ നേരിൽ കേട്ടു. ഗ്രാമ പഞ്ചായത്തിൽനിന്ന് ലഭിച്ച മുൻകൂറും യന്ത്രസാമഗ്രികളും ഉപയോഗപ്പെടുത്തി മോട്ടോർ പുരയും ടാങ്കും അടക്കം നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചതായി കൺവീനർ ബോധിപ്പിച്ചു. ടി പ്രവൃത്തിയുടെ അവസാന ബില്ലും അളവു പുസ്തകവും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമായില്ല.

133. പദ്ധതി യഥാർത്ഥത്തിൽ പൂർത്തീകരിച്ചതാണെന്നും ആയത് പ്രദേശവാസികൾക്ക് ഇപ്പോഴും പ്രയോജനകരമാണെന്നും ബോദ്ധ്യപ്പെട്ടു. ഉപകരണങ്ങൾ പദ്ധതിക്കായിത്തന്നെയാണ് ഉപയോഗപ്പെടുത്തിയതെന്നും ബോദ്ധ്യമായിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ ഫയൽ പ്രാദേശിക പരിശോധനയിലും പരിശോധിച്ചു. മുൻകൂർ നൽകിയതിനുശേഷം മോട്ടോറും അനുബന്ധങ്ങളും വാങ്ങിയതിന്റെ ബിൽ കോപ്പികളാണ് ഫയലിൽ ഉള്ളത്. തുടർന്ന് കൺവീനർക്ക് റിക്കവറി നോട്ടീസ് അയച്ചതിന്റെ പകർപ്പ് അല്ലാതെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെയോ സെക്രട്ടറി വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പദ്ധതി പ്രവർത്തനക്ഷമമാക്കിയതിന്റെയോ വിവരങ്ങൾ ഫയലിൽ ഇല്ല. 13-8-2008-ലെ സമിതിയുടെ തെളിവെടുപ്പിനുമുമ്പായി 16-7-2008-ന് അയച്ച കത്ത് നമ്പർ പി3-938/08-നും 30-7-2008-ന് ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച മറുപടിയിലും പദ്ധതിക്കുവേണ്ടി പഞ്ചായത്ത് ചെലവഴിച്ച സംഖ്യ പലിശ സഹിതം തിരിച്ചടക്കുവാൻ കൺവീനർ ശ്രീ. ശശിധരന് 28-7-2008-ന് അന്തിമമായി നോട്ടീസ് നൽകിയതായാണ് അറിയിച്ചിരുന്നത്. പദ്ധതി നടപ്പായില്ല എന്ന് ഗ്രാമ പഞ്ചായത്ത് മറുപടി നൽകിയതിനാലാണ് സമിതിയുടെ തെളിവെടുപ്പ് യോഗത്തിനു മുമ്പായി പ്രാദേശിക പരിശോധന നടത്താതിരുന്നത്. നിയമസഭാ സമിതി മുമ്പാകെയും പഞ്ചായത്ത് നൽകിയ വിശദീകരണം ഇതുതന്നെയായിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

**134. ഭവാനിപ്പുഴ-ഇലച്ചിവഴി ജലസേചന പദ്ധതിക്കായി പഞ്ചായത്തിൽ നിന്നും കൺവീനർക്ക് നൽകിയ സമാഹരണ മുൻകൂർ, സാധനസാമഗ്രികളുടെ വിലയായ 73,759 രൂപ, എന്നിവ ഉൾപ്പടെ 95,009 രൂപ കൺവീനർ ശ്രീ. ശശിധരനിൽ നിന്നും തിരിച്ചുപിടിക്കുന്നതിന് 1-8-2007-ന് നോട്ടീസ് നല്കിയിട്ടുണ്ടെന്നും സമയപരിധി കഴിഞ്ഞും തുക തിരികെ അടച്ചില്ലെങ്കിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും സമിതിയെ അറിയിക്കുന്നതിനുമുൻപായി പ്രസ്തുത പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്നതു സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നുവെങ്കിൽ സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള മറുപടി സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകാതെ ശ്രദ്ധിക്കാമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. സമിതി മുൻകൈ എടുത്ത് ഓഡിറ്റ് വകുപ്പിനെക്കൊണ്ട് ഭൗതിക പരിശോധന നടത്തിയതിൽ നിന്നുമാണ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചതെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ഇതു വളരെ നിർഭാഗ്യകരമായ ഒരു അവസ്ഥയാണെന്നും ഏറ്റെടുക്കുന്ന പദ്ധതികളുടെ നിർവ്വഹണ വിവരങ്ങളോ പഞ്ചായത്തിന്റെ ആസ്തി വിവരങ്ങളോ കൃത്യമായി രേഖപ്പെടുത്തിവയ്ക്കുകയോ, സൂക്ഷിക്കുകയോ ചെയ്യാത്തതിനാലാണ് ഇപ്രകാരം ഒരു സംഭവം ഉണ്ടായതെന്ന്**

**സമിതി വിലയിരുത്തുന്നു. നിയമസഭാ സമിതിയുടെ നടപടികൾ ആരംഭിച്ചപ്പോഴെ ങ്കിലും പദ്ധതിയുടെ നിലവിലെ സ്ഥിതി പരിശോധിച്ചിരുന്നുവെങ്കിൽ പദ്ധതി പൂർത്തീകരിച്ചില്ലെന്നും തുക കൺവീനറിൽനിന്നും ഈടാക്കുന്നതാണെന്നുമുള്ള തരത്തിലുള്ള റിപ്പോർട്ട് സമിതിക്ക് നൽകുവാൻ ഇടയാകുമായിരുന്നില്ല. തെറ്റായ റിപ്പോർട്ട് സമിതിക്ക് നൽകിയ ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആരായണ മെന്നും മേലിൽ നിയമസഭാ സമിതിക്ക് മറുപടി നൽകുമ്പോൾ വസ്തുതകൾ പഠിച്ചതിനും പരിശോധിച്ചതിനും ശേഷം മാത്രമേ മറുപടി നൽകാവൂ എന്ന് നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

**പഞ്ചായത്തിന്റെ ആസ്തി വിവരങ്ങളും ഏറ്റെടുക്കുന്ന പദ്ധതികളുടെ നിർവ്വഹണ വിവരങ്ങളും വ്യക്തമായും കൃത്യമായും രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

**ഓഡിറ്റ് വകുപ്പ് നടത്തിയ ഭൗതിക പരിശോധനയിൽ പദ്ധതി പൂർത്തീകരിച്ചി ട്ടുണ്ടെന്നും ജനങ്ങൾക്ക് ആയത് പ്രയോജനപ്രദമാണെന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃ വിഹിതം അപഹരിച്ചു**

നിർവ്വഹണ ഉദ്യോഗസ്ഥർ പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുവാൻ നൽകിയ ഗുണഭോക്തൃ വിഹിതം അപഹരിച്ചു.

കാർഷിക മൃഗസംരക്ഷണ പദ്ധതികൾക്ക് 1999-2000-ൽ പിരിച്ച 33,399 രൂപ യാണ് പഞ്ചായത്ത് രസീത് പിരിവിന് ചുമതലപ്പെട്ട മൂന്ന് ഉദ്യോഗസ്ഥർ അപഹരിച്ചത്.

കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഇവർ തുക കൈപ്പറ്റിയതിന് രേഖയുണ്ട്. ധനാപഹരണം നടന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല.

കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും 33,399 രൂപ പലിശ സഹിതം ഈടാക്കി ധനാപഹരണം ഗൗരവമായി കണ്ട് ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-05) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.9. 1.8.(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

135. "1999-2000 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ വിഹിതം ധനാപഹരണം നടത്തിയത് 1. സി.എ. വേലായുധൻ, യു.ഡി.സി. 2. ടി. എ. രവി യു.ഡി.സി. 3. ഐ. പി. സുകുമാരൻ എൽ.ഡി.സി. എന്നീ ജീവനക്കാരാണെന്ന് കാണുന്നു. കുറ്റകൃത്യം സംബന്ധിച്ചും അവരവർ അടയ്ക്കേണ്ടുന്ന തുക സംബന്ധിച്ചും ഉള്ള 3-8-2007-ലെ കത്ത്/നോട്ടീസ് പ്രകാരം ടിയാൻമാർക്ക് നൽകുകയും വിവരം ബന്ധപ്പെട്ട മേലധികാരികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്".

136. പിരിച്ചെടുത്ത 33,399 രൂപ പഞ്ചായത്തിലെ രസീത് പിരിവിന് ചുമതല പ്പെടുത്തിയിരുന്ന മൂന്ന് ഉദ്യോഗസ്ഥർ തന്നെ അപഹരിക്കാനിടയായതുസംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ആ മൂന്ന് വ്യക്തികളിൽ ഒരാളായ ശ്രീ. ടി. എ. രവി, U.D.C സമിതി മുമ്പാകെ ഹാജരായിട്ടുണ്ടെന്ന് പുതൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വെളിപ്പെടുത്തി.

137. ആട് വിതരണവുമായി ബന്ധപ്പെട്ട ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൈയ്യിൽനിന്നുമാണ് വാങ്ങിയതെന്നും അന്ന് യു.ഡി. ക്ലാർക്കായിരുന്ന താൻ വാങ്ങിയ 8,936 രൂപ ജനറൽ പി.ഡി അക്കൗണ്ടിൽ അടച്ചിട്ടുണ്ടെന്നും എന്നാൽ പി.ഡി. അക്കൗണ്ടിന്റെ പാസ്സ് ബുക്കും ചെല്ലാൻ രസീതും പഞ്ചായത്തിൽ നിന്നും ലഭിച്ചില്ലെന്നും വി.പി.എഫ്. അക്കൗണ്ടിൽ പണം അടച്ചിട്ടില്ലെന്നുള്ളതാണ് ഓഡിറ്റ് പരാമർശം എന്നും പുതൂർ ഗ്രാമപഞ്ചായത്ത് മുൻ യു.ഡി. ക്ലാർക്ക് ശ്രീ. ടി. എ. രവി സമിതിയിൽ വ്യക്തമാക്കി.

138. പണം ജനറൽ പി.ഡി. അക്കൗണ്ടിൽ അടച്ചതിന്റെ രേഖയ്ക്കായി പഞ്ചായത്ത് ഓഫീസിലും, ട്രഷറിയിലും അന്വേഷിച്ചെങ്കിലും ലഭിച്ചില്ല എന്നും ടിയാൻ കൂട്ടിച്ചേർത്തു.

വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ശ്രീ. ടി. എ. രവി (യു.ഡി. ക്ലാർക്ക്) ശ്രീ. സി. എ. വേലായുധൻ, ശ്രീ. ഐ. പി. സുകുമാരൻ എന്നീ മൂന്നുപേരാണ് ബാദ്ധ്യതപ്പെട്ടവർ എന്ന് കാണിച്ച് 12-8-2008-ൽ പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അതിൽ ശ്രീ. സി. എ. വേലായുധൻ, മലപ്പുറം ജില്ലയിലെ മുഴുപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിൽ നിന്ന് റിട്ടയർ ചെയ്ത വ്യക്തിയാണെന്നും ശ്രീ. ഐ. പി. സുകുമാരൻ താൽക്കാലിക ജീവനക്കാരനാണെന്നും പാലക്കാട് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്സ് സമിതിയിൽ ബോധിപ്പിച്ചു.

139. ശ്രീ. ടി. എ. രവി തുക ബാങ്കിൽ അടച്ചതായ രേഖയുണ്ടെങ്കിൽ അത് ഒരു മാസത്തിനകം ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സമിതിയുടെ നിർദ്ദേശമനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ജനറൽ പി.ഡി. ക്യാഷ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് താഴെ പറയുന്ന വിവരം 17-2-2009-ലെ കത്തുപ്രകാരം സമിതിയെ അറിയിക്കുകയുണ്ടായി.

പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടിയിരുന്ന ഗുണവിഹിതം 33,399.00 രൂപയാണ്. ടി തുക താഴെ പറയുന്നവർ പിരിച്ചെടുത്തിട്ടുള്ളതാണ്.

| | | | |
|---|---|---|---|
| 1. ടി. എ. രവി | : | 8,936.00 | രൂപ |
| 2. സി. എ. വേലായുധൻ (റിട്ട.) | : | 18,563.00 | രൂപ |
| 3. ഐ. പി. സുകുമാരൻ (താൽക്കാലികം) | : | 5,900.00 | രൂപ |
| | | 33,399.00 | രൂപ |

ശ്രീ. ടി. എ. രവി 8,936.00 രൂപ ജനറൽ പി.ഡി. അക്കൗണ്ടിൽ വരവുവച്ചു എന്നാണ് സമിതി മുമ്പാകെ ബോധിപ്പിച്ചത്. എന്നാൽ റിപ്പോർട്ടിൽ പരാമർശിച്ച ഗുണ ഭോക്തൃ വിഹിതം ഇനത്തിൽ ജനറൽ പി.ഡി. അക്കൗണ്ടിൽ തുകയൊന്നും വരവില്ല എന്ന് ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.

140. 3/00-ലാണ് ശ്രീ. ടി. എ. രവി തുക പിരിച്ചിട്ടുള്ളത്. 3/00-ൽ ജി.പി.ഡി. ക്യാഷ് ബുക്കിലും, പാസ് ബുക്കിലും വരവൊന്നുമില്ല.

## നിഗമനങ്ങൾ/ശുപാർശകൾ

**141. ജനറൽ പി.ഡി. അക്കൗണ്ടിൽ പിരിച്ചെടുത്ത തുകയായ 8,936 രൂപ അടച്ചിട്ടുണ്ടെന്നുള്ള യു.ഡി. ക്ളാർക്കായ ശ്രീ. ടി. എ. രവിയുടെ വാദം ശരിയല്ലെന്ന് ഓഡിറ്റ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നും തുക ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ശ്രീ. ഐ. പി. സുകുമാരനെതിരെ R.R. നടപടിയിലൂടെ 5,900 രൂപയും പലിശയും ശ്രീ. വേലായുധന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും 18,563 രൂപയും പലിശയും ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി വിഹിതം 7.86 ലക്ഷം സ്വകാര്യ വ്യക്തികളിൽ**

ഗുണഭോക്തൃ സമിതി കൺവീനർമാരിൽ വർഷങ്ങളായി കിടക്കുന്ന പഞ്ചായ ത്തിന്റെ പദ്ധതി വിഹിതം 7,86,230 രൂപ തിരിച്ച് ഈടാക്കിയില്ല.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിവിധ മരാമത്ത് പണികളുടെ പേരിൽ 1998-99, 1999-2000, 2000-01, 2001-02 വർഷങ്ങളിൽ മുൻകൂറായി നൽകിയതാണ് തുക.

മുൻകൂർ നൽകിയശേഷം നാളിതുവരെ യാതൊരു പണിയും നടത്തിയിട്ടില്ല. പദ്ധതികളിൽ അധികവും കുടിവെള്ള വിതരണം പോലെ അടിയന്തിര പ്രാധാന്യമുള്ള തായിട്ടും പഞ്ചായത്ത് യഥാസമയം മോണിട്ടറിംഗ് നടത്തി പൂർത്തിയാക്കാൻ ശ്രമിച്ചില്ല.

1998-99, 1999-2000 വർഷങ്ങളിൽ നൽകിയ മുൻകൂറുകൾ തിരിച്ചടയ്ക്കാൻ 12/2000-ൽ കൺവീനർമാർക്ക് പഞ്ചായത്ത് നോട്ടീസ് നൽകിയെങ്കിലും ഫലം കണ്ടില്ല.

മുൻകൂർ നൽകിയ തുകയുടെ വിവരം :—

| മരാമത്ത് പണിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|
| (1) | (2) |
| I. 1998-99 ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 4, 5, 6 | |
| 1. മേലെ മഞ്ചിക്കണ്ടി കനാൽ നീട്ടൽ | 52,300 |
| 2. പാലൂർ ഊരിലേക്ക് കുടിവെള്ളം | 27,270 |
| 3. മേലെ തുടുക്കി കുടിവെള്ള പദ്ധതി | 16,756 |

| (1) | (2) |
|---|---|
| II. 1999-2000 ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 11, 12, 13, 15, 21, 22 | |
| 4. ചാത്തന്നൂർ കോളനി—ആദിവാസി കുടുംബങ്ങൾക്ക് കുടിവെള്ളം | 16,500 |
| 5. മൂലകൊമ്പ് കലുങ്ക്—റോഡ് അഭിവൃദ്ധി | 64,000 |
| 6. മേലെമുള്ളി ലിഫ്റ്റ് ഇറിഗേഷൻ | 93,500 |
| 7. മേലെ മുള്ളി ടി. വി. മുറി നിർമ്മാണം | 10,750 |
| 8. തടിക്കുന്ന് ഊര്—ശുദ്ധജല പദ്ധതി | 1,03,015 |
| 9. പൊട്ടിക്കൽ ഊര്—കുടിവെള്ള പദ്ധതി | 33,826 |
| III. 2000-01 ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 3, 4, 5, 6, 7 | |
| 10. തേക്കുപട്ട ഊര്—വീട് അറ്റകുറ്റപ്പണി | 17,500 |
| 11. കൊളപ്പടിക ഊര്—റ്റി.വി.മുറി നിർമ്മാണം | 10,750 |
| 12. കുറുക്കത്തിക്കല്ല് ഊര്—കുടിവെള്ളം | 20,500 |
| 13. പാടവയൽ ഊര്—കുടിവെള്ളം | 1,09,563 |
| 14. എടവാണി ആദിവാസി ഊര്—കുടിവെള്ളം | 44,775 |
| IV. 2001-02 ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 2, 3, 4, 5 | |
| 15. ഭൂതംപള്ളി കനാൽ അറ്റകുറ്റപ്പണി | 52,000 |
| 16. തേക്കുവട്ട കുടിവെള്ള പദ്ധതി | 15,225 |
| 17. കാരത്തൂർ എസ്.സി. കോളനി—ലിഫ്റ്റ് ജലസേചനം | 98,000 |
| ആകെ | 7,86,230 |

പൊതുപണം സ്വകാര്യ വ്യക്തികൾ വർഷങ്ങളായി കയ്യടക്കിയിരിക്കുന്നത് നിയമവിരുദ്ധമായതിനാൽ മുൻകൂറുകൾ 18 ശതമാനം പലിശ ചുമത്തി അടിയന്തിരമായി തിരിച്ച് ഈടാക്കേണ്ടതും വികസന നിഷേധം ഗൗരവമായി കാണേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-05) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.9. 1.8.(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :—

142. "1998-99, 1999-2000, 2000-01, 2001-02 വർഷങ്ങളിലെ ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി വിവിധ മരാമത്ത് പണികൾക്ക് മുൻകൂറായി വിവിധ കൺവീനർമാർക്ക് നൽകിയ അഡ്വാൻസ് തുക പലിശ സഹിതം തിരിച്ചുപിടിക്കുന്നതിനായി

1-8-2007 തീയതിയിലെ നോട്ടീസ് പ്രകാരം ബന്ധപ്പെട്ട കൺവീനർമാരെ അറിയിച്ചിട്ടുണ്ട്. നോട്ടീസിലെ സമയപരിധി കഴിയുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.”

143. കൺവീനർക്ക് മുൻകൂർ നൽകിയ തുക പലിശ സഹിതം ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ചോ എന്ന സമിതിയുടെ ചോദ്യത്തിന്, 17 കുടിവെള്ള പദ്ധതികളിൽ 13 എണ്ണത്തിന്റെ കൺവീനർമാർ ആദിവാസികളാണെന്നും അവർക്ക് കത്തയച്ചിട്ട് മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നും അതിൽ ഒരു കൺവീനർ ഫോറസ്റ്റ് ഗാർഡായി ജോലി കിട്ടി പറമ്പിക്കുളത്ത് ജോലി ചെയ്യുന്നുണ്ടെന്നും ടിയാന്റെ ഓഫീസിലേക്കും രജിസ്റ്റേർഡ് കത്ത് നൽകിയിട്ടുണ്ടെന്നും പുതൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

17 കൺവീനർമാർക്കെതിരെയും ആർ.ആർ. നടപടിയെടുത്ത് ഒരു മാസത്തിനകം നടപടിയുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

144. സമിതി നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ 17-3-2009-ലെ 27426/എ.ബി.3/08/ത.സ്വ.ഭ.വ. നമ്പർ കത്തിൽ പതിനാറ് കൺവീനർമാർക്കെതിരെ 2-8-2009 മുതൽ 17-8-2009 പ്രകാരം 10-11-2008-ന് ആർ.ആർ. നോട്ടീസ് നല്കിയതായും, ഒരു കൺവീനർ പ്രവർത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്തതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

നിഗമനങ്ങൾ/ശുപാർശകൾ

145. **പ്രവൃത്തി പൂർത്തീകരിക്കാത്ത 16 കൺവീനർമാർക്കെതിരെ സ്വീകരിച്ചു വരുന്ന ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കുന്നതോടൊപ്പം സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശങ്ങളും അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രേഖയില്ലാത്ത ചെലവ്**

പഞ്ചായത്ത് ഫണ്ടിൽ നിന്നും 26-3-1999-ന് പിൻവലിച്ച 98,622 രൂപയ്ക്ക് ചെലവ് രേഖയില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം ഓഡിറ്റ് അന്വേഷണത്തിലൂടെ രേഖ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. അതിനാൽ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ (96) ചട്ടം 12(2) പ്രകാരം രേഖയില്ലെന്ന് അനുമാനിക്കുന്നു.

രേഖയില്ലാത്ത ചെലവ് ധനാപഹരണമായതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 18 ശതമാനം പലിശ ചുമത്തി തുക ഈടാക്കി ശിക്ഷണ നടപടി സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-05) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.9. I.8.(iv)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

146. "രേഖയില്ലാത്ത ചെലവ് സംബന്ധിച്ച ധനാപഹരണത്തിന് ഉത്തരവാദിയായ ഡി. മധുസൂധനൻ നായർ സെക്രട്ടറിയുടെ പക്കൽ നിന്ന് 98,622 രൂപ ഈടാക്കുന്നതിന് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവർകളോട് 3-10-2007-ലെ കത്ത് പ്രകാരം നടപടി സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്."

147. 98,622 രൂപ രേഖയില്ലാതെ ചെലവ് ചെയ്തതിന് വിശദീകരണം ആരാഞ്ഞതിന് അന്നത്തെ സെക്രട്ടറി ട്രാൻസ്ഫറായി ആലപ്പുഴ ചേപ്പാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായി പോയെന്നും, ആലപ്പുഴ ഡി.ഡി.പി.ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അതിന് മറുപടി ലഭിച്ചിട്ടില്ലെന്നും പുതൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

148. തുക ഈടാക്കുന്നതിനായി മുൻ സെക്രട്ടറിയുടെ വീട്ടഡ്രസ്സിൽ നോട്ടീസ് അയച്ച് ആർ.ആർ. നടപടി സ്വീകരിക്കണമെന്നും അതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

149. സമിതി നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ 17-3-2009-ലെ 27426/എ.ബി.3/08/ത.സ്വ.ഭ.വ. നമ്പർ കത്തിൽ നഷ്ടോത്തരവാദിയായ മുൻ സെക്രട്ടറി മരണപ്പെട്ടതായും ടിയാന്റെ വീട്ടഡ്രസ്സ് ലഭിക്കുന്നതിലേക്ക് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

150. **98,622 രൂപയുടെ ചെലവ് സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ആയത് ഓഡിറ്റിന് ഹാജരാക്കണമെന്നും ഓഡിറ്റ് കണക്കുകൾ പരിശോധിച്ച് വിശദ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പട്ടികവർഗ്ഗ വീട് അറ്റകുറ്റപ്പണിയിൽ ക്രമക്കേട്**

പട്ടികവർഗ്ഗക്കാരുടെ വീട് അറ്റകുറ്റപ്പണിയിൽ ഗുരുതരമായ ക്രമക്കേട്

പദ്ധതി നിർദ്ദേശവും സർക്കാർ നിയമങ്ങളും പാലിക്കാതെ അറ്റകുറ്റപ്പണിയുടെ പേരിൽ നിർമ്മാണ സാധനങ്ങൾ വാങ്ങിയതിനാലാണിത്. 4,41,696 രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയത്.

വിവിധ ആദിവാസി ഊരുകളിലെ 217 വീടുകളുടെ അറ്റകുറ്റപ്പണിക്കാണ് 1997-98-ൽ പദ്ധതി അംഗീകരിച്ചത്. ഗുണഭോക്തൃ സമിതി രൂപീകരിച്ച് പണി നടത്തണമെന്ന് പദ്ധതിരേഖ നിർദ്ദേശിച്ചിരുന്നു. ഇത് പാലിക്കാതെയും എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ നിർമ്മാണ സാധനങ്ങളുടെ അളവ് നിർണ്ണയിക്കാതെയും സെക്രട്ടറി 3,03,916 രൂപയുടെ സാധനങ്ങൾ വാങ്ങി. പണി നടത്തിയുമില്ല.

1999-2000-ൽ പുതുക്കിയ പദ്ധതിയിൽ ഗുണഭോക്തൃ സമിതികളാണ് പണി നടത്തിയത്. വിവിധ ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് രൂപീകരിച്ച ഗുണഭോക്തൃ സമിതികൾ 3,36,810 രൂപയ്ക്ക് 167 വീടുകളുടെ അറ്റകുറ്റപ്പണി നടത്തിയതിന് രേഖയുണ്ട്.

അറ്റകുറ്റപ്പണിക്ക് ആവശ്യമായ സാധനങ്ങൾ ഗുണഭോക്തൃ സമിതികൾ നേരിട്ട് വാങ്ങിയതായി രേഖയുണ്ട്. ഇതിനിടയിലും സെക്രട്ടറി നേരിട്ട് സാധനങ്ങൾ വാങ്ങുന്നതിന് 1,37,780 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇഷ്ടിക, സിമന്റ്, മണൽ എന്നിങ്ങനെ വാങ്ങിയതായി പറയുന്ന സാധനങ്ങൾ എസ്റ്റിമേറ്റ് പ്രകാരം നിർണ്ണയിച്ചവയല്ല.

രണ്ട് വർഷങ്ങളിൽ സെക്രട്ടറി വാങ്ങിയ 4,41,696 രൂപയുടെ സാധനങ്ങൾ ഉപയോഗിച്ചതിന് രേഖയില്ല. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ ഇതിന് തെളിവാണ്.

അനാവശ്യമായി വാങ്ങിയ സാധനങ്ങളുടെ വില 4,41,696 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-05) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.9. I.8.(v)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

151. "അനാവശ്യമായി വാങ്ങിയ 4,41,696 രൂപയ്ക്ക് ഉത്തരവാദികളായ സെക്രട്ടറിമാരായ ശ്രീ. ഡി. മധുസൂധനൻ നായർ, എ. സുരേഷ്കുമാർ എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് ടിയാൻമാർക്ക് ബന്ധപ്പെട്ട ആഫീസ് മേധാവി മുഖാന്തിരം 3-10-2007-ലെ കത്ത് പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ടെന്നും മേൽനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ 3-10-2007-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതുമാണ്."

152. 4,41,696 രൂപയുടെ ക്രമക്കേടിനെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് കൺവീനർ ആവശ്യപ്പെട്ടതനുസരിച്ച് അറ്റകുറ്റപ്പണികൾക്കാവശ്യമായ സാധനങ്ങൾ പഞ്ചായത്ത് നേരിട്ട് വാങ്ങി നൽകിയതാണെന്നും, കരാറുണ്ടെന്നും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഉണ്ടെന്നും പുതൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. സുരേഷ്കുമാർ സമിതിയിൽ വ്യക്തമാക്കി.

153. പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഒരു മാസത്തിനകം ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. ഈ വിഷയത്തിൽ കൂടുതൽ തെളിവുകളൊന്നും ലഭിച്ചിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 17-2-2009-ലെ കത്തുപ്രകാരം സമിതിയെ അറിയിക്കുകയുണ്ടായി. ഉത്തരവാദിയായ സെക്രട്ടറിയുടെ ഔദ്യോഗിക മേൽവിലാസം ശ്രീ. കൃഷ്ണകുമാർ, സെക്രട്ടറി, കിളിമാനൂർ ഗ്രാമപഞ്ചായത്ത്, കിളിമാനൂർ പി.ഒ., തിരുവനന്തപുരം ആണെന്നും ഓഡിറ്റ് അറിയിച്ചിട്ടുണ്ട്.

നിഗമനങ്ങൾ/ശുപാർശകൾ

154. **പട്ടികവർഗ്ഗക്കാരുടെ വീട് അറ്റകുറ്റപ്പണിയിൽ അനാവശ്യമായി വാങ്ങിയ സാധനങ്ങളുടെ വിലയായ 4,41,696 രൂപ മുൻ സെക്രട്ടറി ശ്രീ. കൃഷ്ണ കുമാറിൽ നിന്നും ഗവൺമെന്റ് മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന മുൻ സെക്രട്ടറി ശ്രീ. മധുസൂദനൻ നായരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് മേൽ നടപടി കൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

മണ്ണൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്തവർക്ക് പദ്ധതി ആനുകൂല്യം**

പമ്പ് സെറ്റ് വിതരണം (ജനറൽ 1998-99) പദ്ധതിയിൽ ജി.ഒ.(പി.)220/97/ എൽ.എ.ഡി. തീയതി 2-10-1997-ന് വിരുദ്ധമായി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാ ത്തവർക്ക് ആനുകൂല്യം നൽകി. പദ്ധതി ചെലവ് 97,750 രൂപ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-05) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.9. I.9].

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

155. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഖണ്ഡിക 24-9-2004 ലെ A.260/04-ാം നമ്പർ രജിസ്റ്റേർഡ് കത്ത് പ്രകാരം ബന്ധപ്പെട്ട കൃഷി ആഫീസറായ ശ്രീ. എ. സി. സുനിൽകുമാറിനും 29-9-2004-ൽ നിലവിലുള്ള മണ്ണൂർ കൃഷി ആഫീസർക്കും അയച്ചു കൊടുത്തിരുന്നു. ആയതിന് ശ്രീ. എ. സി. സുനിൽകുമാർ 20-12-2004-ന് നൽകിയ മറുപടിയിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ആൾക്കാർക്ക് ആനുകൂല്യം നൽകിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെടുന്ന ആൾക്കാരുടെ ഗുണഭോക്തൃ ലിസ്റ്റിലെ ക്രമനമ്പരും വാർഡും ശ്രീ. എ. സി. സുനിൽകുമാർ നൽകിയ വിശദീകരണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കൃഷി ആഫീസർ ശ്രീ. എ. സി. സുനിൽകുമാർ നൽകിയ മറുപടിയും അതോടൊപ്പം ലഭിച്ച രേഖകളും പാലക്കാട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് മണ്ണൂർ ഗ്രാമപഞ്ചായത്ത് ആഫീസിലെ 29-1-2005-ലെ A1/260/2004 കത്ത് പ്രകാരം തുടർനടപടിക്കായി അയച്ചുകൊടുത്തിരുന്നു. പ്രാദേശിക പരിശോധനയിൽ ആയതിന്റെ നിജസ്ഥിതി ഒരിക്കൽ കൂടി പരിശോധിക്കുന്നതാണെന്നും, പരിശോധന ക്കായി രജിസ്റ്ററുകളും ഫയലുകളും തയ്യാറാക്കി വയ്ക്കണമെന്നും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 10-3-2005-ലെ P12-109/05 നമ്പർ കത്ത്പ്രകാരം അറിയി ച്ചിട്ടുണ്ട്.

156. ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധനയ്ക്ക് തയ്യാറാക്കി വെച്ചിട്ടുള്ളതായി മണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31-7-2007-ലെ A1/277/04 നമ്പർ കത്ത് പ്രകാരം പാലക്കാട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

1998 പ്രോജക്ടായിരുന്നവെന്നും അത് സ്പിൽ ഓവറായി 2000-2001-ൽ നടപ്പാക്കിയതാണെന്നും അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടവർക്കു തന്നെയാണ് പമ്പ് സെറ്റ് നൽകിയതെന്നും ഗ്രാമപഞ്ചായത്തു സെക്രട്ടറി സമിതിയെ അറിയിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

157. **അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടവർക്കു തന്നെയാണ് ആനുകൂല്യം നല്കിയതെന്ന വസ്തുത പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

### മങ്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സ്വകാര്യ എഞ്ചിനീയർക്ക് വേതനം**

കേരള പഞ്ചായത്തി രാജ് നിയമം (94)-180(7)(ബി) വകുപ്പിന് വിരുദ്ധമായി സ്വകാര്യ എഞ്ചിനീയർക്ക് മസ്റ്റർ റോൾ തയ്യാറാക്കി 'ഓഡിറ്റ് വർഷങ്ങളിൽ 32,375 രൂപ വേതനം നൽകിയതായി കാണുന്നു.' ചെലവ് നിയമവിരുദ്ധമായതിനാൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2004-05) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.9. I.10].

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

158. "ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ശ്രീ. ശ്രീധരൻ സെക്രട്ടറിക്ക് നൽകി മറുപടി ലഭ്യമാക്കി.

ഭരണസമിതിയുടെ 28-12-2004 തീയതിയിലെ 11-ൽ (10)-ാം നമ്പർ തീരുമാന പ്രകാരം 23-2-2005-ന് A1.257/4 നമ്പർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് ചെലവ് സാധൂകരണത്തിനായി അപേക്ഷിച്ചിട്ടുണ്ട്.

2000-2001-ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(6) പ്രകാരം ഇതേ വിഷയത്തിൽ 11,200 രൂപയ്ക്ക് സെക്രട്ടറി ശ്രീ. ശശിധരന് സർചാർജ്ജ് നോട്ടീസ് 26-10-2006 തീയതിക്ക് LF.10885/50. Cell./SC 49/2005 നമ്പരായി സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്."

159. പഞ്ചായത്തിൽ അപ്രന്റീസ് എഞ്ചിനീയർ ഇല്ലായിരുന്നുവെന്നും തിരക്കിട്ട് പദ്ധതികളുടെ നിർവ്വഹണം നടത്തേണ്ടതുണ്ടായിരുന്നുവെന്നും ദിവസവേതനത്തിന് ഉദ്യോഗസ്ഥരെ നിയമിക്കാമെന്നു നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് ഉണ്ടായിരുന്നതിനാലുമാണ് സ്വകാര്യ എഞ്ചിനീയറെ നിയമിച്ചതെന്ന് മങ്കര ഗ്രാമപഞ്ചായത്തു മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. അദ്ദേഹത്തിന് ഗവൺമെന്റ് അനുവദിച്ച റേറ്റിൽ മാത്രമേ പ്രതിഫലം നൽകിയിട്ടുള്ളൂവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

നിഗമനങ്ങൾ/ശുപാർശകൾ

160. **മങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം തൃപ്തികര മായതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

സി. എം. ദിനേശ് മണി,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2011 ഫെബ്രുവരി 23.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പാലക്കാട് ജില്ലാ ഗ്രാമപഞ്ചായത്ത് | 9 | ക്വട്ടേഷനുകളിൽ നൽകിയിരുന്ന റേറ്റുകളിൽ ഉള്ള വ്യത്യാസം ചൂണ്ടിക്കാണിക്കേണ്ടിയിരുന്നതും, പഞ്ചായത്തു കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തേണ്ടിയിരുന്നതും പഞ്ചായത്തു സമിതി തെറ്റായ തീരുമാനം കൈക്കൊണ്ടപ്പോൾ അതിനെതിരെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തേണ്ടിയിരുന്നതും, പഞ്ചായത്തുസെക്രട്ടറിയുടെ ഉത്തരവാദിത്വമായിരുന്നതിനാൽ കുഴൽ കിണർ നിർമ്മാണത്തിന് അധിക തുക നൽകുകവഴി പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് പൂർണ്ണ ഉത്തരവാദി സെക്രട്ടറിയാണെന്നും നഷ്ടം ഉണ്ടായിട്ടില്ലെന്ന് തെളിയിക്കുന്നതരത്തിൽ രേഖകകൾ ഒന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പാക്കിയ കാലഘട്ടത്തിലെ പഞ്ചായത്തു സെക്രട്ടറി ശ്രീ. പി. സി. ശങ്കരനിൽ നിന്നും നഷ്ടത്തുകയായ 80,571 രൂപ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പഞ്ചായത്തുപ്രസിഡന്റിന്റെ മേൽ ചുമത്തിയിരിക്കുന്ന നഷ്ടോത്തരവാദിത്വത്തിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |
| 2 | ,, | 13 | പഞ്ചായത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റിലോ കോൺട്രാക്ടർമാർ നൽകിയ ടെണ്ടറിലോ സി. പി. ഉൾപ്പെടുത്താതിരിക്കെ ടെണ്ടർ വിളിച്ചു നൽകിയ പ്രവൃത്തികൾക്ക് 10 ശതമാനം സി. പി. നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് സമിതിക്ക് വ്യക്തമാകുന്നില്ല. ടെണ്ടറുകൾ അംഗീകരിച്ചപ്പോൾ പഞ്ചായത്തു കമ്മിറ്റി സി.പി. നൽകുമെന്ന് വ്യക്തമാക്കിയിട്ടുമില്ല. ഈ സാഹചര്യത്തിൽ സി.പി. നൽകിയത് അനധികൃതമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ അനധികൃതമായി സി. പി. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നൽകുകവഴി പഞ്ചായത്തിനുണ്ടായ നഷ്ടമായ 45,413 രൂപ അന്നത്തെ പഞ്ചായത്തു സെക്രട്ടറി ശ്രീ. ടി. ശ്രീധരനിൽ നിന്നും ഈടാക്കുന്ന നടപടി ത്വരിതപ്പെടുത്തി അന്തിമ മറുപടി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 3 | പാലക്കാട് ജില്ലാ ഗ്രാമപഞ്ചായത്ത് | 15 | ഓഡിറ്റ് ഖണ്ഡിക പ്രകാരം, പഞ്ചായത്ത് ഫണ്ടിനുണ്ടായ 24,160 രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | ,, | 19 | തൊഴിൽ നികുതി ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 7,560 രൂപയും പലിശയും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ അന്നത്തെ സെക്രട്ടറിയായ ശ്രീമതി കെ. മാലിനിയുടെ ബാധ്യതയായി നിശ്ചയിച്ച് പ്രസ്തുത തുക ഈടാക്കി സമിതിയെ അടിയന്തിരമായി വിവരം അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 5 | ,, | 24 | കമ്മാള/കുശവ വിഭാഗം ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്നവരാണെങ്കിലും സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗമായതിനാൽ അവരിൽനിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതില്ലെന്ന പഞ്ചായത്തു തീരുമാനം അംഗീകരിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 6 | ,, | 26 | ഗവൺമെന്റ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 7 | ,, | 29 | ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി മാലിനിക്കെതിരെയുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തി അധികനിരക്കിൽ ചെലവഴിച്ച തുകയായ 30,903 രൂപ ഈടാക്കി പഞ്ചായത്തു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഫണ്ടിൽ ഒടുക്കണമെന്നും പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 8 | പാലക്കാട് ജില്ലാ ഗ്രാമപഞ്ചായത്ത് | 32 | കരാറുകാരൻ ശ്രീ. കെ. ഉസ്മാൻ കക്കാട്ടിലിന്റെ പേരിൽ സ്വീകരിച്ചിട്ടുള്ള ആർ. ആർ. നടപടി ത്വരിതപ്പെടുത്തി അഡ്വാൻസ് നൽകിയ 50,000 രൂപ പലിശ സഹിതം ഈടാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 9 | ,, | 34 | ബിറ്റുമിൻ വാങ്ങിയതിലെ ക്രമക്കേടിനുത്തരവാദിയായ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. രാജൻ, പഞ്ചായത്തിനുണ്ടായ നഷ്ടമായ 24,946 രൂപ 15-11-2008-ലെ രസീത് നമ്പർ 85/4516 പ്രകാരം പഞ്ചായത്തുഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 27-3-2009-ലെ എൽ.എഫ്. 1886/സ്പെ.സെൽ ജി2/09 കത്തുപ്രകാരം അറിയിച്ച സാഹചര്യത്തിൽ ഓഡിറ്റ് ഖണ്ഡികയിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 10 | ,, | 41 | 1998-99-ൽ ടെണ്ടർ ചെയ്ത 5 കുടിവെള്ള പദ്ധതികളെ സംബന്ധിച്ചുള്ള 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള വിഷയമാകയാൽ അടിയന്തരമായി ഈ പദ്ധതികളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയാക്കണമെന്നും കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 11 | ,, | 45 | രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നതിനാൽ നടീൽ വസ്തുക്കളുടെ വില ഈടാക്കണമെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 12. | പാലക്കാട് ജില്ലാ ഗ്രാമപഞ്ചായത്ത് | 49 | ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട വെറ്ററിനറി സർജൻ ശ്രീ. കെ. പി. ജോർജ്ജ് അവധിയിലാണെങ്കിലും സർവ്വീസിൽനിന്നും രാജി വെച്ചിട്ടില്ലാത്തതിനാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാവുന്നതാണെന്നും കോഴി വിതരണവുമായി ബന്ധപ്പെട്ട രേഖകൾ ശ്രീ. കെ. പി. ജോർജ്ജിനുശേഷം അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥ നായി ജോലി ചെയ്ത വെറ്ററിനറി സർജന് കൈമാറിയിട്ടുണ്ടോ എന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അന്വേഷണം നടത്താവുന്നതാണെന്നും സമിതി ചൂണ്ടിക്കാട്ടു ന്നു. രേഖകൾ ലഭ്യമല്ലെങ്കിൽ ശ്രീ. കെ. പി. ജോർജ്ജിന്റെ ബാദ്ധ്യത തുക തിട്ടപ്പെടുത്തി ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 13 | ,, | 54 | മുൻകൂർ നൽകിയ 49,450 രൂപയിൽ 9,950 രൂപയും മൊത്തം തുകയ്ക്കുള്ള പലിശയും ഇനി ഈടാക്കാനുണ്ടെന്ന് സമിതി മനസ്സിലാ ക്കുന്നു. മേൽപ്പറഞ്ഞ തുക പൂർണ്ണമായും ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 14 | ,, | 60 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖക ളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വിജിലൻസ് വകുപ്പിൽനിന്നും അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്നും ഓഡിറ്റ് വകുപ്പ് രേഖകൾ പരിശോധിച്ച് പദ്ധതിയുടെ ഭൗതിക പരിശോധനയും നടത്തി ആയതിന്റെ റിപ്പോർട്ട് നൽകണമെന്ന് സമിതി പരതൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ഓഡിറ്റ് വകുപ്പിനോടും നിർദ്ദേശിക്കുന്നു. |
| 15 | ,, | 62 | അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | പാലക്കാട് ജില്ലാ ഗ്രാമപഞ്ചായത്ത് | 66 | അനധികൃതമായി ചെലവഴിച്ച 28,200 രൂപ ഈടാക്കുന്നതിന് സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 17 | ,, | 71 | കുളം പുനരുദ്ധാരണവുമയി ബന്ധപ്പെട്ട് മൺപണിക്ക് അധികം നൽകിയതായ 2,585 രൂപ കരാറുകാരനിൽനിന്നും ഈടാക്കി സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 18 | ,, | 78 | സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയ നടപടി സാധൂകരിക്കുന്നതിനായി 18-9-2008-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ച സാഹചര്യത്തിൽ മേൽ പ്രവർത്തി സാധൂകരണം നൽകാവുന്നതാണെങ്കിൽ ആയത് നൽകുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. സാധൂകരണം നൽകുവാൻ സാധിക്കുകയില്ലെങ്കിൽ പ്രവർത്തന മൂലധനമായി നൽകിയ തുക എപ്രകാരം ഈടാക്കാമെന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ട് മേൽ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് സമിതി ശുപാർശ ചെയ്യുന്നു. |
| 19 | ,, | 82 | അധികം ചെലവാക്കിയ തുകയ്ക്ക് ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്തിന് അടിയന്തരമായി മറുപടി ലഭ്യമാക്കി ചെലവിന് സാധൂകരണം വാങ്ങുകയോ സർക്കാർ സാധൂകരണം ലഭ്യമായില്ലെങ്കിൽ പ്രസ്തുത തുക ഉത്തരവാദിയായ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ ചെയ്യണമെന്നും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 20 | പാലക്കാട് ജില്ലാ ഗ്രാമപഞ്ചായത്ത് | 93 | 1,86 കോടി രൂപയുടെ ഓഡിറ്റ് ഒബ്ജക്ഷൻ 1999-2000 മുതൽ 2000-01 വരെയുള്ള ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടും 1999, 2000, 2001 എന്നീ വർഷങ്ങളിലെ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടും, സമഗ്രമായ അന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്തിട്ടും, അഗളി ഗ്രാമ പഞ്ചായത്ത് അധികൃതരോ പഞ്ചായത്തു ഡയറക്ടറേറ്റോ ചെലവുകളെക്കുറിച്ച് അന്വേഷണം നടത്തുകയോ ഓഡിറ്റ് തടസ്സം നീക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയോ ചെയ്തില്ല എന്ന വസ്തുത എത്രമാത്രം ലാഘവത്തോടെയാണ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാരും കാണുന്നതെന്ന് വെളിവാക്കുന്നു. ഓഡിറ്റ് ഖണ്ഡിക സമിതി പരിശോധനയ്ക്കെടുത്തപ്പോൾപോലും, വൗച്ചറുകൾ ഓഡിറ്റിനായി തയ്യാറാക്കി വെച്ചിട്ടുണ്ടെന്നും ഇനിയും ലഭ്യമാകാത്തവ ഹാജരാക്കുന്നതിന് അതാതു നിർവ്വഹണോദ്യോഗസ്ഥന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുമല്ലാതെ അവ ഓഡിറ്റിനു ഹാജരാക്കി തടസ്സം നീക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തിനു ബോധിപ്പിക്കുവാൻ സാധിച്ചില്ല. ഓഡിറ്റിനെക്കൊണ്ട് ഭൗതിക പരിശോധന നടത്തുവാൻ സമിതി മുൻകൈ എടുത്തതുകൊണ്ടുമാത്രമാണ് പല പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും അവ ജനങ്ങൾക്ക് പ്രയോജനകരമായി പ്രവർത്തിക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരിൽ നിന്നും, വിവിധ പദ്ധതികൾ നടപ്പാക്കുവാൻ ചുമതലപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന്മാരിൽ നിന്നും ഇത്തരത്തിലുള്ള നിരുത്തരവാദപരമായ സമീപനം ഒട്ടും ആശാസ്യമല്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. രേഖകൾ ഓഡിറ്റിനു ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചെയ്യുന്നു. കൂടാതെ ഓഡിറ്റ് ഖണ്ഡികകളിലുൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിൽ അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br><br>ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്കുള്ള എല്ലാ വൗച്ചറുകളും ഓഡിറ്റിനു ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും വൗച്ചറുകൾ എല്ലാം പൂർണ്ണമായി സമർപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ വൗച്ചറുകൾ, അളവ് പുസ്തകങ്ങൾ, മറ്റ് അനുബന്ധ രേഖകൾ ഇവ ഹാജരാക്കുന്നതിന് വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് അതാതു പദ്ധതികൾക്കായി നൽകിയ തുകകൾ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 21. | പാലക്കാട് ജില്ലാ ഗ്രാമപഞ്ചായത്ത് | 97 | ജലവിതരണ പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ അടിയന്തരമായി ഓഡിറ്റിനു സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. രേഖകൾ പരിശോധിച്ച് വിശദവിവരം സമിതിക്ക് നല്കണമെന്ന് സമിതി ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | 102 | അടിയന്തരമായി കൺവീനർമാരിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട തുക ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 106 | 6.36 ലക്ഷം രൂപയുടെ ചെലവിൽ ഇനി ക്രമീകരിക്കാനുള്ള 49,464 രൂപയുടെ കണക്കുകൂടി അടിയന്തരമായി വൗച്ചറുകളും രേഖകളും ഹാജരാക്കി ക്രമീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 108 | ഗവൺമെന്റ് നല്കിയ മറുപടിയുടെ വെളിച്ചത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| | | 115 | അംഗീകാരം ലഭിക്കുന്ന പ്രോജക്ടിന് ചട്ട വിധേയമായിട്ടാണ് പണം നൽകേണ്ടതെന്ന് സമിതി ഉദ്യോഗസ്ഥരെ ഓർമ്മപ്പെടുത്തുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 118 | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| | | 121 | അടിയന്തരമായി തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 125 | കൺവീനർമാരിൽ നിന്നും തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 134 | ഭവാനിപ്പുഴ-ഇലച്ചിവഴി ജലസേചന പദ്ധതിയ്ക്കായി പഞ്ചായത്തിൽ നിന്നും കൺവീനർക്കു നൽകിയ സമാഹരണ മുൻകൂർ, സാധനസാമഗ്രികളുടെ വിലയായ 73,759 രൂപ, എന്നിവ ഉൾപ്പടെ 95,009 രൂപ കൺവീനർ ശ്രീ. ശശിധരനിൽ നിന്നും തിരിച്ചു പിടിക്കുന്നതിന് 1-8-2007-നു നോട്ടീസ് നല്കിയിട്ടുണ്ടെന്നും സമയപരിധി കഴിഞ്ഞും തുക തിരികെ അടച്ചില്ലെങ്കിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും സമിതിയെ അറിയിക്കുന്നതിനു മുൻപായി പ്രസ്തുത പദ്ധതി പ്രവർത്തികമായിട്ടുണ്ടോ എന്നതു സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നുവെങ്കിൽ സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള മറുപടി സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകാതെ ശ്രദ്ധിക്കാമായിരുന്നു വെന്ന് സമിതി അഭിപ്രായപ്പെടുന്നു. സമിതി മുൻകൈ എടുത്ത് ഓഡിറ്റ് വകുപ്പിനെക്കൊണ്ട് ഭൗതിക പരിശോധന നടത്തിയതിൽ നിന്നുമാണ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മനസ്സിലാക്കാൻ സാധിച്ചതെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ഇതു വളരെ നിർഭാഗ്യകരമായ ഒരു അവസ്ഥയാണെന്നും ഏറ്റെടുക്കുന്ന പദ്ധതികളുടെ നിർവ്വഹണ വിവരങ്ങളോ പഞ്ചായത്തിന്റെ ആസ്തി വിവരങ്ങളോ കൃത്യമായി രേഖപ്പെടുത്തി വെയ്ക്കുകയോ, സൂക്ഷിക്കുകയോ ചെയ്യാത്തതിനാലാണ് ഇപ്രകാരം ഒരു സംഭവം ഉണ്ടായതെന്ന് സമിതി വിലയിരുത്തുന്നു. നിയമസഭാ സമിതിയുടെ നടപടികൾ ആരംഭിച്ചപ്പോഴെങ്കിലും പദ്ധതിയുടെ നിലവിലെ സ്ഥിതി പരിശോധിച്ചിരുന്നുവെങ്കിൽ പദ്ധതി പൂർത്തീകരിച്ചില്ലെന്നും തുക കൺവീനറിൽ നിന്നും ഈടാക്കുന്നതാണെന്നുമുള്ള തരത്തിലുള്ള റിപ്പോർട്ട് സമിതിക്ക് നൽകുവാൻ ഇടയാകുമായിരുന്നില്ല. തെറ്റായ റിപ്പോർട്ട് സമിതിക്ക് നൽകിയ ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആരായണമെന്നും മേലിൽ നിയമസഭാ സമിതിക്ക് മറുപടി നൽകുമ്പോൾ വസ്തുതകൾ പഠിച്ചതിനും പരിശോധിച്ചതിനും ശേഷം മാത്രമേ മറുപടി നൽകാവൂ എന്ന് നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പഞ്ചായത്തിന്റെ ആസ്ഥി വിവരങ്ങളും ഏറ്റെടുക്കുന്ന പദ്ധതികളുടെ നിർവ്വഹണ വിവരങ്ങളും വ്യക്തമായും കൃത്യമായും രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഓഡിറ്റ് വകുപ്പ് നടത്തിയ ഭൗതിക പരിശോധനയിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ജനങ്ങൾക്ക് ആയത് പ്രയോജനപ്രദമാണെന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 141 | ജനറൽ പി.ഡി. അക്കൗണ്ടിൽ പിരിച്ചെടുത്ത തുകയായ 8,936 രൂപ അടച്ചിട്ടുണ്ടെന്നുള്ള യു.ഡി. ക്ളാർക്കായ ശ്രീ. റ്റി. എ. രവിയുടെ വാദം ശരിയല്ലെന്ന് ഓഡിറ്റ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നും തുക ഈടാക്കണമെന്ന് |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ശ്രീ. ഐ. പി. സുകുമാരനെതിരെ R.R നടപടിയിലൂടെ 5,900 രൂപയും പലിശയും ശ്രീ. വേലായുധന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും 18,563 രൂപയും പലിശയും ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 145 | പ്രവൃത്തി പൂർത്തീകരിക്കാത്ത 16 കൺവീനർമാർക്കെതിരെ സ്വീകരിച്ചുവരുന്ന ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കുന്നതോടൊപ്പം സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശങ്ങളും അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 150 | 98,622 രൂപയുടെ ചെലവ് സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ആയത് ഓഡിറ്റിന് ഹാജരാക്കണമെന്നും ഓഡിറ്റ് കണക്കുകൾ പരിശോധിച്ച് വിശദ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 154 | പട്ടിക വർഗ്ഗക്കാരുടെ വീട് അറ്റകുറ്റപ്പണിയിൽ അനാവശ്യമായി വാങ്ങിയ സാധനങ്ങളുടെ വിലയായ 4,41,696 രൂപ മുൻ സെക്രട്ടറി ശ്രീ. കൃഷ്ണകുമാറിൽ നിന്നും ഗവൺമെന്റ് മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന മുൻ സെക്രട്ടറി ശ്രീ. മധുസൂദനൻ നായരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് മേൽ നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 157 | അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടവർക്കുതന്നെയാണ് ആനുകൂല്യം നല്കിയതെന്ന വസ്തുത പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 160 | മങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം തൃപ്തികരമായതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |